# ഡിപ്ലോമ ഇൻ എലിമെന്ററി എജ്യൂക്കേഷൻ
# DIPLOMA IN ELEMENTARY EDUCATION D.El.Ed.

## സെമസ്റ്റർ – 1

**പേപ്പർ: 108 –** കല, പ്രവൃത്തി വിദ്യാഭ്യാസം – സമീപനവും പ്രയോഗവും

**പേപ്പർ: 109 –** ആരോഗ്യ–കായികവിദ്യാഭ്യാസം

## സെമസ്റ്റർ – 2

**പേപ്പർ: 208 –** കല, പ്രവൃത്തി വിദ്യാഭ്യാസം – ബോധനശാസ്ത്രം

**പേപ്പർ: 209 –** ആരോഗ്യ–കായികവിദ്യാഭ്യാസം

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
**2021**

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT

©
Department of Education
Government of Kerala

# ആമുഖം

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിവരുന്ന കേരളത്തിലെ എലിമെന്ററി അധ്യാപക പരിശീലന കോഴ്സ് ആയ ഡിപ്ലോമ ഇൻ എജ്യുക്കേഷൻ (ഡി.എഡ്) 2018 – 19 അധ്യയന വർഷം മുതൽ ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ (ഡി.എൽ.എഡ്) ആയി മാറിയിരിക്കുകയാണ്. എൻ.സി.ടി.ഇ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഉള്ളടക്കത്തിലും വിനിമയത്തിലും കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കോഴ്സിന്റെ പാഠ്യപദ്ധതി തയാറാക്കിയിട്ടുള്ളത്.

അധ്യാപക പരിശീലന പാഠ്യപദ്ധതി പരിഷ്ക്കരിക്കുമ്പോൾ ഇതു വിനിമയം ചെയ്യുന്നതിനാവശ്യമായ റഫറൻസ് സാമഗ്രികളുടെ അഭാവം പ്രശ്നമായി ഉയർന്നു വരാറുണ്ട്. ഇതു പരിഹരിക്കുന്നതിനുവേണ്ടി പാഠ്യപദ്ധതിയോടൊപ്പം അധ്യാപക വിദ്യാർഥികൾക്കുള്ള പഠനപിന്തുണാസഹായിയും എസ്.സി.ഇ.ആർ.ടി. തയാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥി സൗഹൃദ സ്വഭാവം പുലർത്തുന്നതും തുടർവായനയിലേക്കും അന്വേഷണത്തിലേക്കും നയിക്കുന്നതുമാണ് ഈ പഠനസഹായി. ഓരോ വിഷയത്തിലേയും പഠനത്തിനു സ്വീകരിക്കാവുന്ന അന്വേഷണ രീതികളും അവശ്യ വിവരങ്ങളും ഇതിലുണ്ട്. ഇതിൽ ഉള്ളടക്ക വിശദാംശങ്ങൾ, തുടർപ്രവർത്തനസൂചനകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനപിന്തുണാസഹായി കാര്യക്ഷമമായി ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. ജെ പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി

## Prepared by

1. **Sri. Hassan K**
   Lecturer, DIET Malappuram
2. **Sri. Prasad N**
   Lecturer, DIET Kollam
3. **Sri. Varghese Kalathil**
   Teacher Educator, GTTI (Men) Kannur
4. **Sri. Kunjiraman Puthussery Chathoth**
   Lecturer (Rtd.), DIET Ernakulam
5. **Sri. P.S. Mohan**
   Principal (Rtd.) DIET Pathanamthitta
6. **Sri. G. Stalin**
   Senior Lecturer, (Rtd) DIET Pathanamthitta
7. **Sri. Aji Kumar T**
   Lecturer, DIET Thiruvananthapuram
8. **Sri. Saju Thomas**
   Lecturer, DIET Kozhikode
9. **Sri. Thrivi K.N**
   Lecturer, DIET Kollam
10. **Sri. Vijaya Babu K.G**
    Lecturer, DIET Alappuzha
11. **Sri. Sanoj Kumar T.S**
    Teacher Educator, Govt. TTI (M) Manachira, Kozhikode

## Expert

1. **Sri. Saju Thuruthil**
   Assistant Professor & HOD, Dept. of Painting, Sree Sankaracharya University of Sanskrit
2. **Dr. Aji P.L**
   Assistant Professor & HOD, Dept. of Physical Education
   Govt. Sanskrit College, Thiruvananthapuram

## Subject Coordinators

**Dr. Ajeesh P.T**
Research Officer, SCERT

&

**Sri. Renjith Subhash**
Research Officer, SCERT

## Academic Coordinator

**Smt.Deepa.N.Kumar**
Research Officer, SCERT

# ഉള്ളടക്കം


## സെമസ്റ്റർ – 1

**പേപ്പർ – 108 കല, പ്രവൃത്തി വിദ്യാഭ്യാസം–സമീപനവും പ്രയോഗവും**

**ഭാഗം – 1 കലാ വിദ്യാഭ്യാസം**

യൂണിറ്റ് 1 – കലയും വിദ്യാഭ്യാസവും

യൂണിറ്റ് 2 – നാടകം – നടനം

**ഭാഗം – 2 പ്രവൃത്തി വിദ്യാഭ്യാസം**

യൂണിറ്റ് 1 – അധ്വാനവും മനുഷ്യപുരോഗതിയും

യൂണിറ്റ് 2 – പ്രവൃത്തി വിദ്യാഭ്യാസം – പ്രാധാന്യം, ലക്ഷ്യങ്ങൾ, ചരിത്രം, കാഴ്ചപ്പാടുകൾ, മനശ്ശാസ്ത്ര പശ്ചാത്തലം, സമീപനം

യൂണിറ്റ് 3 – പ്രവൃത്തി വിദ്യാഭ്യാസത്തിലെ വിഷയമേഖലകൾ

**പേപ്പർ – 109 ആരോഗ്യ–കായികവിദ്യാഭ്യാസം**

യൂണിറ്റ് 1 – ആരോഗ്യ-കായിക വിദ്യാഭ്യാസം പ്രസക്തിയും പ്രാധാന്യവും

യൂണിറ്റ് 2 – ആരോഗ്യശീലങ്ങളും ആഹാരശീലങ്ങളും

യൂണിറ്റ് 3 – എന്റെ വിദ്യാലയം

## സെമസ്റ്റർ – 2

**പേപ്പർ – 208 കല, പ്രവൃത്തി വിദ്യാഭ്യാസം – ബോധന ശാസ്ത്രം**

**ഭാഗം – 1 കലാ വിദ്യാഭ്യാസം**

യൂണിറ്റ് 1 – രേഖകൾ വർണങ്ങൾ

യൂണിറ്റ് 2 – ഗീതവും വാദ്യവും

യൂണിറ്റ് 3 – ക്യാമറയുടെ കല

**ഭാഗം – 2 പ്രവൃത്തി വിദ്യാഭ്യാസം**

യൂണിറ്റ് 1 – പ്രവൃത്തി വിദ്യാഭ്യാസം – പ്രൈമറി പാഠ്യപദ്ധതി

യൂണിറ്റ് 2 – ബോധനശാസ്ത്രപരമായ അപഗ്രഥനം

യൂണിറ്റ് 3 – പഠനോപകരണങ്ങളുടേയും സ്റ്റേഷനറി വസ്തുക്കളുടേയും നിർമാണവും മേളകളും

**പേപ്പർ – 209 ആരോഗ്യ–കായികവിദ്യാഭ്യാസം**

യൂണിറ്റ് 1 – നൈതിക വിദ്യാഭ്യാസവും ജീവിതനൈപുണികളും

യൂണിറ്റ് 2 – കായിക പ്രവർത്തനങ്ങൾ

യൂണിറ്റ് 3 – യോഗയും താളാത്മക ചലനങ്ങളും

# സെമസ്റ്റർ - 1

## <u>പേപ്പർ - 108</u>

## കല, പ്രവൃത്തി വിദ്യാഭ്യാസം– സമീപനവും പ്രയോഗവും

**ഭാഗം – 1 കലാ വിദ്യാഭ്യാസം**

യൂണിറ്റ് 1 - കലയും വിദ്യാഭ്യാസവും

യൂണിറ്റ് 2 - നാടകം - നടനം

**ഭാഗം – 2 പ്രവൃത്തി വിദ്യാഭ്യാസം**

യൂണിറ്റ് 1 - അധ്വാനവും മനുഷ്യപുരോഗതിയും

യൂണിറ്റ് 2 - പ്രവൃത്തി വിദ്യാഭ്യാസം - പ്രാധാന്യം, ലക്ഷ്യങ്ങൾ, ചരിത്രം, കാഴ്ചപ്പാടുകൾ, മനശ്ശാസ്ത്ര പശ്ചാത്തലം, സമീപനം

യൂണിറ്റ് 3 - പ്രവൃത്തി വിദ്യാഭ്യാസത്തിലെ വിഷയമേഖലകൾ

# യൂണിറ്റ് - 1
# കലയും വിദ്യാഭ്യാസവും

## ആമുഖം

മനുഷ്യജീവിതം ഇതര ജീവജാലങ്ങളുടേതിൽ നിന്ന് തികച്ചും ഭിന്നമാണ്. ജന്മവാസനാപ്രചോദിതമായി മാത്രം ജീവിതം നയിക്കുന്നവയാണ് മനുഷ്യനൊഴിച്ചുള്ള ജീവികളെല്ലാം തന്നെ. ജീവിത സാഹചര്യങ്ങളെ മാറ്റിമറിച്ചും സർഗാത്മകമായി ഇടപെട്ട് നവീകരിച്ചും കൊണ്ടാണ് മനുഷ്യൻ പുരോഗതിയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ജീവിതത്തെ നിറംപിടിപ്പിക്കുന്ന, പ്രതിസന്ധികളെ അതിജീവിക്കുന്നതിനു കരുത്തു പകരുന്ന വേദനകളെ സർഗാത്മകമായി ആവിഷ്ക്കരിക്കുന്ന നിരവധി കലാരൂപങ്ങൾ ഉദയം ചെയ്തു. "ശോകത: ശ്ലോകത്വമാഗത:" എന്നു പറയുന്നതുപോലെ സാഹിത്യമാകെ പരതിയാൽ 'കരുണമൊരു രസം താൻ'എന്നു കണ്ടെത്താൻ കഴിഞ്ഞേക്കും. ഭാരതീയാചാര്യന്മാർ 64 കലകളെ തരംതിരിച്ചു നിർണയിച്ചിട്ടുണ്ട്. അവയിൽ ചിലതു സുകുമാര കലകളും മറ്റുള്ളവ ദൈനംദിന ജീവിതത്തിനാവശ്യമായ കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ഇനങ്ങളുമാണ്. കല കലയ്ക്കു വേണ്ടിയാണോ കല ജീവിതത്തിനു വേണ്ടിയാണോ എന്നൊക്കെയുള്ള തർക്ക വിതർക്കങ്ങൾ ലോകത്തെല്ലായിടത്തുമുണ്ടായിട്ടുണ്ട്. 'കല ജീവിതം തന്നെ' യെന്ന് കുട്ടികൃഷ്ണമാരാർ സമർത്ഥിച്ചതും മലയാളിക്കു സുപരിചിതമാണ്. ആദ്യകാലത്ത് കല ജീവിതത്തിൽ നിന്നും വേർപെട്ടു നിന്നിരുന്നില്ല എന്ന് അനുമാനിക്കാം. ഫോക്ക് ആർട്ടുകളെല്ലാം നൽകുന്ന സൂചന അതാണ്. എന്നാൽ കലാസ്വാദനം ഒഴിവുസമയ വിനോദോപാധിയായി പിൽക്കാലത്തു മാറി. ഓരോ കലയും കൂടുതൽ സാങ്കേതികാംശങ്ങൾ ഉൾക്കൊണ്ട് തനിമയാർജിച്ച് വളർന്നതായും കാണാം. കലാകാരൻ സവിശേഷസിദ്ധിയുള്ളവരായി, സർഗാത്മകശേഷിയിൽ അനുഗ്രഹിക്കപ്പെട്ടവരായി കരുതപ്പെടുന്നു. കലയിൽ മാത്രമല്ല എല്ലാ മേഖലകളിലും സർഗാത്മകതയ്ക്കിടമുണ്ടെന്ന് ഇപ്പോൾ പരക്കെ അംഗീകരിക്കപ്പെടുന്നു.

അന്നവും വസ്ത്രവും മറ്റു ജീവിതസൗകര്യങ്ങളും മാത്രമല്ല കലാപരമായ ആസ്വാദനവും പ്രകടനവും ചേർന്നതാണ് മനുഷ്യജീവിതം. വിദ്യാഭ്യാസമാകട്ടെ സമൂഹത്തിൽ ജീവിക്കാനാവശ്യമായ എല്ലാത്തരം കഴിവുകളും, അറിവുകളും നേടുന്നതിനായി രൂപകല്പനചെയ്തതാണ്. അതുകൊണ്ട് കലാപരമായ ആസ്വാദന പ്രകടനങ്ങളെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള പാഠ്യപദ്ധതി അചിന്ത്യമാണ്. ആ തിരിച്ചറിവുകൊണ്ടുതന്നെ ലോകത്തെല്ലായിടത്തും പാഠ്യപദ്ധതിയിൽ കലയും പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

അധ്യാപകവിദ്യാർത്ഥികൾക്ക് കലാവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം, ബോധനശാസ്ത്രം ഇവയെക്കുറിച്ച് ധാരണ ലഭിക്കേണ്ടതുണ്ട്. പ്രാദേശികമായ വൈദഗ്ദ്ധ്യം, എക്സ്പെർട്ടുകളുടെ സേവനം ഇവയൊക്കെ ആവശ്യമാണെങ്കിലും പൊതുവിഷയങ്ങളുടെ അധ്യാപകർക്ക് കലാധ്യാപനം പരിചിതമാകണം. ചില ക്ലാസുകൾ എടുത്ത് പരിശീലനം നേടുകയും വേണം. അതിനുതക്കവിധത്തിലാണ് കലാപാഠ്യപദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്. സംഗീതം, ചിത്രകല, നാടകം, നൃത്തം, സിനിമ ഇവയാണ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### പഠനനേട്ടം : 1

നിത്യജീവിതത്തിൽ കലയുടെ പ്രാധാന്യം, വിശദീകരിക്കുന്നു.

നിങ്ങൾ എപ്പോഴാണ് നിങ്ങളോടു തന്നെ ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളത്. മിക്കപ്പോഴും ജീവിതത്തിൽ ചില പ്രയാസങ്ങൾ നേരിടുന്ന സന്ദർഭത്തിലല്ലേ ഇത്തരം സ്വയം ചോദ്യങ്ങൾ നാം ഉയർത്തുന്നത്. എങ്കിൽ നിങ്ങൾ നിങ്ങളോടു ചോദിച്ചിട്ടുള്ള ഏതാനും ചോദ്യങ്ങൾ ഓർത്തെടുക്കുകയാണെങ്കിൽ ഏതെല്ലാമായിരിക്കും ആ ചോദ്യങ്ങൾ?

- 
- 
- 

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമോ പരിഹാരമോ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലും ജീവിതം ഒരു നദിപോലെ മുമ്പോട്ട് ഒഴുകിക്കൊണ്ടിരിക്കില്ലേ? ഇത്തരം ചോദ്യങ്ങൾ ചോദിച്ച് മുന്നേറാൻ കഴിയുന്ന മനുഷ്യന്റെ ചിന്തയുടെ സവിശേഷതയാണ് ജീവിതത്തേയും ലോകത്തേയും നവീകരിച്ചു കൊണ്ടിരിക്കുന്നത്. ചിന്തയിലെ നവീകരണവും അതിന്റെ ഭാഗമായ പ്രശ്നപരിഹരണോപാധികളും സാധ്യമാകുന്നത് മനുഷ്യന്റെ സർഗാത്മക ശേഷിയുടെ ഫലമായാണ്. ജീവിതത്തെ ക്രിയാത്മകമായി മനുഷ്യന് ആവിഷ്കരിക്കാൻ കഴിയുന്നതും ഈ സർഗാത്മക ശേഷിയുടെ ശക്തിയാണ്.

നിത്യജീവിതത്തിൽ ഏതെല്ലാം സന്ദർഭങ്ങളിലാണ് കലാപരമായി നാം ആവിഷ്കാരങ്ങൾ നടത്തുന്നത്? വ്യക്തിജീവിതത്തിൽ, കുടുംബ ജീവിതത്തിൽ, സാമൂഹിക ജീവിതത്തിൽ എന്നിങ്ങനെ വേർതിരിച്ച് പരിഗണിക്കുമ്പോൾ കലാപരമായി നാം ആവിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം മേഖലകളിലാണ് ഉൾപ്പെടുന്നത്?

- വാസസ്ഥലം
- ഭക്ഷണം
- വസ്ത്രം
- തൊഴിൽ
- വിനോദങ്ങൾ
- ആഘോഷങ്ങൾ

മറ്റ് ഏതെല്ലാം നിങ്ങൾക്ക് കൂട്ടിച്ചേർക്കാൻ കഴിയും?

- 
- 
- 

തൂക്കനാം കുരുവിയുടെ കൂട് നിങ്ങൾ കണ്ടിട്ടില്ലേ? ആരായിരിക്കും ഇത്രകലാപരമായി കൂട് നിർമിക്കാൻ അവയെ പഠിപ്പിച്ചത്?

കുരുവിയുടെ കുഞ്ഞുങ്ങൾക്കും ഇതിന് കഴിയില്ലേ?

ഇതിന്റെ പിന്നിലെ രഹസ്യം എന്തായിരിക്കും?

നൈസർഗികമായ സവിശേഷതകളല്ലേ കലാപരമായ സൃഷ്ടികളുടെ പിന്നിലെ സർഗശക്തി.

മറ്റേതെല്ലാം ജീവികളാണ് കലാപരമായി വാസസ്ഥലം ഒരുക്കുന്നത്?

എങ്കിൽ മനുഷ്യൻ അവന്റെ വാസസ്ഥലമായ വീടൊരുക്കുന്നതിൽ കലാപരമായ എന്തെല്ലാം സവിശേഷതകൾ പരിഗണിക്കുന്നുണ്ട്?

- രൂപകല്പന - രൂപങ്ങൾ വരച്ച് ആശയം തിട്ടപ്പെടുത്തൽ
- നിർമ്മാണം - വൈവിധ്യമാർന്ന വസ്തുക്കൾ തെരഞ്ഞെടുക്കുന്നു
- അകമൊരുക്കൽ - ഓരോമുറികളും ഇണക്കമുള്ള സാമഗ്രികൾ ഉപയോഗിച്ച് ക്രമീകരിക്കൽ
- നിലം വിരിക്കൽ - വിവിധ രൂപ ഘടനയിൽ
- നിറം നൽകൽ - വൈവിധ്യമാർന്ന വർണങ്ങൾ സംയോജിപ്പിച്ച് മനോഹരമാക്കൽ

മനുഷ്യന്റെ സൗന്ദര്യ ബോധമാണ് കലാപരമായി വീടുകളെ വാസ്തു ശില്പങ്ങളാക്കിമാറ്റുന്നത്. അവ ഉറങ്ങാനൊരിടം എന്നതിനപ്പുറത്തേയ്ക്ക് സൗന്ദര്യ സങ്കല്പങ്ങളുടെ ആവിഷ്ക്കാരങ്ങളായി മാറുന്നു.

■ ഭക്ഷണകാര്യത്തിലും കലാബോധം നമ്മെ ഏറെ സ്വാധീനിച്ചിരിക്കുന്നു.

- രുചിഭേദങ്ങളിൽ, പാചകം ചെയ്തെടുക്കുന്ന വിദ്യയിൽ
- നിറം, മണം എന്നിവ പരിഗണിച്ച് ആകർഷകമായ പാചകം.

- ആകർഷകവും വൈവിധ്യവുമായ രീതിയിൽ പാചകം ചെയ്യുന്ന രീതികൾ
- പാചകം ചെയ്ത ഭക്ഷണത്തിന്റെ ക്രമീകരണം.

മനുഷ്യരുടെ സൗന്ദര്യപരമായ ആവിഷ്കാരമായി പാചകം മാറിയപ്പോൾ ആ പ്രക്രിയയും പ്രവർത്തനങ്ങളും പാചക കലയായി മാറി.

വസ്ത്രനിർമാണത്തിലും ഉപയോഗത്തിലും കലാപരമായ ഏതെല്ലാം ഗുണസവിശേഷതകളാണ് നാം പരിഗണിച്ചിട്ടുള്ളത്.

- രൂപകല്പനയിൽ
- നിറവ്യത്യാസത്തിൽ
- വസ്ത്രധാരണ രീതിയിൽ

ഇനി എന്തെല്ലാം ഇതിൽ ഉൾപ്പെടുത്താൻ കഴിയും?

തൊഴിൽ സംബന്ധമായി ഏർപ്പെടുന്ന കാര്യങ്ങളിൽ കലാപരമായ ശേഷികൾ എവിടെയെല്ലാമാണ് പ്രകടമാകുന്നത്?

- പരമ്പരാഗതമായ തൊഴിലുകളിൽ
- ആഭരണ നിർമാണം
- ഉപകരണ നിർമാണം
- കരകൗശല വസ്തുക്കൾ
- കൃഷി, നിലമൊരുക്കൽ
- മൺപാത്ര നിർമാണം
- ശില്പ നിർമാണം

ഇനിയുമെന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്ക് പറയാനാകും?

ആഘോഷങ്ങളിലും വിനോദങ്ങളിലും സർഗാവിഷ്കാരങ്ങളുടെ പ്രകടനമാണ് നടക്കുന്നത്?

വിവാഹം, ജന്മദിനം തുടങ്ങിയ സന്ദർഭങ്ങളിൽ വേദി ഒരുക്കൽ, ഗാനാലാപനം, നൃത്ത പ്രകടനങ്ങൾ തുടങ്ങി വിനോദവേളകളിൽ അഭിനയ രൂപങ്ങളും കലാപരമായി അവതരിപ്പിക്കുന്നു.

മനുഷ്യരുടെ ആവിഷ്കാരശേഷിയും ആസ്വാദനശേഷിയും ഒന്നിച്ച് ചേർന്ന് അനുഭൂതികൾ സൃഷ്ടിക്കുമ്പോഴാണ് കലയുടെ ഓരോ അംശവും സംയോജിപ്പിച്ച് ജീവിതത്തെ നമ്മൾ നവീകരിച്ചുകൊണ്ടിരിക്കുന്നത്.

- നിത്യജീവിതത്തിൽ കലയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ചർച്ചയിൽ നിങ്ങൾ പരിചയപ്പെട്ട ഏതെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തും?

### പഠനനേട്ടം: 2

കലയുടെ ലഘുചരിത്രം സംസ്കാരവുമായുള്ള ബന്ധം തിരിച്ചറിയുന്നതിന്.

മാനവിക ചരിത്രത്തോളം പഴക്കമുണ്ടാകില്ലേ കലയുടെ ചരിത്രത്തിനും? എന്തുകൊണ്ടായിരിക്കാം ഇത് രണ്ടും പരസ്പരം ബന്ധം പുലർത്തുന്നത്?

മനുഷ്യരിൽ മാത്രം കാണുന്ന ഒരു പ്രത്യേക സവിശേഷതയാണ് സംസ്കാരം. ജീവിതചര്യയിലും പെരുമാറ്റ രീതിയിലുമെല്ലാം അത് നിലനിൽക്കുന്നു. മനുഷ്യ സംസ്കാരത്തിന്റെ പ്രതിഫലനങ്ങളെല്ലാം

ജീവിത വ്യാപാരങ്ങളിലും കാണാവുന്നതാണ്. കൃഷി, വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ധർമ്മങ്ങൾ, നിയമങ്ങൾ, ഭാഷ, കലാസൃഷ്ടികൾ, സ്ഥാപനങ്ങൾ ഉപകരണങ്ങൾ, സാങ്കേതിക വിദ്യകൾ, ആശയങ്ങൾ എന്നിവയൊക്കെ സംസ്കാരത്തിന്റെ സാക്ഷ്യങ്ങളാണ്. ഇവയുമായുള്ള മനുഷ്യന്റെ സമ്പർക്കത്തിൽ നിന്ന് ഉടലെടുത്ത അമൂർത്ത ചൈതന്യമാണ് സംസ്കാരം. മനുഷ്യനെ മറ്റുജീവജാലങ്ങളിൽ നിന്നും വേർതിരിക്കുന്നതും ഈ സംസ്കാര സവിശേഷതയാണ്.

മാനവചരിത്രം പരിശോധിക്കുമ്പോൾ മനസ്സിൽ തെളിഞ്ഞുവരുന്ന കാര്യങ്ങൾ എന്തൊക്കെയാവാം?

ശിലായുഗം, ലോഹയുഗം എന്നീ ആശയങ്ങൾ അതിൽ ഉൾപ്പെടില്ലേ? ആയുധങ്ങൾ ഉപയോഗിച്ച് ആവശ്യങ്ങൾ നിവർത്തിക്കാൻ തുടങ്ങിയതോടെ മനുഷ്യന്റെ ചരിത്രം നിർണയിച്ചു. കൂട്ടായ ജീവിതത്തിന്റെ ഫലമായി മനുഷ്യനിൽ സാമൂഹിക ബോധം വളർന്നു. അത് സംസ്കാരത്തിന്റെ അടിത്തറ സൃഷ്ടിച്ചു. മറ്റെല്ലാ ജീവികളും സമൂഹമായി ജീവിക്കുന്നുണ്ടെങ്കിലും മനുഷ്യരുടെ ബോധമണ്ഡലം സമൂഹത്തിന്റെ ഭാഗമായ സംസ്കാര സവിശേഷതകൾ രൂപപ്പെടുത്തി. ഇതിന് പ്രേരകമായത് മനുഷ്യന്റെ സർഗശക്തിയാണ്.

കാലത്തിന്റെ പരിണതികൊണ്ട് പുരോഗമിക്കുന്ന ഒരേയൊരു ജീവിയാണ് മനുഷ്യൻ. അധ്വാനത്തിന്റെ പുതിയ മുഖങ്ങൾ അവന്റെ ശക്തികേന്ദ്രങ്ങളാണ്. കിട്ടുന്നതുകൊണ്ട് വിശപ്പടക്കിയ കാലം, പിന്നിട്ട്, ഭൂമിയിൽ വിയർപ്പൊഴുക്കി ജീവനുണർത്താൻ അവൻ ശ്രദ്ധിച്ചു. മണ്ണിനോടുള്ള ബന്ധത്തിലാണ് മനുഷ്യവളർച്ചയുടെ വേരുകൾ ആഴ്ന്നിറങ്ങുന്നത്.

ഒറ്റ തിരിഞ്ഞു നടക്കുകയായിരുന്ന ആദിമ മനുഷ്യർ പ്രകൃതിയുടെ വിഭവങ്ങൾ അവർ കൈയെത്തിപ്പിടിച്ചു. ഒരു തുരുത്തിൽ നിന്നും മറ്റൊന്നിലേയ്ക്ക് പ്രയാണം ചെയ്തു. എങ്ങും താവളമുറപ്പിച്ചില്ല ഒടുവിൽ ഭൂമിയുടെ ഫലസമൃദ്ധി ഒരത്ഭുതമായി മനസ്സിൽ നിറഞ്ഞപ്പോൾ അധ്വാനിക്കാൻ പ്രേരണയുണ്ടായി. ആ മേഖല മനുഷ്യർക്ക് ഒരുമിക്കാൻ അവസരമൊരുക്കി. അതോടെ ആശയവിനിമയവും വികാരങ്ങളുടെ പങ്കുവയ്ക്കലും ജീവിതാവശ്യമായിത്തീർന്നു. ഈ ഹൃദയ ബന്ധത്തിന്റെ മാധുര്യമുൾക്കൊണ്ടാണ് കലകൾ വികസിച്ചത്. മനുഷ്യജീവിതത്തിന് അത് കുടുതൽ അർഥവും ആഴവും പ്രദാനം ചെയ്തു, സ്വാർഥതയുടെ ലോകങ്ങളിൽ നിന്നും സമഭാവനയുടെ ശാദ്വല ഭൂമികയിലേയ്ക്കുള്ള പരിണാമം.

ഈ പരിണാമത്തിന്റെ കഥയാണ് മനുഷ്യ സംസ്കാര ചരിത്രം ഉൾക്കൊള്ളുന്നത്. സാമൂഹ്യ ചിന്തയുടേയും സമത്വ ബോധത്തിന്റെയും വെളിച്ചത്തിലാണ് യഥാർത്ഥമനുഷ്യവളർച്ചയുടെ മനോഹര ചിത്രങ്ങൾ ദൃശ്യമാകുന്നത്.

കലയും സംസ്കാരവും തമ്മിലുള്ള ബന്ധം വിത്തും വൃക്ഷവും പോലെയാണ്. വിത്തിൽ നിന്ന് വൃക്ഷമുണ്ടാകുന്നു വൃക്ഷത്തിൽ നിന്ന് വിത്തും. മനുഷ്യവളർച്ചയുടെ സൃഷ്ടിയാണ് കല. കാലങ്ങളായി മനുഷ്യർ ആർജിച്ച വികാസത്തിന്റെ ചൈതന്യമത്രയും അതുൾക്കൊള്ളുന്നു. അതോടൊപ്പം കല മനുഷ്യ സംസ്കാരത്തിന്റെ സ്രഷ്ടാവുമാണ്. താളബോധവും നാദഭംഗിയും വർണ സൗന്ദര്യവും തിരിച്ചറിയാൻ കഴിയാത്ത ഒരു ജനത ഒരിക്കലും പുരോഗതി പ്രാപിക്കുകയില്ല. കാലത്തെ വെല്ലുന്ന കരുത്താർജിക്കാൻ മനുഷ്യ സമൂഹത്തിന് പ്രാപ്തി നൽകുന്നത് കല തന്നെയാണ്. കലയും സംസ്കാരവും പരസ്പര പൂരകമായി നിലകൊള്ളുന്നു. കലയെക്കുറിച്ചുള്ള പഠനം മനുഷ്യ സംസ്കാരത്തിന്റെ ചൈതന്യ കേന്ദ്രത്തിൽ നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു. സംസ്കൃതമായ മനസ്സ് കലാസൗന്ദര്യത്തിനുവേണ്ടി കണ്ണുകൾ തുറക്കുകയും ചെയ്യുന്നു.

പ്രകൃതിശക്തികളെ പ്രീതിപ്പെടുത്താനും വന്യമൃഗങ്ങളെ മെരുക്കാനും കലപ്രയോജനപ്പെട്ടിരുന്നു. പ്രകൃതി പ്രതിഭാസങ്ങളിൽ മനുഷ്യൻ കലയുടെ വിവിധ ഭാവങ്ങൾ ദർശിച്ചു. ഇവയിൽ നിന്നും പ്രചോദനം ലഭിച്ച മനുഷ്യർ ചുവട് വയ്ക്കുന്നതിലും ശബ്ദം പുറപ്പെടുവിക്കുന്നതിലും ചിത്രം രചിക്കുന്നതിലും കൂടി കലയുടെ ആദിമരൂപങ്ങൾക്ക് ജന്മം നൽകി.

മനുഷ്യർ അവന്റെ മാനസികോല്ലാസത്തിനുവേണ്ടിയാണ് കല ആവിഷ്ക്കരിച്ചത്. കാല്പനിക ലോകത്തിന്റെ നിർമിതിയാണ് കല എന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും മനുഷ്യന്റെ ജീവിതാനുഭവത്തിന്റെ സമഗ്രവും മൂർത്തവുമായ ആവിഷ്ക്കരണമാണ് കലാരൂപങ്ങൾ. മനുഷ്യ മനസ്സിൽ ജന്മനാ കുടികൊണ്ടിരിക്കുന്ന കലാവാസന വിഭിന്ന രൂപത്തിലും ഭാവത്തിലുമാണ് പ്രകടമാക്കുന്നത്. സന്തോഷം വരുമ്പോൾ തുള്ളിച്ചാടാനും ഭംഗിയുള്ള വസ്തുക്കൾ കാണുമ്പോൾ സന്തോഷിക്കാനും മന്ദ്രമധുരമായ സംഗീതം കേൾക്കുമ്പോൾ ആനന്ദിക്കുവാനുമുള്ള കഴിവ് മനുഷ്യന് ജന്മനാൽ ലഭിച്ചിട്ടുള്ളതാണ്. കല എന്ന പദത്തിന് ഇംഗ്ലീഷിൽ ആർട്ട് എന്ന് പറയുന്നു. 'ആർസ്' എന്ന ലാറ്റിൻ പദത്തിൽ നിന്നുമാണ് കല എന്നർഥം വരുന്ന ആർട്ട് എന്ന പദം ഉടലെടുത്തത്. സംസ്കൃതഭാഷയിൽ കലയ്ക്ക് ശില്പം എന്നർഥം കല്പിച്ചിട്ടുണ്ടെങ്കിലും ആഹ്ലാദം നൽകുന്നത് എന്നർഥത്തിൽ ഉപയോഗിക്കുന്ന 'കംലാതി' എന്ന സംസ്കൃത ശബ്ദത്തിൽ നിന്നാണ് കല എന്ന സംജ്ഞ ഉദ്ഭവിച്ചത്.

**കലയുടെ ഉത്ഭവം :**

ശിലായുഗത്തിലെ ആദിമ മനുഷ്യരുടെ ജീവിതവൃത്തി വേട്ടയാടലായിരുന്നു. വേട്ടയാടി ലഭിച്ചിരുന്ന മൃഗങ്ങളുടെ മാംസം ഭക്ഷണമായും തോൽ വസ്ത്രമായും അവർ ഉപയോഗിച്ചിരുന്നു. വേട്ടയാടലിനിടയിൽ തങ്ങൾക്കുണ്ടായ വിചിത്രാനുഭവങ്ങളും വീരസംഭവങ്ങളും മറ്റുള്ളവരെ പറഞ്ഞു കേൾപ്പിക്കുന്നതിൽ അവർ സന്തോഷം കണ്ടിരുന്നു. ഇതിലേയ്ക്കായി മൃഗങ്ങളുടെ ശബ്ദം പുറപ്പെടുവിക്കുകയും ചുവട് വയ്ക്കുകയും കായികാഭ്യാസങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. വില്ലിൽ അമ്പുതൊടുത്തു വിടുന്ന രീതി അനുകരിച്ച് മൃഗങ്ങളുടെ എല്ലിൻ കഷണങ്ങളിൽ നാരുവലിച്ചുകെട്ടി വിവിധതരം തന്ത്രിവാദ്യങ്ങൾ ഉണ്ടാക്കുകയും പരന്ന പ്രദേശത്ത് കുഴിയുണ്ടാക്കി അതിന്മേൽ തുകൽ വലിച്ചുകെട്ടി താളവാദ്യങ്ങളും മറ്റും നിർമിക്കുകയും ചെയ്തിരുന്നു. രാത്രികാലങ്ങളിൽ തീയുണ്ടാക്കി അതിനു ചുറ്റും നിന്നുകൊണ്ട് ചുവട് വെയ്ക്കുകയും ആർത്തട്ടഹസിച്ച് കൈകൊട്ടിക്കളിക്കുകയും ചെയ്തു. ചില സന്ദർഭങ്ങളിൽ ആശയ പ്രകടനത്തിനുവേണ്ടി ചിത്രങ്ങൾ വരച്ചു കാണിക്കുകയും പതിവാക്കി. എഴുത്തും വായനയും പ്രചാരത്തിലില്ലാതിരുന്ന കാലഘട്ടത്തിൽ ആവിഷ്കരിക്കപ്പെട്ട ചിത്രകലയും നൃത്തകലയും സംഗീതകലയും പ്രാകൃത കലാരൂപങ്ങളായിട്ടാണ് ഉരുത്തിരിഞ്ഞത്.

**കലയുടെ വികാസം - ഭാരതീയ പശ്ചാത്തലം**

ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, സാമുദായിക വിശ്വാസങ്ങൾ എന്നിങ്ങനെ മനുഷ്യജീവിതത്തിലെ പ്രധാന സംഭവങ്ങളുമായി ബന്ധപ്പെട്ടാണ് ഭാരതത്തിലും കലകൾ ഉടലെടുത്തത്. മതപരം, ദേശീയം, പ്രാദേശികം, സാമുദായികം എന്നിങ്ങനെയുള്ള സ്വാധീനങ്ങൾക്കും ഭരണകൂടങ്ങളുടെ ഇടപെടലുകൾക്കും ഭിന്നദേശങ്ങളുമായുള്ള കൊടുക്കൽ വാങ്ങലുകളും രാഷ്ട്രീയ വീക്ഷണങ്ങളുടെ സ്വാധീനത്തിലും കലകൾ നിരന്തരം മാറിക്കൊണ്ടിരിക്കുന്നുണ്ട്. കലകൾക്ക് ഭാരതം നൽകിയ പ്രാധാന്യത്തിന്റെ നിദർശനമാണ് ഭരതമുനിയുടെ നാട്യശാസ്ത്രം. നാട്യശാസ്ത്രത്തെ പഞ്ചമവേദമായി പരിഗണിക്കുന്നു. നാട്യശാസ്ത്രം കലകളെ അറുപത്തിനാലായി വിഭജിക്കുന്നു. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടും വേദങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ, യജ്ഞങ്ങൾ, മറ്റ് ആചാരവിശേഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുമാണ് ഭാരതത്തിൽ ശാസ്ത്രീയ കലകൾ രൂപം കൊണ്ടതും വികസിച്ചു വന്നതും. പ്രാദേശികമായി നിലനിന്നിരുന്ന കലകളെ ദേശി എന്നും ശാസ്ത്രീയമയി ചിട്ടപ്പെടുത്തിയ കലകളെ മാർഗി എന്നും കാല - നാട്യശാസ്ത്രത്തിൽ വിഭജിച്ചിരിക്കുന്നു. ഘട്ടങ്ങൾക്കനുസരിച്ച് പ്രാചീന കലകൾ, നവോത്ഥാനകലകൾ ആധുനികകലകൾ എന്ന വിഭജനമാണ് ഇന്ന് പ്രയോഗിച്ചു വരുന്നത്. പ്രാദേശികവും, നാടോടിയും, ശാസ്ത്രീയവുമായ അത്യന്തം വ്യത്യസ്തമായ നിരവധികലകളാൽ സമ്പന്നമാണ് ഭാരതം.

**കേരളീയ പശ്ചാത്തലം**

സംഘകാലം മുതൽതന്നെ തമിഴകത്തിന്റെ ഭാഗമെന്ന നിലയിലും സ്വതന്ത്രമായും നാടോടിയായ ധാരാളം കലാരൂപങ്ങൾ കേരളത്തിൽ ഉണ്ടായിരുന്നു. കേരളത്തിന്റെ ശാസ്ത്രീയകലകൾ ഉദയം

കൊണ്ടതും വളർന്നതും ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചാണ്. ക്ഷേത്രാചാരങ്ങൾ, ഉത്സവങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയുടെ നിർവഹണത്തിന് കലാരൂപങ്ങൾ അനിവാര്യമായിരുന്നു. സഹസ്രാബ്ദങ്ങളുടെ പഴമയും പാരമ്പര്യവും അവകാശപ്പെടാവുന്ന കലകൾ കേരളത്തിലെ പല ക്ഷേത്രങ്ങളിലും ഇന്നും പ്രയോഗത്തിലുണ്ട്. വിവിധ ആകൃതിയിൽ തീർക്കപ്പെട്ട കൽമണ്ഡപങ്ങൾ ക്ഷേത്രങ്ങളിലെ മനുഷ്യഭാവനയുടെ ആവിഷ്ക്കാരങ്ങളാണ്. കഥകളി, കൂത്ത്, തുള്ളൽ, കൂടിയാട്ടം, തിടമ്പു നൃത്തം തുടങ്ങിയ ക്ഷേത്രകലകൾ ജനങ്ങൾ ഏറെ ആസ്വദിച്ചിരുന്നു.

അതുപോലെ അനുഷ്ഠാന കലാരൂപങ്ങളായ തെയ്യം, തിറ, പടയണി, കോലം തുള്ളൽ, സർപ്പം തുള്ളൽ, കാവടിയാട്ടം, കൊട്ടിപ്പാടിസേവ, ഗരുഡനൃത്തം, കളംപാട്ട് തുടങ്ങിയവ ഇന്നും ക്ഷേത്രങ്ങളിലും കാവുകളിലും മറ്റും പ്രയോഗത്തിലുണ്ട്. സാമുദായികപരമായ ആഘോഷങ്ങളുടെ ഭാഗമായി ഉപയോഗിച്ചിരുന്ന കലകളായ ഒപ്പന, മാർഗംകളി, തിരുവാതിരക്കളി തുടങ്ങിയവ ഇന്നും പ്രചാരത്തിലുണ്ട്. ആയോധന കലയായ കളരിപ്പയറ്റ് കേരളത്തിന്റെ തനതായ കലാരൂപമാണ്. കൃഷിയും വിനോദവുമായി ബന്ധപ്പെട്ട ഞാറ്റുപാട്ട്, കുറത്തിപ്പാട്ട്, കമ്പടികളി തുടങ്ങിയവയൊക്കെ പ്രചാരത്തിലിരുന്നു.

**കലാവിഭജനം**

കലയുടെ ചരിത്രവും സംസ്കാരവുമായുള്ള ബന്ധവും നിങ്ങൾ വിശകലനം ചെയ്തുകഴിഞ്ഞല്ലോ. കലാരൂപങ്ങളെ കൂടുതൽ അടുത്തറിയാനും അവയുടെ സ്വഭാവങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കാനും പഠനങ്ങളിലൂടെ ചില ആശയങ്ങൾ സ്വന്തമാക്കാനും ഇതിനകം കഴിഞ്ഞിട്ടുണ്ടോ? അത്തരത്തിലൊരന്വേഷണം കൂടി നടക്കേണ്ടതില്ലേ? കലയുടെ വിഭജന സാധ്യതകൾ പ്രയോജനപ്പെടുത്തി കലയുടെ സ്വഭാവവും പ്രത്യേകതകളും കണ്ടെത്താനാകില്ലേ?

മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്ന കലാരൂപങ്ങളിലെ പ്രയോഗം, പ്രയോജനം, സൗകുമാര്യം എന്നിവ അനുസരിച്ച് വിഭജിച്ചിട്ടുണ്ട്. ഇപ്രകാരം പ്രയോജനവും പ്രയോഗസാധ്യതയുമുള്ള കലകളെ പ്രായോഗികകലകൾ എന്നും സൗകുമാര്യവും ആസ്വാദക സാധ്യതയുമുള്ള കലകളെ ലളിത കലകൾ എന്നും തിരിച്ചിരിക്കുന്നു.

ഇവ യഥാക്രമം പ്രായോഗിക കലകൾ (Applied Arts) എന്നും സുകുമാര കലകൾ (Fine Arts) എന്നും അറിയപ്പെടുന്നു. പ്രശസ്ത ദാർശനികനായിരുന്ന അരിസ്റ്റോട്ടിൽ ആണ് ഈ വിഭജനം നടത്തിയത്. ഭവനനിർമാണം, വസ്ത്രാലങ്കാരം, വസ്ത്രനിർമാണം, ഗൃഹോപകരണ നിർമാണം, ഗൃഹാലങ്കാരം, ശില്പകല, വാസ്തുകല എന്നിവയാണ് പ്രധാന പ്രായോഗിക കലകൾ.

വിനോദവും ആത്മ സംതൃപ്തിയും പ്രദാനം ചെയ്യുന്ന കലാരൂപങ്ങളാണ് ലളിതകലകൾ അഥവാ സുകുമാര കലകൾ. സൗന്ദര്യാനുഭൂതിയാണ് ലളിതകലകളുടെ ജീവൻ. സംഗീതം, നൃത്തം, നാടകം, സാഹിത്യം ഇവയൊക്കെ ലളിതകലാവിഭാഗത്തിൽപ്പെടുന്നവയാണ്. ഇവയിൽ അനുകരണാത്മക കല സംഗീതവും അഭിനയ പ്രധാനമായ കല നാടകം, നൃത്തം, എന്നിവയും ആശയാവിഷ്കരണ ശക്തി കൂടുതൽ വേണ്ട കല സാഹിത്യവും ആണ്.

രീതിയും ഘടനയുമനുസരിച്ച് കലകളെ മൊത്തത്തിൽ ക്ലാസിക്കൽ, ഫോക് (നാടോടി) എന്ന് രണ്ടായി വിഭജിച്ചിട്ടുണ്ട്. ശാസ്ത്രീയവും മൗലീകവുമായ കലകളാണ് ക്ലാസിക്കൽ കലകൾ. ഗ്രാമ്യരീതിയിൽ സാധാരണക്കാർക്കും ഗ്രഹിക്കത്തക്ക തരത്തിലുള്ള കലകളാണ് നാടോടിക്കലകൾ അഥവാ ഫോക് ആർട്ട്സ്. ഇവയിൽ നാടോടിക്കലകളാണ് ആദ്യമുണ്ടായത്. സംഗീതം, നൃത്തം, നാടകം എന്നിവയുടെ നാടോടി ഭേദങ്ങളും ക്ലാസിക്കൽ രൂപങ്ങളും നിലവിലുണ്ട്.

**ദൃശ്യ കലകൾ, ശ്രവ്യ കലകൾ, ദൃശ്യശ്രവ്യ കലകൾ**

കലാരൂപങ്ങളെല്ലാം മനുഷ്യമനസ്സിനെ ആനന്ദിപ്പിക്കുന്നതിനുള്ള മാധ്യമങ്ങളാണ്. അവയെ ദൃശ്യകലകൾ, ശ്രവ്യ കലകൾ, ദൃശ്യശ്രവ്യ കലകൾ എന്ന് വേർതിരിച്ചിട്ടുണ്ട്. ചിലകലാരൂപങ്ങൾ കാതിനിമ്പം നൽകുകയും മാനസിക സന്തുഷ്ടിപകരുകയും ചെയ്യുന്നു. മറ്റ് ചിലത് കണ്ണിന് കൗതുകകരവും വേറെ ചിലത് കണ്ണിനും കാതിനും ഒരു പോലെ ആസ്വാദ്യകരവുമായിരിക്കും.

**ദൃശ്യ കലകൾ :** ദർശനത്തിലൂടെ മനസ്സിനെ സന്തോഷിപ്പിക്കുന്ന കലകളാണ് ദൃശ്യ കലകൾ. ഒരുചിത്രമോ ശില്പമോ കാണുമ്പോൾ ഉണ്ടാകുന്ന വിചാരവികാരങ്ങൾ ഉടനടി പ്രകടമാകുന്ന ദൃശ്യ കലയിൽ കലാകാരൻ കഥാപാത്രത്തേയോ, വസ്തുവിനേയോ, സംഭവത്തേയോ പ്രേക്ഷകരുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ചിത്രരചന, ശില്പകല, കരകൗശലവിദ്യ, വാസ്തുവിദ്യ തുടങ്ങിയവ ദൃശ്യ കലാവിഭാഗത്തിൽ പെടുന്നവയാണ്.

**ശ്രവ്യ കലകൾ :** കേൾക്കുന്ന മാത്രയിൽ മനുഷ്യ മനസ്സിൽ അനുഭൂതി ഉളവാക്കാനുതകുന്ന കലാരൂപങ്ങളാണ് ശ്രവ്യ കലാരൂപങ്ങൾ. മന്ദ്രമധുരമായ സംഗീതം കാതിനും മനസ്സിനും ഒരു പോലെ ഇമ്പം നൽകുന്നതാണ്. കഠിനാധ്വാനത്തിനും മാനസിക വിഷമതകൾക്കും ഇടയിൽ സംഗീതം മാനസികോല്ലാസം നൽകുന്നു. മനുഷ്യമനസ്സിനെ കടിഞ്ഞാണിട്ടു നിർത്താനും പക്ഷിമൃഗാദികളെപ്പോലും പരിസരം മറന്ന് ലയിപ്പിച്ചിരുത്താനും സംഗീതത്തിന് മാസ്മരിക ശക്തിയുണ്ട്. സംഗീതത്തിന്റെ മാന്ത്രികശക്തി മന്ദ്രമധുരമായ ഗാനാലാപനത്തിലും വീണാവേണു മൃദംഗ താളലയത്തിലും കൂടി പ്രകടമാകുന്നു.

**ദൃശ്യശ്രവ്യ കലകൾ:** ദൃശ്യ കലകളുടേയും ശ്രവ്യ കലകളുടെയും സമ്മിശ്രമാണ് ദൃശ്യശ്രവ്യ കലകൾ. ഒരേസമയം കാണാനും കേൾക്കാനും സാധിക്കുന്ന ദൃശ്യശ്രവ്യ കലകൾ പണ്ഡിതപാമര ഭേദമന്യെ ഏവർക്കും പ്രിയങ്കരമാണ്. നൃത്തനൃത്യങ്ങൾ, നാടകം, സർക്കസ്, സിനിമ തുടങ്ങിയ കലാരൂപങ്ങൾ ദൃശ്യ ശ്രവ്യ കലാവിഭാഗത്തിൽപ്പെടുന്നു.

ഓരോ വിഭാഗത്തിലുംപെടുന്ന മറ്റേതെല്ലാം കലകൾ നിങ്ങൾക്ക് കണ്ടെത്താനാകും?

മറ്റ് വിഭജനത്തിന് സാധ്യതയുണ്ടോ?

- നാടോടി കലകൾ
- ശാസ്ത്ര കലകൾ
- അനുഷ്ഠാന കലകൾ

ഈ വിഭജനത്തിന്റെ പ്രത്യേകതകളും ഈ വിഭാഗത്തിൽപ്പെടുന്ന കലകളും ഏതെല്ലാമാണ്?

**നാടോടി കലകൾ:** അധ്വാനത്തിന്റെ നിമിഷങ്ങൾ ആനന്ദപൂർണമാക്കുന്നതിനും ആശയങ്ങൾ വിനിമയം ചെയ്യുന്നതിനും വേണ്ടിയാണ് ഗ്രാമീണ മനുഷ്യർ കലയ്ക്ക് ജന്മം നൽകിയത്. ഋതുഭേദങ്ങളിൽ ആനന്ദിക്കുന്നതിനും പ്രകൃതിയെ ആധാരമാക്കുന്നതിനും വിഭിന്ന രീതിയിലുള്ള കലാരൂപങ്ങൾ കണ്ടെത്തി.

ഈ നാടോടി കലകളാണ് പിൽക്കാലത്ത് ക്ലാസിക്കൽ കലകൾക്കും ആധുനിക കലകൾക്കും ആധാരമായിത്തീർന്നത്. പ്രാകൃതനൃത്തങ്ങളായി രൂപമെടുത്ത ആദിമ കലാരൂപം പിന്നീട് ചിത്രകലയായും സംഗീതമായും ശില്പകലയുമായൊക്കെ രൂപാന്തരപ്പെട്ട് പല രീതിയിലും രൂപത്തിലും ലോകമെമ്പാടും വ്യാപിച്ചു.

നാടോടി കലകളെ പൊതുവിൽ അനുഷ്ഠാനപരം, തൊഴിൽപരം, വിനോദപരം എന്നിങ്ങനെതരം തിരിച്ചിരിക്കുന്നു. ഇവയിൽ അനുഷ്ഠാനങ്ങളോടനുബന്ധിച്ച് നടത്തപ്പെടുന്നവ അനുഷ്ഠാന കലകളായും വിളവെടുപ്പ്. കാർഷികോത്സവങ്ങൽ എന്നിവയോടൊനുബന്ധിച്ചുള്ളവ കാർഷിക കലകളായും (തൊഴിൽപരം) വിനോദം, ആഹ്ലാദം ഇവ ലക്ഷ്യമാക്കിയുള്ളവ വിനോദ കലകളായും രൂപാന്തരപ്പെട്ടു.

**നാടോടി സംഗീതം :** സാധാരണ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രാദേശിക സംഗീതമാണ് നാടോടി സംഗീതം. നാടാകെ, നാട്ടിൽ പ്രചാരത്തിലുള്ളത് എന്നൊക്കെയുള്ള അർഥമാണിതിനുള്ളത്. ശാസ്ത്രീയ നിബന്ധനകൾക്ക് തികച്ചും അടിമപ്പെടാത്ത നാടോടി സംഗീതം ലളിതവും ഇമ്പമേറിയതുമാണ്. ഇത് ഗ്രാമീണ സംഗീതം (ഗ്രാമ്യസംഗീതം) അഥവാ ജനകീയ സംഗീതമാണ്. അക്ഷരാഭ്യാസമില്ലാത്ത കാലത്ത് രൂപം കൊണ്ട നാടോടിപ്പാട്ടുകൾക്ക് വിനോദപരവും മതപരവുമായ പ്രാധാന്യമുണ്ടായിരുന്നു. ജനജീവിതത്തിലെ സംഭവങ്ങളേയും ആരാധനാ രീതികളേയും ആധാരമാക്കിയുള്ളവയാണ് നാടോടി ഗാനങ്ങൾ. അതത് ദേശത്തിന്റെ സംഗീതപാരമ്പര്യം വിളിച്ചോതുന്ന നാടോടിപ്പാട്ടുകൾ അനുഷ്ഠാനപരം, മതപരം, തൊഴിൽപരം എന്നിങ്ങനെ പ്രധാനമായി മൂന്ന് വിഭാഗങ്ങളിലുണ്ട്.

**നാടോടി നൃത്തം**

തൊഴിൽപരമായ നൃത്തങ്ങൾ അഥവാ കാർഷിക നൃത്തങ്ങൾ, പ്രധാനപ്പെട്ട തൊഴിലുമായി ബന്ധപ്പെടുത്തി നടത്തുന്നവയാണ്. വിളവെടുപ്പ്, കാർഷികോത്സവങ്ങൾ എന്നിവയോടനുബന്ധിച്ച് അവതരിപ്പിക്കാറുള്ള കാർഷിക നൃത്തങ്ങൾ ഭാരതത്തിലുടനീളം കാണാം. ഓണം, വിഷു, പൊങ്കൽ, ഹോളി, ഉഗാഡി തുടങ്ങിയ പ്രധാനപ്പെട്ട കാർഷികോത്സവങ്ങളിൽ സംഘടിപ്പിക്കുന്ന നാടോടിനൃത്തങ്ങളുമുണ്ട്. ധാന്യക്കലവറ നിറഞ്ഞതിന്റെ സന്തോഷപ്രകടനമാണ് കാർഷിക നൃത്തങ്ങളിൽ കണ്ടുവരുന്നത്. കേരളത്തിന്റെ ഗ്രാമീണ കലകൾ കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക പൈതൃകത്തെ വിളിച്ചോതുന്നവയാണ്. ഗ്രാമീണ കലകളെ കളി, തുള്ളൽ, ആട്ടം, കൂത്ത്, പാട്ട് എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. തിറയാട്ടം, മുടിയാട്ടം, തെയ്യാട്ടം പൂരംകളി, തിരുവാതിരക്കളി, കുമ്മാട്ടിക്കളി, കൈകൊട്ടിക്കളി, സർപ്പം തുള്ളൽ, അയ്യപ്പൻ പാട്ട്, കളംപാട്ട്, പുള്ളുവൻപാട്ട്, കൂത്ത്, നിഴൽകൂത്ത്, പാവക്കൂത്ത് തുടങ്ങിയ അനേകം നാടോടിക്കലകൾ പ്രചാരത്തിലുണ്ട്.

നാടോടി കലകളുടെ വിഭാഗത്തിൽപ്പെടുത്താവുന്ന ധാരാളം കലാരൂപങ്ങൾ നമ്മുടെ ചുറ്റുപാടുകളിലുണ്ട്. ഏതെല്ലാമാണ് നിങ്ങൾക്ക് നിർദേശിക്കാനുള്ളത്?

**അനുഷ്ഠാനകലകൾ :** മറ്റാശയങ്ങളോട് അനുബന്ധിച്ച് നടത്തുന്നവയാണ് അനുഷ്ഠാന കലകൾ. ജനനം, വിവാഹം, യുദ്ധം, മരണം തുടങ്ങി മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട് കിടക്കുന്ന സംഭവങ്ങൾക്ക് വിഭിന്ന രീതിയിലുള്ള ആചാരങ്ങൾ നിലവിലിരുന്നു. കാവടിയാട്ടം, കുംഭകുടം, അഗ്നിനൃത്തം, ചുവർ ചിത്രമെഴുത്ത്, കളമെഴുത്ത്, കോലം വരയ്ക്കൽ എന്നിവ പ്രധാനപ്പെട്ടവയാണ്. കേരളത്തിൽ തെയ്യം, തിറ, പടയണി, മുടിയേറ്റ് തുടങ്ങിയ അനേകം അനുഷ്ഠാന കലകൾ പ്രചാരത്തിലുണ്ട്.

**ശാസ്ത്രീയ കലകൾ**

നാട്യശാസ്ത്രപ്രകാരം ചിട്ടപ്പെടുത്തിയിട്ടുള്ള കലകളാണ് ശാസ്ത്രീയ കലകൾ എന്ന വിഭാഗത്തിൽപ്പെടുത്തിയിട്ടുള്ളത്. ചിട്ടകളും നിയമങ്ങളും പാലിച്ച് പരിശീലിച്ചെടുത്ത് അവതരിപ്പിക്കുന്ന കലകളാണ് ക്ലാസിക്കൽ കലകൾ അഥവാ ശാസ്ത്രീയ കലകൾ. കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, കർണാട്ടിക് സംഗീതം എന്നിവയെല്ലാം ഈ വിഭാഗത്തിൽ ഉൾപ്പെടുത്താം.

**ശിശു കല :** കുട്ടികളെ ഉദ്ദേശിച്ച് രൂപപ്പെടുത്തിയിട്ടുള്ള കലാരൂപങ്ങൾ ശിശു കല (Child art) എന്നാണറിയപ്പെടുന്നത്. കുട്ടികളുടെ ശാരീരികവും ബുദ്ധിപരവും മാനസികവും വൈകാരികവുമായ വികസനത്തിന് സഹായിക്കുന്ന കലാരീതിയാണ് ശിശു കല. ഒരു ചിത്രം വരയ്ക്കുമ്പോഴോ ഒരു ചുവട് വയ്ക്കുമ്പോഴോ പാട്ടു പാടുമ്പോഴോ നേഴ്സറി റൈം ചൊല്ലുമ്പോഴോ ലഭിക്കുന്ന സന്തോഷം അവരുടെ മൊത്തത്തിലുള്ള വളർച്ചയെ ത്വരിതപ്പെടുത്തുന്നു. ചിത്രകല, ശില്പകല, സംഗീതം, നാടകം, നൃത്തം എന്നിവയെല്ലാം ശിശുകലയിൽ ഉൾപ്പെടുന്നു.

ശിശുക്കൾക്കും വിദ്യാർഥികൾക്കും കലാപഠനം നിർദേശിക്കുമ്പോൾ അവരുടെ അഭിരുചിയും താല്പര്യവും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഏതിൽ താല്പര്യം കാണിക്കുന്നു എന്ന് അവരറിയാതെ മനസിലാക്കി ആ മേഖലയിൽ പ്രാവീണ്യമുള്ളവരാക്കാൻ മാതാപിതാക്കൾക്കൊപ്പം തന്നെ അധ്യാപകർക്കും സാധിക്കും.

ഓരോ പ്രായത്തിലും കുട്ടികൾ വ്യത്യസ്തങ്ങളായ അഭിരുചിയായിരിക്കും പ്രകടിപ്പിക്കുക. അവരറിയാതെ തന്നെ നാം അവരെ നിരീക്ഷിച്ചാൽ കുട്ടികളുടെ അഭിരുചിയും താല്പര്യവും ഏത് മേഖലയിലായിരിക്കുമെന്ന് മനസ്സിലാക്കാൻ സാധിക്കും. ഏതറിവായാലും കലാരൂപമായാലും അത് അടിച്ചേൽപ്പിക്കുന്ന രീതിയിൽ ആയിരിക്കാൻ പാടില്ല. അവർക്ക് രസകരമായി അനുഭവപ്പെടുന്ന രീതിയിൽ സന്തോഷം പകരുന്ന രീതിയിലായിരിക്കണം അഭ്യസിപ്പിക്കേണ്ടത്. കുട്ടികളെ ഉദ്ദേശിച്ചു കൊണ്ട് രൂപീകരിച്ചിട്ടുള്ള ശിശുകലകൾ ഏത് രൂപത്തിലും ഭാവത്തിലുമായാലുംശരി അത് ആദ്യം ഇഷ്ടപ്പെടേണ്ടത് കുട്ടികൾ തന്നെയായിരിക്കണം.

പ്രായോഗിക പരിചയത്തിലൂടെയുള്ള കലാ പഠനം ആയിരിക്കണം ശിശുകലാരൂപങ്ങളുടെ അധ്യയനത്തിലൂടെ പ്രാവർത്തികമാക്കേണ്ടത്. കുട്ടികളെക്കൊണ്ട് സ്വയം ചെയ്യിക്കുന്നതിലൂടെ അവരുടെ ശാരീരികവും മാനസികവുമായ വികസനവും ലക്ഷ്യമാക്കേണ്ടതാണ്. കുഞ്ഞുങ്ങളുടെ ഭാവനയ്ക്കനുസരിച്ച് നൂതനത്വം കൊണ്ടുവരാനും അവസരം നൽകേണ്ടതാണ്.

- കലയുടെ ലഘുചരിത്രവും സംസ്കാരവും എന്ന പഠനനേട്ടത്തിന്റെ ഉള്ളടക്കാശയം നിങ്ങൾ എങ്ങനെയാണ് ക്ലാസിൽ പരിചയപ്പെട്ടത്?

സെമിനാർ പ്രക്രിയയിലൂടെ അവതരിപ്പിക്കുകയാണെങ്കിൽ പ്രബന്ധം തയ്യാറാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ നിങ്ങൾ പരിഗണിക്കും?

കൂടുതൽ റഫറൻസിനുവേണ്ടി വായിക്കേണ്ട പുസ്തകം ബാലകൈരളി വിജ്ഞാനകോശം-കലയും സംസ്കാരവും.

### പഠന നേട്ടം : 3

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്ട് എൻസി.എഫ്, കേരള പാഠ്യപദ്ധതി ചട്ടക്കൂട് കെ.സി.എഫ്. എന്നിവ വിഭാവനം ചെയ്യുന്ന ആശയങ്ങൾ ഉൾക്കൊള്ളുകയും സ്വന്തമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്യുന്നതിന്.

വിദ്യാലയ കലോത്സവങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചിട്ടുണ്ടാകുമല്ലോ? ഏതെല്ലാം തരത്തിലുള്ള കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം ലഭിച്ചു? ക്ലാസ്റൂം പ്രവർത്തനങ്ങളിലൂടെ ഈ ശേഷികൾ വളർത്തിയെടുക്കുന്നതിനു കഴിഞ്ഞിട്ടുണ്ടോ? വിദ്യാലയ കാലഘട്ടത്തിൽ കലാഭിരുചി വികസിപ്പിക്കുന്നതിന് ശക്തമായ അനുഭവങ്ങൾ ലഭിക്കണം. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിലും കേരള പാഠ്യപദ്ധതി ചട്ടക്കൂട്ടിലും ഇതിന്റെ പ്രാധാന്യവും പ്രസക്തിയും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പ്രൈമറി അധ്യാപിക എന്ന നിലയിൽ എന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്ക് നിരീക്ഷിക്കാനാകും?

- വിദ്യാഭ്യാസ സമ്പ്രദായത്തിൽ കലാ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണമെന്ന് ശുപാർശകൾ ചെയ്യുന്നുണ്ടെങ്കിലും ഈ ദിശയിൽ വേണ്ടത്ര പുരോഗതി ഇന്നും ഉണ്ടായിട്ടില്ല.
- കലാ പഠനം കുട്ടികളുടെ ഔപചാരിക വിദ്യാഭ്യാസത്തിൽ ഉദ്ഗ്രഥിതമാക്കുന്നതിന് സത്വര ശ്രദ്ധ നൽകണം. എങ്കിലേ നമ്മുടെ മൗലികമായ സാംസ്കാരിക സ്വത്വം അതിന്റെ വൈവിധ്യസമ്പന്നതയോടുകൂടി നിലനിർത്താൻ കഴിയൂ.
- നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം കലകൾ പഠിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനു പകരം കുട്ടികളേയും സർഗവാസനയുള്ള മറ്റുള്ളവരേയും കല പഠിക്കുന്നതിൽ നിന്ന് പിൻതിരിപ്പിക്കുക കൂടി ചെയ്യുന്നു.

- സ്കൂളിന്റെ അന്തസ്സുയർത്തുന്ന ഉപകരണമായി കലാപഠനത്തെ ചുരുക്കിക്കളഞ്ഞു. ദിനാചരണം, കലോത്സവം, വാർഷികദിനം തുടങ്ങിയ അവസരങ്ങളിലെ പ്രകടനമായി മാറിയിരിക്കുന്നു. കുട്ടികളുടെ സ്കൂൾ ജീവിതത്തിന്റെ ഭാഗമായി കലാ പഠനം മാറിയിട്ടില്ല.
- അതുകൊണ്ടുതന്നെ കുട്ടികൾക്കിടയിൽ മാത്രമല്ല രക്ഷിതാക്കൾ, അധ്യാപകർ, നയരൂപീകരണക്കാർ വിദ്യാഭ്യാസ വിചക്ഷണന്മാർ എന്നിവർക്കിടയിൽ പോലും കലകളെക്കുറിച്ചുള്ള സാമാന്യാവബോധം ക്രമമായി കുറഞ്ഞുവരികയാണ്.
- വിദ്യാലയാധികാരികൾ ഉപരിപ്ലവമായ കലകളെയാണ് പ്രോത്സാഹിപ്പിക്കുന്നത്. കലയുടെ സൗന്ദര്യമൂല്യം ഉൾക്കൊണ്ടുള്ള കലാശേഷി പരിപോഷിപ്പിക്കുന്നതിലേക്ക് സാധ്യമായ ഊർജവും വിഭവവും കേന്ദ്രീകരിക്കേണ്ടതുണ്ട്.
- ഇന്ത്യയിലെ കലകൾ ഈ രാജ്യത്തിന്റെ മതനിരപേക്ഷതയുടേയും സാംസ്കാരിക വൈവിധ്യത്തിന്റേയും ജീവൻ തുളുമ്പുന്ന തെളിവുകളാണ്. എല്ലാ പ്രദേശത്തേയും സംഗീതം, നൃത്തം, നാടകം, പാവകളി, ദൃശ്യകലകൾ, കൈവേലകൾ എന്നിവയടക്കമുള്ള നാടോടി ക്ലാസിക്കൽ രൂപങ്ങളുടെ അതിവിപുലമായ ഒരു സഞ്ചയം നമുക്കുണ്ട്. ഈ കലകളിൽ ഏതും പഠിക്കുന്നത് നമ്മുടെ പൗരന്മാരുടെ ജീവിതത്തെ അവരുടെ സ്കൂൾ കാലത്ത് മാത്രമല്ല ആയുഷ്ക്കാലം മുഴുവൻ സമ്പന്നമാക്കും.
- ദൃശ്യപരവും പ്രകടനാത്മകവുമായ കലകൾ പാഠ്യപദ്ധതിയിലെ പഠനത്തിന്റെ ഒരു പ്രധാന ഘടകമാകണം. കുട്ടികൾ ഈ മേഖലകളിൽ കേവലം വിനോദത്തിനുവേണ്ടിയല്ലാതെ തന്നെ ശേഷിയും കഴിവും വികസിപ്പിക്കേണ്ടതുണ്ട്.
- കലാ പാഠ്യപദ്ധതിയിലൂടെ കുട്ടികളെ രാജ്യത്തിന്റെ സമ്പന്നവും വൈവിധ്യപൂർണവുമായ പാരമ്പര്യങ്ങളിലേയ്ക്ക് ആനയിക്കണം.
- കലാ പഠനം പത്താം ക്ലാസുവരെ ഒരു നിർബന്ധ വിഷയമായി പഠിപ്പിക്കണം. ഒരു ഉപകരണമായി പ്രയോജനപ്പെടുത്തണം.
- സംഗീതം, നൃത്തം, ദൃശ്യകല, അഭിനയം, (രംഗകല) എന്നിങ്ങനെ കലകൾ എന്ന പദം കൊണ്ടു വിവക്ഷിക്കപ്പെടുന്ന നാലു മുഖ്യധാരകളും ഉൾപ്പെടുത്തണം.
- സമീപനം ബോധനപരമെന്നതിനേക്കാൾ അധികം പങ്കാളിത്തപരവും പരസ്പര പരിവർത്തനത്തിൽ ഊന്നിയതും അനുഭവദായകവും ആയിരിക്കണം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും കലയുടെ മാധ്യമങ്ങളും രൂപങ്ങളും കളിയുടെ രൂപത്തിലും ചിട്ടപ്പെടുത്തിയ രൂപത്തിലും പരിശോധിക്കാനും പുതിയ ആവിഷ്ക്കാരരൂപങ്ങൾ പരീക്ഷിച്ചു നോക്കാനും കുട്ടികൾക്ക് അവസരം ലഭിക്കണം.
- സംഗീതം, നൃത്തം, നാടകം, ചിത്രം എന്നിവയെല്ലാം ജ്ഞാനപരവും സാമൂഹികപരവുമായ സ്വത്വത്തിന്റെ വികാസത്തിന് ഉതകുന്നു. പ്രീപ്രൈമറി, പ്രൈമറിതലങ്ങളിൽ അത്തരം അനുഭവങ്ങൾക്കുള്ള പ്രാധാന്യം എത്ര ഊന്നിപ്പറഞ്ഞാലും അധികമാകില്ല.
- ശേഷികളുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉള്ള കുട്ടികൾക്ക് ആ വ്യത്യസ്തതകളെ മറികടന്നുകൊണ്ട് ഒന്നിച്ച് പങ്കെടുക്കാൻ അവസരം ലഭിക്കുന്നുവെന്നത് കലാരൂപങ്ങളുടെ ഒരു സവിശേഷതയാണ്.
- കലകളുടേയും പരമ്പരാഗത കൈവേലകളുടേയും ഉദ്ഗ്രഥനത്തിനുവേണ്ട വിഭവങ്ങൾ ഓരോ സ്കൂളിലും ഉണ്ടാകണം. അങ്ങനെ വിവിധങ്ങളായ കലാപ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്താനുതകുന്നതാകണം പാഠ്യപദ്ധതി എന്നത് സുപ്രധാനമാണ്. പലവിഷയങ്ങൾക്കും വിശേഷിച്ച് നടനം, നാടകം, കളിമൺ പണി മുതലായവയ്ക്ക് ഒന്നരമണിക്കൂർ ദൈർഘ്യമുള്ള തുടർ പീര്യഡുകൾ വേണ്ടിവരും.

**വിദ്യാഭ്യാസത്തിൽ തിയേറ്ററിന്റെ സാധ്യതകൾ എൻ.സി.എഫ്. കാഴ്ചപ്പാട്**

> ഏറെ ശക്തമെങ്കിലും വളരെ കുറച്ചുമാത്രം വിദ്യാഭ്യാസത്തിൽ ഉപയോഗിക്കുന്ന കലാരൂപമാണ് തിയേറ്റർ. മറ്റുള്ളവരുമായി ബന്ധപ്പെടുത്തി അവനവനെ പരിശോധിക്കുന്നതിനും അവനവനെത്തന്നെ കൂടുതൽ മനസ്സിലാക്കുന്നതിനും മനുഷ്യരോടുമാത്രമല്ല പ്രകൃതിയോടും ഭൗതിക, സാമൂഹിക ലോകങ്ങളോടും വിമർശനാത്മകമായി തന്മയീഭവിക്കുന്നതിനും തിയേറ്ററിനോളം ശക്തമായ മറ്റൊരു മാധ്യമമില്ല. പാഠങ്ങൾ നാടകവൽക്കരിക്കുകയെന്നത് തിയേറ്ററിന്റെ ചെറിയൊരു ഭാഗമേ ആകൂ. റോൾപ്ലേ തിയേറ്റർ പരിശീലനം, ശരീര ശബ്ദനിയന്ത്രണങ്ങളും ചലനങ്ങളും കൂടി ചേർന്നും തനിയെയുമുള്ള അഭിനയങ്ങൾ എന്നിവയൊക്കെ കൂടുതൽ അർഥവത്തായ അനുഭവങ്ങൾ തരുന്നു. അത്തരം അനുഭവങ്ങൾ സ്വന്തം വികാസത്തിന് അധ്യാപകർക്കും ആവശ്യമാണ്, കുട്ടികൾക്ക് നൽകാനും ആവശ്യമാണ്.

കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2007 രൂപപ്പെടുത്തിയിട്ടുള്ളത് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005ന്റെ കാഴ്ചപ്പാടിലാണ്. എന്തെല്ലാം നിർദേശങ്ങളാണ് കലാവിദ്യാഭ്യാസത്തിന്റെ ഭാഗമായി കെ.സി.എഫ്. മുമ്പോട്ടു വയ്ക്കുന്നത്? സമാനമായ ആശയങ്ങളും വ്യത്യസ്തമായ ആശയങ്ങളും നമ്മുടെ സ്വന്തം നിലപാടുകളെ വ്യക്തമാക്കാൻ സഹായിക്കില്ലേ?

**കേരളപാഠ്യപദ്ധതി ചട്ടക്കൂട് നിർദേശിക്കുന്ന ആശയങ്ങൾ**

- വൈപുല്യവും വൈവിധ്യവുമാർന്ന സാംസ്കാരിക പശ്ചാത്തലമുള്ള കുട്ടികളിൽ സാംസ്കാരികാവബോധം സൃഷ്ടിക്കുന്നതിന് കലാപഠനം വഴിയൊരുക്കുന്നു. കുട്ടിയുടെ സൃഷ്ടിപരവും സർഗാത്മകവുമായ കഴിവുകളെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഉൾച്ചേരുന്നതിനാൽ കലാപഠനത്തിന്റെ വിവിധ സങ്കേതങ്ങൾ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്.
- തന്റെ ചുറ്റുപാടുകളുമായി ക്രിയാത്മകമായി സംവദിക്കുന്നതിന് അവസരമൊരുക്കുന്ന ദൃശ്യപരവും പ്രകടനാത്മകവുമായ കലകൾക്ക് പ്രാമുഖ്യം നൽകണം. അഭിനയം, നൃത്തം, സംഗീതം, ദൃശ്യകല തുടങ്ങിയവ നിർബന്ധമായും ഉൾപ്പെടുത്തണം. വിവിധ വൈജ്ഞാനിക മേഖലകളുമായി പൂർണമായ ഉദ്ഗ്രഥനത്തോടു കൂടിയാണ് ഇത് സാധ്യമാക്കേണ്ടത്. ഭാഷാ, പരിസ്ഥിതി പഠനങ്ങളിൽ ഇതിന്റെ പരമാവധി സാധ്യതകൾ എല്ലാഘട്ടങ്ങളിലും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.
- മൂല്യബോധം, സാമൂഹിക വീക്ഷണം ഇവ സൃഷ്ടിക്കാനും ജീവിതത്തിന് ഉപയുക്തമാക്കാനും കഴിയുന്ന രീതിയിലായിരിക്കണം പഠനാനുഭവങ്ങൾ നൽകേണ്ടത്.
- ചിത്രം, ശില്പം, സംഗീതം, ദൃശ്യകലകൾ, രംഗകലകൾ, അനുഷ്ഠാനകലകൾ എന്നീ മേഖലകളിലെ തുടർപഠനത്തിന് തയാറാക്കാവുന്ന പഠനാനുഭവങ്ങളായിരിക്കണം നൽകേണ്ടത്. കുട്ടികളെ അനുകരിക്കാനും, ഭാവം പ്രകടിപ്പിക്കാനുമുള്ള കഴിവ് വളർത്തുന്നതിന് ഉതകുന്ന നാടകപഠനവും മൗലികമായ സാംസ്കാരിക സ്വത്വം തിരിച്ചറിയാൻ പര്യാപ്തമാക്കുന്ന നാടൻ കലകൾ, പാട്ടുകൾ എന്നിവയും പരിചയപ്പെടുത്തണം. വൈവിധ്യമാർന്ന സംഗീതോപകരണങ്ങൾ പരിചയപ്പെടുകയും സംഗീതധാരകൾ അനുഭവിക്കാനുള്ള അവസരം ലഭ്യമാക്കുകയും വേണം. പ്രകൃതിജന്യ ചായങ്ങൾ ഉപയോഗിച്ചുള്ള ചിത്രകലയും വർണങ്ങളുടെ പ്രയോഗവും പരിചയപ്പെടുത്തണം.
- മൾട്ടിമീഡിയ ഉപയോഗപ്പെടുത്തി കമ്പ്യൂട്ടർ ആനിമേഷൻ പഠിക്കാനുള്ള അവസരം ഒരുക്കണം.
- ആധുനിക ദൃശ്യശ്രവ്യമാധ്യമങ്ങൾ, നാടോടിനൃത്തങ്ങൾ, പാരമ്പര്യനൃത്തങ്ങൾ, സിനിമ, ക്ലാസിക്കൽ നൃത്തങ്ങൾ എന്നിവ പരിചയപ്പെടുന്നതിനും അവസരമുണ്ടാകണം.

- പ്രീ-പ്രൈമറിയിലും പ്രൈമറിയിലും ഉദ്ഗ്രഥിതസമീപനവും സെക്കന്ററിതലത്തിൽ ഉദ്ഗ്രഥന സമീപനത്തോടൊപ്പം പ്രത്യേക വിഷയമായി പഠിക്കാനുള്ള സാധ്യതകളും ഉണ്ടാകണം.

### പഠന നേട്ടം : 4

**എലിമെന്ററി സ്കൂൾ കലാപാഠ്യപദ്ധതിയും കലാവിദ്യാഭ്യാസ കാഴ്ചപ്പാടും**

കലാവിദ്യാഭ്യാസപാഠ്യപദ്ധതി നിർമിക്കുന്നതിന് ദേശീയ പാഠ്യപദ്ധതിച്ചട്ടക്കൂടും കേരളപാഠ്യപദ്ധതി ചട്ടക്കൂടും മുമ്പോട്ടു വച്ച ആശയങ്ങളും നിർദേശങ്ങളും വിശകലനം ചെയ്ത് നിങ്ങളുടേതായ നിഗമനങ്ങളിൽ എത്തിച്ചേർന്നിരിക്കുമല്ലോ.

നിലവിലുള്ള എലിമെന്ററി കലാപാഠ്യപദ്ധതിയിൽ എൻ.സി.എഫിന്റെയും കെ.സി.എഫിന്റേയും ആശയങ്ങളും നിർദേശങ്ങളും എത്രകണ്ട് ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്? എന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്ക് നിർദ്ദേശിക്കാനുണ്ട്?

- **കലാപഠനം പാഠ്യപദ്ധതി ഉള്ളടക്കം.**
- കലാപഠനം - പ്രസക്തിയും പ്രാധാന്യവും
- കലാപഠനം - പഠന സമീപനം
- കലാപഠനം - വിലയിരുത്തൽ
- കലാപഠനം - പിന്തുണാ സംവിധാനം
- ചിത്രകല
- സംഗീതം
- നൃത്തകല
- നാടകം

എന്നീ മേഖലകളിലായി കലാവിദ്യാഭ്യാസപാഠ്യപദ്ധതിയുടെ ഉള്ളടക്കത്തെ ക്രമീകരിച്ചിരിക്കുന്നു.

**കലാപഠനം - പ്രസക്തിയും പ്രാധാന്യവും**

- കലാപഠനം എന്നത് ആത്മസാക്ഷാത്ക്കാരത്തിനുള്ള ഒരുപാധിയാണ്.
- ഒറ്റയ്ക്കും കൂട്ടുചേർന്നുമുള്ള പ്രവർത്തനങ്ങളിലൂടെ വിവിധ സാമൂഹിക ജീവിത നൈപുണികളിലേക്ക് കൈപിടിച്ചുയർത്താൻ കലാപഠനം സഹായകരമാണ്.
- സാംസ്കാരികാവബോധം, മൂല്യബോധം, ആത്മവിശ്വാസം എന്നിവ നൽകുന്നതിനും കലാപഠനം പ്രയോജനപ്പെടുന്നു.
- ബഹുമുഖബുദ്ധി സിദ്ധാന്തമനുസരിച്ച് ബുദ്ധിയുടെ ഭിന്നതലങ്ങൾ വികസിപ്പിക്കുന്നതിന് ഏറ്റവും അനുയോജ്യമായ മാധ്യമമാണ് കല. സംഗീതം, പ്രകൃതിപരം, ദൃശ്യസ്ഥലപരം, ശാരീരിക ചലനപരം, വ്യക്ത്യാന്തരം, ആന്തരിക വൈയക്തികം എന്നീ ബുദ്ധി ഘടകങ്ങൾക്ക് ഗണ്യമായ വികാസ സാധ്യതയാണ് കലാപഠനം പ്രദാനം ചെയ്യുന്നത്.
- കുട്ടികളെ കർമ്മനിരതരും അത്യുത്സാഹികളുമാക്കുന്ന അധിക ഊർജം ശരിയായ ദിശയിലേക്ക് വഴിതിരിച്ചുവിടാതിരുന്നാൽ അത് വിനാശകരമായി ബഹിർഗമിക്കും. കുട്ടികളുടെ ഇത്തരം അമിത ഊർജ്ജത്തെ കലാസ്വാദനത്തിലേക്കും കലാപ്രകടനത്തിലേക്കും നയിക്കുകയാണെങ്കിൽ അത് അവർക്കും സമൂഹത്തിനും മുതൽക്കൂട്ടാകുകയും ചെയ്യും.
- ഭാരതത്തിന് അതിവിപുലമായ കലാസാംസ്കാരിക പാരമ്പര്യമുണ്ട്. സംഗീതം, നൃത്തം, ശില്പകല, നാടകം തുടങ്ങിയവ ഭാരതീയ ജീവിതവുമായി ഇഴപിരിക്കാനാവാത്തവിധം സമ്മേളിച്ചിരുന്നു. നാട്യശാസ്ത്രം പോലുള്ള സർവ്വാതിശായിയായ ബൃഹദ് ഗ്രന്ഥങ്ങൾ ഉടലെടുത്തതുതന്നെ കലാത്മക ചിന്തയ്ക്കും കലാപഠനത്തിനും ഇവിടെ ഉണ്ടായിരുന്ന പ്രാമാണ്യത്തെയാണ് സൂചിപ്പിക്കുന്നത്.

- ആധുനിക വിദ്യാഭ്യാസം ഇന്ത്യയിൽ പ്രചരിപ്പിച്ചപ്പോഴും പാഠ്യപദ്ധതിയിൽ കലകൾക്ക് സ്ഥാനം ലഭിച്ചിരുന്നു. ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസത്തിൽ കരകൗശലത്തിന് പുറമെ ലളിത കലകൾക്കും ഇടമുണ്ടായിരുന്നു. കേരളീയ സാമൂഹ്യ ജീവിതത്തിലും കലയുമായുള്ള ജൈവ ബന്ധം കണ്ടെത്താനാവും. കൃഷിയും ഇതര തൊഴിൽ മേഖലകളും അനുഷ്ഠാനങ്ങളുമൊക്കെയായി ബന്ധപ്പെട്ട കലകൾ ഗുരുകുലസമ്പ്രദായത്തിലുള്ള കലാഭ്യാസന രീതിയിൽ തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്ക് കൈമാറി വന്നു.
- അറുപതുകളുടെ ആദ്യ പകുതിയിൽ രൂപപ്പെടുത്തിയ പാഠ്യപദ്ധതിയിൽ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ പഠിതാക്കൾക്ക് പെയിന്റിംഗ്, മോഡലിംഗ്, സംഗീതം തുടങ്ങിയ മേഖലകളിൽ പഠനാനുഭവങ്ങൾ നൽകാൻ നിർദ്ദേശിച്ചിരുന്നു.
- ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി രൂപപ്പെട്ട പാഠ്യപദ്ധതിയിൽ വിവിധ ക്ലാസുകളിലേയ്ക്കുള്ള വിശദമായ സിലബസ് ഉൾപ്പെടുത്തിയിരുന്നു. പിന്നീടുണ്ടായ പാഠ്യപദ്ധതി പരിഷ്ക്കരണങ്ങളിൽ എല്ലായ്പ്പോഴും കലാപഠനം ഒരു അവശ്യഘടകമെന്നനിലയിൽ ഉൾച്ചേർന്നിരുന്നു.

**കലാവിദ്യാഭ്യാസം വിവിധ നിരീക്ഷണങ്ങൾ**

- കുട്ടികളിൽ ആത്മവിശ്വാസം, ആത്മബോധം, അന്യരെ അംഗീകരിക്കൽ എന്നീ ഗുണങ്ങൾ വികസിക്കുന്നതിൽ കലയ്ക്കുള്ള പങ്കിനെക്കുറിച്ച് യുനെസ്കോ എടുത്തു പറയുന്നു. കലാപഠനത്തിലൂടെ കുട്ടികളിൽ വൈകാരികവും സാമൂഹികവുമായ വികാസം സാധ്യമാകുമെന്ന് യുനെസ്കോ നിരീക്ഷിക്കുന്നു.
- ഭാരതത്തിലെ വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ കുട്ടികളുടെ സർവതോമുഖമായ വികാസത്തിൽ കലാപഠനത്തിന് മുഖ്യമായ സ്ഥാനമുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**മുതലിയാർ കമ്മീഷൻ റിപ്പോർട്ട് 1952-64**

സ്കൂൾ വിദ്യാഭ്യാസ കരിക്കുലത്തിൽ ചിത്രരചന, കരകൗശലം സംഗീതം, നൃത്തം, നാടകം തുടങ്ങിയവയ്ക്ക് പ്രധാന സ്ഥാനം കൊടുക്കണമെന്ന് കമ്മീഷൻ പറയുന്നു.

**കോത്താരി കമ്മീഷൻ റിപ്പോർട്ട് 1962-64**

സംഗീതാധ്യാപകർക്കും ദൃശ്യകലാധ്യാപകർക്കും പരിശീലനം നൽകുന്നതിന് പര്യാപ്തമായ സംവിധാനങ്ങളും സൗകര്യങ്ങളും നിലവിലില്ല. കലാവിദ്യാഭ്യാസത്തിലുള്ള അവഗണന വിദ്യാഭ്യാസപ്രക്രിയയെ ഫലവത്തല്ലാതാക്കുകയും കലാഭിരുചിയുടെയും മൂല്യങ്ങളുടെയും നാശത്തിലേക്ക് വഴിവയ്ക്കുകയും ചെയ്യും.

1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 1992ൽ രൂപപ്പെടുത്തിയ പ്രവർത്തനപരിപാടി കലാവിദ്യാഭ്യാസത്തെ നിരീക്ഷിക്കുന്നത്.

An illustrated view on the culture perspective inter linking education and culture in order to promote the process of child personality development particularly interms of discovering the interest, potentialities of the child.

എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പാഠ്യപദ്ധതി ചട്ടക്കൂടിലെ നിർദ്ദേശങ്ങൾ, കെ.സി.എഫ് നിർദേശങ്ങൾ എന്നിവ പരിചയപ്പെട്ടിട്ടുണ്ടല്ലോ.

2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലൂടെ സമഗ്ര വികാസം കുട്ടിയുടെ മൗലികാവകാശമായി മാറി. കലാപഠനം ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ കാലഘട്ടത്തിന്റെ ആവശ്യമാണ്.

## കലാവിദ്യാഭ്യാസം-പഠനസമീപനം

- മുൻകാലങ്ങളിൽ വൈജ്ഞാനികേതരമേഖല എന്ന നിലയിലാണ് കലാപഠനത്തെ സമീപിച്ചിരുന്നത്. ആധുനിക മനശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വ്യക്തിയുടെ സമഗ്രവികസനമെന്നത് ബുദ്ധിയുടെ ഭിന്നതലങ്ങളുടെ വികാസം തന്നെയാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. വൈജ്ഞാനിക വികാസത്തിന്റെ വിവിധ തലങ്ങളെ ആഴത്തിൽ സ്വാധീനിക്കുന്നതും പാരമ്പര്യത്തിൽ വേരുറച്ചതുമായ കലകൾ വ്യക്തിത്വരൂപീകരണത്തിൽ നിർണായക പങ്കാണ് വഹിക്കുന്നത്. പ്രീപ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള സ്കൂൾ വിദ്യാഭ്യാസഘട്ടങ്ങളിൽ ഒരു മുഖ്യ പാഠ്യ വിഷയമെന്ന നിലയിൽ കലാപഠനത്തെ സമീപിക്കണം.
- വിദ്യാലയ പ്രവേശനം ലഭിക്കുന്ന എല്ലാ കുട്ടികളെയും ലക്ഷ്യം വച്ചു കൊണ്ടുള്ള പഠന സമീപനമാണ് സ്വീകരിക്കേണ്ടത്.
- ശിശുകല എന്നത് ഒട്ടേറെ സവിശേഷതകളുള്ളഒന്നാണ് കുട്ടിയുടെ ഭാവനയിൽ വസ്തുക്കളുടെ യഥാർത്ഥ ചിത്രങ്ങളോ ഭാവങ്ങളോ രൂപങ്ങളോ ശബ്ദങ്ങളോ അതേപോലെ തെളിയണമെന്നില്ല ഓരോ കാര്യവും ശിശുവിന്റെ പക്ഷത്ത് നിന്ന് നോക്കിക്കാണുവാൻ അധ്യാപികയ്ക്ക് കഴിയണം. ബാലഭാവനയെ മനസ്സിലാക്കുക എന്നതാണ് ശിശുകേന്ദ്രീകൃത കലാപഠനത്തിന്റെ കാതൽ. കുട്ടിയുടെ അനുഭവ പരിസരത്തിൽ നിന്നാവണം എല്ലായ്പ്പോഴും കലാപഠനം തുടങ്ങേണ്ടത്. പരിചിതമായ നാടൻപാട്ടുകളോ സിനിമാഗാനങ്ങളോ അനുഷ്ഠാനഗാനങ്ങളോ ഒക്കെയാവും പഠിതാവിന്റെ സംഗീതപരമായ അനുഭവപരിസരം. ഇത്തരം ഗാനങ്ങൾക്കോ വായ്ത്താരികൾക്കോ അനുസരിച്ചുള്ള താളാത്മകചലനങ്ങളാവും കുട്ടിയുടെ നൃത്തബോധത്തിന്റെ അടിസ്ഥാനം. മറ്റാരുടേയും പ്രേരണയില്ലാതെ കുട്ടി സ്വയം വരയ്ക്കുന്ന, പ്രത്യക്ഷത്തിൽ അപൂർണവും അനുപാതരഹിതവുമെന്ന് മുതിർന്നവർക്ക് തോന്നാവുന്ന ചിത്രങ്ങളാണ് ചിത്രകലയിൽ അവരുടെ അടിത്തറ.
- കുട്ടിയിൽ സ്വാഭാവികമായി രൂപപ്പെടുന്ന കലാബോധത്തെയാണ് അധ്യാപകൻ കൈത്താങ്ങ് നൽകി പരിപോഷിപ്പിച്ച് മികവിലേയ്ക്ക് നയിക്കേണ്ടത്. അതാത് പ്രദേശത്തെ സാംസ്കാരിക പൈതൃകമെന്ന നിലയിൽ വികസിച്ചിട്ടുള്ള സംഗീത നൃത്തനാടകാദികലകളും കലാംശം ഉൾക്കൊള്ളുന്ന കൈവേലകളും കുട്ടിയുടെ അനുഭവ പരിസരമായി അധ്യാപകൻ മനസ്സിലാക്കേണ്ടതുണ്ട്. കുട്ടി ലോകത്തെ അറിയുന്നത് ജ്ഞാനേന്ദ്രിയങ്ങളിലൂടെയാണ്. ദർശനം, സ്പർശനം, ശ്രവണം എന്നിവയിലൂടെ പ്രകൃതിയുടെ സമഗ്രത സ്വാംശീകരിക്കുമ്പോഴാണ് കലാപ്രകടനങ്ങളിൽ മികവുണ്ടാകുന്നത്. ഇതര വിഷയ പഠനങ്ങൾക്കും ദൈനംദിന ജീവിതത്തിലും കലാപഠനത്തിലൂടെ ആർജിക്കുന്ന നിരീക്ഷണ ശേഷി ഏറെ പ്രയോജനപ്രദമാണ്.
- സൗന്ദര്യാംശത്തെ തിരിച്ചറിയുകയും ആസ്വദിക്കുകയും ചെയ്യുക എന്നതാണ് കലാപഠനത്തിൽ സ്വീകരിക്കേണ്ട സമീപനം.
- ഓരോ വ്യക്തിയും കഴിവുകളുടെ കാര്യത്തിൽ വ്യത്യസ്തരാണെന്നതുകൊണ്ട് ആസ്വാദനത്തിലും പ്രകടനത്തിലും അന്തരം സ്വാഭാവികമാണ്. ഓരോ കുട്ടിക്കും വ്യക്തിഗതമായി എത്തിച്ചേരാവുന്ന പരമാവധിയിലേക്കെത്തുവാൻ അവസരമൊരുക്കുന്നതിനാവണം ശ്രദ്ധ. കുട്ടികളുടെ സർഗാത്മകതയെ വളർത്തുക എന്നതാവണം പരമാവധി കലാപഠനത്തിൽ സ്വീകരിക്കേണ്ട രീതി.
- ഉദ്ഗ്രഥിത പഠന രീതിയാണ് ആദ്യഘട്ടങ്ങളിൽ സ്വീകാര്യമാകുക. ഇതര പാഠ്യവിഷയങ്ങളുമായുള്ള ഉദ്ഗ്രഥന സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം കലയുടെ വിവിധ ഘടകങ്ങൾ തമ്മിൽ ഉദ്ഗ്രഥിക്കുന്നതും പ്രാധാന്യമർഹിക്കുന്നു.
- പ്രാദേശിക വൈദഗ്ധ്യം കണ്ടെത്തുന്നതിനും അത് ഉപയോഗപ്പെടുത്തി കലാപഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവസരമൊരുക്കണം.

## കലാവിദ്യാഭ്യാസം - പഠനലക്ഷ്യം

- പഠിതാവിന്റെ കലാപരമായ വ്യക്തിത്വം വികസിപ്പിക്കാനാവശ്യമായ പ്രചോദനങ്ങളും പ്രവർത്തനങ്ങളും മാർഗനിർദേശങ്ങളും സഹായവുമാണ് കലാപഠന ക്ലാസിലൂടെ കുട്ടിക്ക് ലഭിക്കേണ്ടത്. അതിനായി നിറം, ആകൃതി, രൂപം, ചലനം, താളം, ശബ്ദം എന്നിവയുടെ സൗന്ദര്യം അറിയുകയും അവയോടു പ്രതികരിക്കാനുള്ള ആസ്വാദനശേഷി വളർത്തിയെടുക്കുകയും ചെയ്യുന്നതിന് വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ ക്ലാസിൽ ഒരുക്കണം. സംഗീതം, നൃത്തം, ചിത്രരചന, ശില്പകല, നാടകം, സിനിമ തുടങ്ങിയ കലാമേഖലകളെ പഠനാനുഭവങ്ങൾക്കായി സംവിധാനം ചെയ്യണം.
- പഠിതാവിന്റെ നൈസർഗികമായ കലാവാസനകളെ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.
- വിവിധകലകളെ ആസ്വദിക്കുന്നതിനും കലയിലെ സൗന്ദര്യാത്മകത ഉൾക്കൊള്ളുന്നതിനും
- കലയുടെ ആസ്വാദ്യത ഉൾക്കൊണ്ട് സാമൂഹിക ജീവിതത്തിൽ മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന്.
- സാംസ്കാരിക വൈവിധ്യം തിരിച്ചറിഞ്ഞ് സാംസ്കാരികാവബോധം വളർത്തുന്നതിന്
- കലയുടെ ഊർജം ഉൾക്കൊണ്ട് നവീനങ്ങളായ ചിന്തകളിൽ ഏർപ്പെടുന്നതിനും സന്തുലിതമായ സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിനും
- കലയെ ഉപയോഗപ്പെടുത്തി മറ്റുവിഷയങ്ങളുടെ പഠനം ഫലപ്രദമാക്കുന്നതിന്
- ബഹുമുഖബുദ്ധിവികാസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്
- ഭിന്നനിലവാരക്കാരായ വിദ്യാർത്ഥികളെ ഒരുപോലെ പഠനപ്രവർത്തനങ്ങളിൽ തൽപ്പരരാക്കുന്നതിന്.
- അമൂർത്തമായ അനുഭവങ്ങളെ മൂർത്തമായ ബിംബങ്ങളായി പരിവർത്തിപ്പിക്കുന്നതിലൂടെ മാനസികോല്ലാസം കൈവരിക്കുന്നതിന്.
- വിവിധ പഠനപ്രവർത്തനങ്ങളിൽ അനുരൂപീകരണ സാധ്യതകൾ കണ്ടെത്തുന്നതിനും ഉപയോഗപ്പെടുത്തിനും.
- കുട്ടികളുടെ ആസ്വാദന നിലവാരം ഉയർത്തുന്നതിന്
- വിവിധകലകളിൽ പ്രത്യേക അഭിരുചിയുള്ള കുട്ടികളുടെ സർഗശേഷി വികസിപ്പിക്കുന്നതിന്
- വിവിധ കലകളോട് ആഭിമുഖ്യം വളർത്തുന്നതിന്
- കലാകാരന്മാരെ അറിയുന്നതിനും അവരുടെ സംഭാവനകൾ തിരിച്ചറിഞ്ഞ് ബഹുമാനിക്കുന്നതിനും
- ആർജിത കലാജ്ഞാനം നൂതന സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിന്
- വിവിധകലകളെ സാമൂഹ്യപരിഷ്കരണ ലക്ഷ്യത്തോടെ പ്രയോജനപ്പെടുത്താൻ കഴിയുന്നതിന്
- വിവിധകലകളുടെ സാങ്കേതികാംശങ്ങൾ തിരിച്ചറിയുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും

**കലാപഠനം വിവിധ മേഖലകൾ**

- ഇന്ദ്രിയാനുഭവങ്ങളോട് കാഴ്ചയിലൂടെയും ശബ്ദത്തിലൂടെയും ചലനത്തിലൂടെയും പെരുമാറ്റത്തിലൂടെയുമുള്ള ഉദാത്തീകൃതമായ പ്രതികരണങ്ങളാണ് യഥാക്രമം ചിത്രകലയായും സംഗീതമായും നൃത്തമായും നാടകമായും പരിണമിച്ചത്. അതുകൊണ്ട് തന്നെ ഈ കലകളിൽ ഏർപ്പെടാനും ആസ്വദിക്കാനുമുള്ള കഴിവ് വികസിക്കേണ്ടതുണ്ട്.

**ചിത്രകല-**

വരകളുടെയും വർണങ്ങളുടെയും സമഞ്ജസമായ കൂടിച്ചേരലാണ് ചിത്രകലയിൽ ഉള്ളത്.

- ദ്വിമാനമായ പ്രതലത്തിൽ വെളിച്ചത്തേയും നിഴലിനെയും ഉചിതമായി സന്നിവേശിപ്പിച്ച് സൃഷ്ടിക്കപ്പെടുന്ന രൂപങ്ങൾ സൃഷ്ടിക്കുന്ന ഭാവതലം ആസ്വാദകരിലേക്ക് പകർന്നു നൽകുകയാണിവിടെ. രേഖകളും ചായങ്ങളുമാണ് ചിത്രകാരന്റെ ഉപാധികൾ. ചുറ്റുപാടുമുള്ളതിന്റെ നിരീക്ഷണത്തിലൂടെ മനസ്സിൽ പതിയുന്ന കാഴ്ചകൾ ഉണ്ടാക്കുന്ന പ്രതികരണങ്ങൾ തന്റേതായ കാഴ്ചപ്പാടിലൂടെ രചിക്കുകയാണ് കലാകാരൻ ചെയ്യുന്നത്.
- ചിത്രരചനയുടെ വ്യത്യസ്ത തലങ്ങൾ ഓരോഘട്ടങ്ങളായി പരിചയപ്പെടുകയും പരിശീലിക്കുകയും ചെയ്യുക എന്നതാണ് ചിത്രകലാപഠനത്തിന്റെ പ്രധാന ഉദ്ദേശ്യം.

**പഠനോദ്ദേശ്യങ്ങൾ**

- ചിത്രരചനയുടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നതിനും ചിത്രരചനയിൽ ഏർപ്പെടുന്നതിനും.
- വിവിധങ്ങളായ ചിത്രരചനാ രീതികൾ പരിചയപ്പെടുന്നതിനും ധാരണകൾ നേടുന്നതിനും
- ചിത്രരചനയിലൂടെ വിജ്ഞാനത്തെ ഉല്ലാസവേളകളാക്കുന്നതിനും ചിത്രരചനയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അറിവിന്റെ ആർജിക്കൽ ഉല്ലാസകരമാക്കുന്നതിനും
- ചിത്രകാരന്മാരെ അറിയുന്നതിനും ചരിത്രപരമായ ധാരണകൾ രൂപീകരിക്കുന്നതിനും
- മറ്റു വിഷയങ്ങളുടെ പഠനത്തിൽ ചിത്രരചനയുടെ സാധ്യതകൾ പ്രയോഗിക്കുന്നതിൽ ധാരണ നേടുന്നതിന്
- ചിത്രങ്ങൾ നിരീക്ഷിക്കുന്നതിനും ആസ്വാദനം വളർത്തുന്നതിനും
- വിവിധ ശില്പങ്ങൾ നിരീക്ഷിക്കുന്നതിനും നിർമാണത്തിൽ ഏർപ്പെടുന്നതിനും
- ശില്പ കലാകേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും അവയുടെ സാംസ്കാരിക പ്രാധാന്യം ഉൾക്കൊള്ളുന്നതിനും
- ശില്പകലയുടെ ചരിത്രപരമായ വിവരങ്ങൾ ശേഖരിക്കുന്നതിനും പുതിയ അന്വേഷണത്തിലേയ്ക്ക് നയിക്കുന്നതിനും

**വിവിധ വിഭാഗങ്ങൾ**

- പെൻസിൽ ഡ്രോയിംഗ്, ക്രയോണുകൾ, കാർട്ടുണുകൾ, ചായപെൻസിലുകൾ, സ്കെച്ചു പെന്നുകൾ എന്നിവ ഉപയോഗിച്ച് വരയ്ക്കുന്ന വർണ ചിത്രങ്ങൾ ജലച്ചായം, എണ്ണച്ചായം എന്നീ മാധ്യമങ്ങളിലൂടെ വരയ്ക്കുന്ന പെയിന്റിംഗുകൾ എന്നിങ്ങനെ പലതരത്തിലുള്ള രചനകൾ.
- രേഖാചിത്രങ്ങൾ, പെയിന്റിംഗുകൾ, കാർട്ടൂണുകൾ, കാരിക്കേച്ചറുകൾ എന്നിങ്ങനെ പല വിഭാഗത്തിലുള്ള ചിത്രങ്ങൾ.
- വിവിധ പ്രതലങ്ങളിലും വിവിധ ഉപകരണങ്ങൾ ഉപയോഗിച്ചും ചിത്രങ്ങൾ വരയ്ക്കൽ.

**സംഗീതം**

കുട്ടികളുടെ മനസ്സിനെ സംസ്ക്കരിച്ച് സ്വഭാവ ശുദ്ധി ഉറപ്പുവരുത്തുന്നതിൽ സംഗീതത്തിന് വലിയ സ്ഥാനമുണ്ട്. മനസ്സിനെ ശുദ്ധീകരിക്കാനും ബുദ്ധിയെ ഉദ്ദീപിപ്പിക്കാനും അതുവഴി ഭാവന ഉണർത്താനും സർഗശേഷി കൈവരിക്കാനും സംഗീത പഠനത്തിലൂടെ കഴിയും.

വിവിധങ്ങളായ ഘട്ടങ്ങളിലൂടെയാണ് ഒരു കുട്ടിയിൽ സംഗീതാഭ്യാസനം പുരോഗമിക്കുന്നത്. കൃത്യവും സൂക്ഷ്മവുമായ നിരീക്ഷണം, ആശയവിനിമയം, ആവിഷ്ക്കാരം, ആസ്വാദനം, പ്രകടനം എന്നിവയാണവ. താളബോധവും ശബ്ദസ്വാധീനവും ക്രമീകരണവും സംഗീതപഠനത്തിന് ആവശ്യമാണ്.

- മറ്റ് വിഷയങ്ങളുടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട സംഗീത പഠന സാധ്യതകൾ ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്.

**പഠനോദ്ദേശ്യങ്ങൾ**

- വിവിധ സംഗീത രൂപങ്ങളെ പരിചയപ്പെടുന്നതിന്.
- കുട്ടികൾക്ക് സംഗീതത്തോട് ആഭിമുഖ്യം വളർത്തുന്നതിന്.
- സംഗീത രൂപങ്ങൾ പരിചയപ്പെടുന്നതുവഴി സാംസ്കാരികത്തനിമയെ തിരിച്ചറിയുന്നതിനും സാംസ്കാരികാവബോധം വളർത്തുന്നതിനും
- ദേശഭക്തിഗാനങ്ങൾ ആലപിക്കുന്നതിനും ദേശീയമായ കാഴ്ച്ചപ്പാട് രൂപീകരിക്കുന്നതിനും
- സംഗീതജ്ഞരെ അറിയുന്നതിനും സംഭാവനകൾ തിരിച്ചറിയുന്നതിനും
- സംഗീതചരിത്രം മനസ്സിലാക്കുന്നതിന്
- സംഗീതോപകരണങ്ങളെ പരിചയപ്പെടുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വികസിപ്പിക്കുന്നതിനും
- ഒറ്റയ്ക്കും കൂട്ടായും വിവിധ ഗാനാലാപനങ്ങളിൽ ഏർപ്പെടുന്നതിന്
- സംഗീത ശാഖകളിലെ താളങ്ങളും രാഗങ്ങളും പരിചയപ്പെടുന്നതിന്
- സംഗീതത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി മറ്റുവിഷയപഠനം ആസ്വാദ്യകരമാക്കുന്നതിന്

**വിവിധവിഭാഗങ്ങൾ**

- വായ്ത്താരികൾ
- ശിശുഗാനങ്ങൾ, കടംകവിതകൾ, പഴഞ്ചൊൽപ്പാട്ടുകൾ, കഥാഗാനങ്ങൾ
- നാടൻപാട്ടുകൾ
- ലളിതഗാനങ്ങൾ
- വിവിധ കലാരൂപങ്ങളുമായി ബന്ധപ്പെട്ട ഗാനങ്ങൾ
- ദേശീയഗാനം, ദേശഭക്തിഗാനങ്ങൾ
- ഉപകരണസംഗീതം

**നൃത്തകല**

ശരീരമാണ് നൃത്തത്തിന്റെ മാധ്യമം. അംഗം, പ്രത്യംഗം, ഉപാംഗം എന്നീ അവയവങ്ങൾ ചേർന്നുള്ള സൗന്ദര്യാത്മകമായ ശരീര ചലനങ്ങളുടെ വൈകാരിക പ്രകടനങ്ങളാണ് നൃത്തം. സൗന്ദര്യാവബോധം വളരുന്നതിനും വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും അച്ചടക്കം ശീലിക്കുന്നതിനും ശാസ്ത്രീയമായ താളബോധം ഉണ്ടാക്കുന്നതിനും നൃത്തപഠനം സഹായകമാകുന്നു. വിവിധതരം നൃത്തശൈലികളും സങ്കേതങ്ങളും പരിചയപ്പെടുന്നതിനും ഭാരതീയവും കേരളീയവുമായ നൃത്തരൂപങ്ങൾ ആസ്വദിക്കുന്നതിനും ലക്ഷ്യമിടുന്നു.

**പഠനോദ്ദേശ്യങ്ങൾ**

- ചതുർവിധാഭിനയങ്ങളെപ്പറ്റി ധാരണ രൂപീകരിക്കുന്നതിന്
- വിവിധ നൃത്തരൂപങ്ങളെ പരിചയപ്പെടുന്നതിന്
- നൃത്തം ആസ്വദിക്കുന്നതിനും നൃത്തപരിപാടികളിൽ പങ്കാളിയാകുന്നതിനും
- വിവിധ നൃത്തരൂപങ്ങളുടെ സാംസ്കാരിക പ്രാധാന്യം തിരിച്ചറിയുന്നതിന്

- നൃത്തത്തിന്റെ ചരിത്രപരമായ ധാരണകൾ രൂപീകരിക്കുന്നതിനും കലാപരമായ കൂടുതൽ അന്വേഷണങ്ങളിലേയ്ക്ക് നയിക്കുന്നതിനും
- ദൃശ്യാവിഷ്ക്കാരത്തിൽ ഏർപ്പെടുന്നതിലൂടെ പഠനം ആസ്വാദ്യകരമാക്കുന്നതിന്.

**വിവിധവിഭാഗങ്ങൾ**

- നാടോടിനൃത്തങ്ങൾ
- ശാസ്ത്രീയ നൃത്തങ്ങൾ

**നാടകം**

ക്രിയാ പ്രധാനമായ കലയാണ് നാടകം. ക്രിയാംശം ബാഹ്യമായ ചില പ്രത്യേകരംഗ സഞ്ചാരങ്ങളേയും ചേഷ്ടകളേയും അനിവാര്യമാക്കിത്തീർക്കുന്നുണ്ട്. കഥാലക്ഷ്യം, കഥാപാത്രം, സംഘട്ടനം, സംഭാഷണം എന്നീ നാല് അടിസ്ഥാനഘടകങ്ങളുടെ പരസ്പരപൂരകത്തിൽ നിന്നാണ് നാടകം ഉണ്ടാകുന്നത്. ചിത്ര-ശില്പകലകൾ, സംഗീതം, അഭിനയം, നൃത്തം എന്നിങ്ങനെ എല്ലാകലകളും നാടകത്തിൽ ഉൾച്ചേർന്നിരിക്കുന്നു.

**പഠനോദ്ദേശ്യങ്ങൾ**

- വിവിധനാടകങ്ങൾ കാണുന്നതിനും സാമൂഹിക പ്രസക്തി ബോധ്യപ്പെടുന്നതിനും
- ലഘുനാടകങ്ങളിൽ ഏർപ്പെട്ട് അഭിനയപരമായ സിദ്ധി വികസിപ്പിക്കുന്നതിന്
- നാടകങ്ങൾ രചിക്കുന്നതിനും അവതരണത്തിൽ ഏർപ്പെടുന്നതിനുമുള്ള താല്പര്യം വളർത്തുന്നതിനും
- നാടകത്തിന്റെ സാങ്കേതികത തിരിച്ചറിയുന്നതിനും നാടകപരിപാടികൾ അവതരിപ്പിക്കുന്നതിനും
- നാടകവുമായി ബന്ധപ്പെട്ട ഘടകങ്ങളെ (രംഗസജ്ജീകരണം, സംഭാഷണം, അഭിനയം, സംഗീതം..) തിരിച്ചറിയുന്നതിനും നാടകാവതരണത്തിലൂടെ ആസ്വാദ്യത ഉൾക്കൊള്ളുന്നതിനും കലാപരമായ കൂടുതൽ അന്വേഷണത്തിലേയ്ക്ക് നയിക്കുന്നതിനും
- വിവിധ നാടകരൂപങ്ങളെ മനസ്സിലാക്കുന്നതിനും അവയിൽ ഏർപ്പെടുന്നതിനും നാടകത്തിന്റെ സാംസ്കാരിക തലം തിരിച്ചറിയുന്നതിനും.
- വിവിധ വിഷയപഠനത്തിന് നാടകത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നതിനും പഠനം ആസ്വാദ്യകരമാക്കുന്നതിനും

**വിവിധ വിഭാഗങ്ങൾ**

- ഏകാങ്കനാടകങ്ങൾ
- ഏകാഭിനയനാടകങ്ങൾ
- തെരുവുനാടകങ്ങൾ
- രംഗനാടകങ്ങൾ

**കലാപഠനം വിലയിരുത്തൽ**

പഠന ബോധന പ്രക്രിയയുടെ അവിഭാജ്യഘടകമാണ് വിലയിരുത്തൽ. കലയുമായി ബന്ധപ്പെടുത്തി രൂപപ്പെടുത്തിയിട്ടുള്ള പഠനനേട്ടങ്ങൾ എത്രമാത്രം തൃപ്തികരമായി നിർവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്, പഠിതാക്കളുടെ താല്പര്യങ്ങൾ കണ്ടെത്താനും പഠനം ആഹ്ലാദകരമാക്കാനും സാധ്യമായിട്ടുണ്ടോ തുടങ്ങിയവ വിലയിരുത്തലിലൂടെ നിർവഹിക്കപ്പെടണം കലാപഠനത്തിന്റെ വിലയിരുത്തൽ സംബന്ധിച്ച വിശദാംശങ്ങൾ

**വിലയിരുത്തൽ എന്ത്?**

കലയുമായി ബന്ധപ്പെട്ട പഠനനേട്ടം പഠിതാവ് എത്രമാത്രം നേടിയിട്ടുണ്ട്? വിവിധ ശേഷികളും നൈപുണികളും എത്രമാത്രം മികവോടെ നേടാൻ സാധിച്ചു എന്ന അന്വേഷണമാണ് വിലയിരുത്തൽ. പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന തരത്തിലുള്ള വിലയിരുത്തലാണ് വേണ്ടത്. വിലയിരുത്തൽ കലാപഠനത്തിന്റെ പുരോഗതിയുടെ വിലയിരുത്തൽ ആകണം. സ്വയം തിരുത്തലുകൾ വരുത്തിക്കൊണ്ട് പഠിതാവിന് എത്രത്തോളം മുന്നേറാൻ സാധിച്ചു എന്ന വിലയിരുത്തലാകണം.

**വിലയിരുത്തൽ എങ്ങനെ**

നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ രീതിയാണ് നടപ്പാക്കേണ്ടത്. ഇത്തരത്തിലൊരു വിലയിരുത്തൽ രീതി നടപ്പാക്കുമ്പോൾ കലാപഠനത്തിന്റെ ഓരോ മേഖലയുമായി ബന്ധപ്പെടുത്തി രണ്ടുതരത്തിലുള്ള വിലയിരുത്തലിന് അവസരം ഒരുക്കണം.

- ക്ലാസ് മുറിയിലെ പഠന പ്രക്രിയയോടൊപ്പമുള്ള വിലയിരുത്തൽ
- പ്രകടന വിലയിരുത്തലും (Performance) വൈജ്ഞാനിക വിലയിരുത്തലും.
- ക്ലാസ്മുറിയിലെ പഠനപ്രക്രിയയോടൊപ്പമുള്ള വിലയിരുത്തൽ, നിരന്തര വിലയിരുത്തൽ (CE)

**പ്രക്രിയവിലയിരുത്തൽ**

പഠനപ്രക്രിയ നിർവഹിക്കുന്ന വേളയിൽ അധ്യാപകന്റെ നിരീക്ഷണം, ക്ലാസ്മുറിയിലെ പഠിതാവിന്റെ പ്രകടനം, കലാപഠനവുമായി ബന്ധപ്പെട്ടവിവരശേഖരണം (പോർട്ട് ഫോളിയോ) യൂണിറ്റ് വിലയിരുത്തൽ മുതലായവ അടിസ്ഥാനപ്പെടുത്തി പഠന പ്രക്രിയയോടൊപ്പമുള്ള വിലയിരുത്തൽ നിർവഹിക്കാം.

## ഉപയോഗിക്കാവുന്ന സൂചകങ്ങൾ

- പ്രവർത്തനത്തിലെ പങ്കാളിത്തം
- ആശയധാരണ
- ശേഷികൾ ആർജിക്കൽ
- പ്രകടനം / അവതരണം
- രേഖപ്പെടുത്തൽ

സാമൂഹികവൈകാരികമേഖലകളിലെ നൈപുണികളുടെ വിലയിരുത്തൽ പ്രക്രിയവിലയിരുത്തലിന്റെ ഭാഗമായി നടക്കണം.

**കുട്ടിയുടെ കലാപഠന ഡയറി**

ഡയറി / നോട്ട്ബുക്ക് പ്രക്രിയയുടെ വിലയിരുത്തലിനുള്ള തെളിവായി ഉപയോഗപ്പെടുത്താം.

**പോർട്ട് ഫോളിയോ വിലയിരുത്തൽ**

പഠനത്തെ സംബന്ധിച്ച് കുട്ടിക്കും രക്ഷിതാവിനും അധ്യാപികയ്ക്കും ഫീഡ്ബാക്ക് നൽകുന്ന ധർമ്മമാണ് പോർട്ട് ഫോളിയോ നിർവഹിക്കുന്നത്.

**പോർട്ട്ഫോളിയോയുടെ ഉള്ളടക്കം**

- കലാപഠനഡയറി / നോട്ട്ബുക്ക്
- മറ്റ് രചനകൾ
- ചിത്രങ്ങൾ, ശേഖരണം
- വർക്ക്ഷീറ്റുകൾ

**ടീച്ചിംഗ് മാന്വൽ**

പ്രക്രിയവിലയിരുത്തലിനായി ടീച്ചിംഗ് മാന്വലും പ്രയോജനപ്പെടുത്തുന്നു.

**യൂണിറ്റ് തലവിലയിരുത്തൽ**

യൂണിറ്റുമായി ബന്ധപ്പെട്ട വാചികവിലയിരുത്തൽ, പ്രകടനവിലയിരുത്തൽ, യൂണിറ്റിന്റെ പൊതുധാരണ വിലയിരുത്തുന്ന ക്വിസ് മത്സരങ്ങൾ.

**ടേം വിലയിരുത്തൽ**

പ്രകടനവിലയിരുത്തലും വൈജ്ഞാനിക വിലയിരുത്തലും.

- കലാപഠനത്തിൽ പ്രകടനവിലയിരുത്തലിനാണ് ഏറെ പ്രസക്തിയുള്ളത്. ഓരോ മേഖലയുമായി ബന്ധപ്പെടുത്തി ക്ലാസ് ബന്ധിതമായ പ്രകടന സാധ്യതകൾ പഠനനേട്ടത്തിന് ഊന്നൽ നൽകിക്കൊണ്ട് കണ്ടെത്തുക. വിഷയവുമായി ബന്ധപ്പെട്ട് അവശ്യം അറിഞ്ഞിരിക്കേണ്ടുന്ന അടിസ്ഥാന വൈജ്ഞാനിക ധാരണകൾ കൂടി ഇതോടൊപ്പം പരിശോധിക്കാവുന്നതാണ്.

- വിലയിരുത്തലിനുവേണ്ടി ഫോർമാറ്റ് ഉപയോഗിക്കണം.
- ഗ്രേഡിംഗ് രീതി അവലംബിക്കണം.
- വിലയിരുത്തൽ വാർഷിക ക്രോഡീകരണം നടത്തണം.
- CE, TE ഗ്രേഡുകൾക്ക് പുറമെ സാമൂഹിക വൈകാരിക മേഖലകളിലെ ഗുണാത്മകമായ രേഖപ്പെടുത്തലുകൾ കൂടി വാർഷിക ഫോർമാറ്റിൽ ഉൾപ്പെടുത്തണം.

### പഠനനേട്ടം : 5

**കലാപഠനത്തിലൂടെ കുട്ടിയുടെ ബഹുമുഖ ബുദ്ധിയുടെ വികാസം ഉറപ്പാക്കൽ**

മനുഷ്യബുദ്ധിക്ക് ബഹുമുഖങ്ങൾ ഉണ്ടെന്ന് ഹോവാർഡ് ഗാർഡ്നർ സിദ്ധാന്തിച്ചു. ഈ കാര്യങ്ങൾ മന:ശാസ്ത്രവുമായി ബന്ധപ്പെടുത്തി ഇതിനകം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്.

എന്തെല്ലാമാണ് നിങ്ങൾക്കു ലഭിച്ച ധാരണകൾ.

കലയുമായി സവിശേഷബന്ധമുള്ള മേഖലകളാണ് കലാപഠനത്തിന്റെ ഭാഗമായി നമ്മൾ പരിശോധിക്കുന്നത്.

**ദൃശ്യ-സ്ഥലപരബുദ്ധി**

വിവിധരൂപങ്ങൾ നിർമ്മിക്കുന്നതിനും ത്രിമാന രൂപങ്ങളും ബിംബങ്ങളും ഉൾക്കൊള്ളുന്നതിനും നമുക്ക് കഴിയുന്നത് ഈ ബുദ്ധിയുള്ളതിനാലാണ്. മസ്തിഷ്കത്തിന്റെ വലതുവശത്തെ അർധഗോളത്തിലാണ് ദൃശ്യ-സ്ഥലപരബുദ്ധിയുടെ സ്ഥാനം.

ഭൂപടം, ചാർട്ടുകൾ, ഡയഗ്രം എന്നിവ വായിക്കുന്നതിനും പ്രതീകങ്ങളെയും ചിത്രങ്ങളെയും കുറിച്ച് ചിന്തിക്കുന്നതിനും ചിത്രീകരിക്കുന്നതിനുമുള്ള കഴിവ് ദൃശ്യ-സ്ഥലപരബുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. പഠനരീതി രൂപകല്പനചെയ്യുമ്പോൾ ദൃശ്യ സൂചനകൾ, ചിത്രങ്ങൾ, പോസ്റ്ററുകൾ, ഡയഗ്രം, കൊളാഷ്, നിറങ്ങൾ പ്രയോജനപ്പെടുത്തിയ സാമഗ്രികൾ, മാതൃകകൾ ഇവ ഉപയോഗിക്കുന്നതിനും ഇവ നിർമ്മിക്കുന്നതിനും പ്രാധാന്യം നൽകണം.

**സംഗീതപരമായ ബുദ്ധി**

പഠനത്തിൽ സംഗീതത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തണം. സംഗീതം കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും താല്പര്യം ജനിപ്പിക്കണം. സംഗീതത്തിന്റെ സൂക്ഷ്മാംശങ്ങൾ ശ്രദ്ധിക്കാൻ അവ

സരം ഒരുക്കണം. കവിതകളുടെ താളം കണ്ടെത്തൽ, ഈണവും താളവും നൽകൽ, സമാനതാളമുള്ളവ കണ്ടെത്തൽ, താളവ്യത്യാസം താരതമ്യം ചെയ്യൽ, സംഗീതോപകരണങ്ങളുടെ ഉപയോഗം, ശ്രാവ്യസങ്കേതങ്ങൾ പ്രയോജനപ്പെടുത്തൽ, കലാസ്വാദന പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംഗീതപരമായ ബുദ്ധി പോഷിപ്പിക്കണം.

**ശാരീരിക - ചലനപരമായ ബുദ്ധി**

സഹജമായ അവബോധത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഭൗതിക സാഹചര്യങ്ങൾക്കിണങ്ങും വിധം ശാരീരികചലനപരമായി ഓരോരുത്തരും പ്രതികരിക്കുന്നത്. മസ്തിഷ്കത്തിന്റെ ഇടത് വലത് അർദ്ധഗോളങ്ങൾ എതിർഭാഗത്തുള്ള ശാരീരിക ചലനങ്ങൾ നിയന്ത്രിക്കുന്നു. ശാരീരിക ചലനങ്ങൾ നിർണയിക്കുന്നത് തികച്ചും ബുദ്ധിപരമായ ഒരു കഴിവാണ്. പ്രതിഭാശാലികൾ ശാരീരിക ചലനപരമായ കഴിവുകൾ ഔപചാരിക പരിശീലനം ലഭിക്കുന്നതിനുമുമ്പുതന്നെ പ്രകടിപ്പിക്കുന്നു. പ്രവർത്തനങ്ങളിലൂടെയുള്ള പഠനം, പരീക്ഷണങ്ങൾ, കരകൗശല പ്രവർത്തനങ്ങൾ, നിർമ്മാണങ്ങൾ, അനുകരണം, നാടകീകരണം, മൈമിംഗ്, ശരീരഭാഷ ഉപയോഗിക്കൽ, ഗെയിംസ്, ചലനസാധ്യതയുള്ള മറ്റ് പ്രവർത്തനങ്ങൾ, കായിക പ്രാധാന്യമുള്ള പ്രവർത്തനങ്ങൾ, കളികൾ എന്നിവ ശാരീരിക-ചലനബുദ്ധിവികാസം കണക്കിലെടുത്ത് പഠന സമ്പ്രദായത്തിൽ ഉൾപ്പെടുത്തണം.

**പഠന പ്രവർത്തനസാധ്യതകൾ**

**ദൃശ്യസ്ഥലപരബുദ്ധി**

- ഭൂപടത്തിൽ നിത്യഹരിതവനപ്രദേശങ്ങളുടെ സ്ഥാനം നിർണയിക്കൽ.
- സ്ലൈഡ് ഷോ, വനചിത്രങ്ങളുടെ പ്രദർശനം.
- ചിത്രരചന (നിത്യഹരിതവനങ്ങളിലെ സസ്യങ്ങളുടെ തട്ടുകൾ വ്യക്തമാക്കുന്നവ)
- നിത്യഹരിത വനങ്ങളിലെ നിറങ്ങൾ
- പോസ്റ്റർ തയാറാക്കൽ (പരിസ്ഥിതി സംരക്ഷണം)

**സംഗീതപരബുദ്ധി**

- വനപർവം - കവിതകൾ ആസ്വദിക്കൽ
- കൂട്ടമായി അവതരിപ്പിക്കൽ
- സംഗീത ശില്പങ്ങൾ തയാറാക്കൽ

**ശാരീരിക ചലനപരബുദ്ധി**

- പഠനയാത്ര - ചലനങ്ങൾ അനുകരിക്കൽ
- പരിസ്ഥിതി സംരക്ഷണം - നാടകാവിഷ്ക്കാരം
- സംഗീത ശില്പങ്ങളുടെ അവതരണം

## പഠനനേട്ടങ്ങൾ : 6

**പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകാവുന്ന കലാപഠനപ്രവർത്തനങ്ങൾ**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെക്കുറിച്ച് വിശദമായി പഠിക്കുന്നതിനും ഈ വിഭാഗത്തിൽ വരുന്ന കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കലാ വിദ്യാഭ്യാസത്തിലൂടെ എങ്ങനെ പരിഹരിക്കാമെന്നും ചർച്ച ചെയ്യേണ്ടതല്ലേ? എന്തെല്ലാം കാര്യങ്ങളാണ് നാം ചർച്ചയ്ക്ക് പരിഗണിക്കുക?

**പഠനവൈകല്യം ഉള്ള കുട്ടികളിലെ വിദ്യാഭ്യാസപരമായ കഴിവുകളിൽ ഉള്ള ക്രമക്കേടുകൾ.**

- **ഡിസ്‌ലക്സിയ** → (വായനയുടെ വികസനത്തിലൂള്ള ക്രമക്കേടുകൾ) വായനയിലും വായിക്കുന്ന കാര്യങ്ങൾ ഗ്രഹിക്കുന്നതിലുമുള്ള പ്രശ്നങ്ങൾ.
- **ഡിസ്ഗ്രാഫിയ** → എഴുതുന്നതിന്റെ വികസനത്തിലുള്ള ക്രമക്കേടുകൾ കൈയക്ഷരത്തിലുള്ള പ്രശ്നങ്ങൾ അല്ലെങ്കിൽ എഴുതുന്ന കാര്യങ്ങൾ മറ്റുള്ളവർക്കോ, സ്വമേധയോ മനസ്സിലാക്കാനോ സ്വന്തം കൈയക്ഷരം സ്വന്തമായി വായിക്കാനോ കഴിയാതിരിക്കുക.
- **ഡിസ്കാൽക്കൂലിയ** → (കണക്ക് ചെയ്യുന്നതിലുള്ള വികസനത്തിലുള്ള ക്രമക്കേടുകൾ) കണക്കുകൾ കൂട്ടുന്നതിന് അല്ലെങ്കിൽ കണക്കുകളിൽ സാമാന്യബോധമുണ്ടാക്കുന്നതിലുള്ള പ്രശ്നങ്ങൾ.

**പഠനവൈകല്യമുള്ള കുട്ടികളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നൽകാവുന്ന കലാപഠനപ്രവർത്തനങ്ങൾ**

- കുട്ടികളെക്കൊണ്ട് ചിത്രങ്ങൾ പെയിന്റ് ചെയ്യിക്കുന്നതിലൂടെ അവരുടെ ഏകാഗ്രത വർദ്ധിപ്പിക്കാൻ കഴിയും.
- നിറംകൊടുക്കൽ - ഔട്ട്‌ലൈൻ ചിത്രങ്ങൾക്ക് -
- മാതൃകകൾ നിർമ്മിക്കൽ - കളിമണ്ണ്, വാക്സ് ഉപയോഗിച്ചുള്ള മോഡലുകൾ, ശില്പങ്ങൾ, ബ്ലോക്ക് ഡിസൈൻസ് നിർമ്മാണം.
- നിറം ക്രമീകരിക്കൽ -
- ICT സാധ്യതകൾ ഉപയോഗിച്ച് അനിമേഷൻ ഗെയിമുകൾ നൽകൽ.
- തിയേറ്റർ ഗെയിമുകൾ - നിരീക്ഷണം, ശ്രദ്ധ, സംഘബോധം എന്നിവ വളർത്തുന്നതിന്
- ചിത്രവായന, ചിത്രംവര - സൂക്ഷ്മതയും, ശ്രദ്ധയും പാലിക്കുന്നതിന്.
- കൂട്ടപ്പാട്ടുകൾ, വായ്ത്താരികൾ
- സംഗീതശില്പങ്ങൾ, ആംഗ്യപ്പാട്ടുകൾ
- സംഘക്കളികൾ, നൃത്തച്ചുവടുകൾ
- ലഘുസംഗീതോപകരണങ്ങൾ ഉപയോഗിച്ച് താളംപിടിക്കൽ
- പാട്ടുകേൾക്കൽ/ആസ്വദിക്കൽ
- 

പഠനവൈകല്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മറ്റ് എന്തെല്ലാം കലാപഠന പ്രവർത്തനങ്ങൾ നിർദ്ദേശിക്കാൻ കഴിയും? കുട്ടിയുടെ പ്രയാസങ്ങൾ പരഹരിക്കുന്നതിന് ഈ പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമാണെന്ന് വിശകലനം ചെയ്യേണ്ടതില്ലേ?

**ശ്രവണവൈകല്യങ്ങൾ (HI) Hearing Impairment**

കേൾവിക്കുറവെന്ന് പറയുന്നത് കേൾക്കുന്നതിനും ശബ്ദങ്ങൾ തിരിച്ചറിയുന്നതിനും ഉള്ള കഴിവ് കുറയുന്നതാണ്. പൂർണമായോ ഭാഗികമായോ ശബ്ദങ്ങൾ തിരിച്ചറിയുന്നതിനുള്ള കഴിവില്ലാത്ത അവസ്ഥയെയാണ് കേൾവിക്കുറവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. 60 ഡെസിബലോ അതിൽ കൂടുതലോ ശ്രവണശക്തി ഇല്ലാത്ത ഒരാളെയാണ് ബധിരനായിട്ട് വിലയിരുത്തുന്നത്.

**ശ്രവണ പരിമിതി നേരിടുന്ന കുട്ടികൾക്ക് നൽകാവുന്ന കലാപഠനപ്രവർത്തനങ്ങൾ:**

- ചിത്രംവര - ചിത്രത്തിന് നിറം കൊടുക്കൽ - ആശയത്തെ ചിത്രമാക്കൽ -ചിത്രനിരീക്ഷണം, ചിത്രക്കളരി -

- ശില്പനിർമ്മാണം – കളിമണ്ണ്, വാക്സ് എന്നിവ ഉപയോഗിച്ച്
- കൊളാഷ് നിർമ്മാണം – ആശയങ്ങൾ, സന്ദർഭങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തി.
- നാടകീകരണം – സന്ദർഭങ്ങളെ നാടകീകരിക്കൽ
- മൈമിംഗ് – നിശ്ചലദൃശ്യവൽക്കരണം.
- ഡാൻസ് – നൃത്തച്ചുവടുകൾ – താളത്തിനനുസരിച്ച് ചുവടുകൾ.
- ICT സാധ്യതകൾ – അനിമേഷൻ ചിത്രങ്ങൾ, കമ്പ്യൂട്ടർ ചിത്രങ്ങൾ.

ശ്രവണപ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് നൽകാവുന്ന മറ്റ് പ്രവർത്തനങ്ങൾ ഏതെല്ലാം? (കണ്ടെത്താനാകും) – ഈ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എത്രമാത്രം? വിശകലനം ചെയ്യുക.

**കാഴ്ചവൈകല്യം**

- ലോകാരോഗ്യ സംഘടനയുടെ നിർവചന പ്രകാരം അന്ധത എന്നത് കാഴ്ചയുടെ കൃത്യത 3/60 ൽ കുറവായിരിക്കുക അല്ലെങ്കിൽ കാഴ്ചയുടെ മണ്ഡലം 10 ഡിഗ്രിയിൽ കുറവായിരിക്കുകയാണ്.
- കാഴ്ചവൈകല്യം ഒരു കുട്ടിയുടെ വികാസത്തെ എങ്ങനെ ബാധിച്ചിരിക്കുന്നു എന്നത് കാഴ്ച വൈകല്യത്തിന്റെ തീവ്രത, വൈകല്യം ബാധിച്ച പ്രായം, ഏത് തരത്തിലുള്ള വൈകല്യം, എല്ലാ മേഖലയിലുമുള്ള കുട്ടിയുടെ പ്രവർത്തനങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നു.
- കോർട്ടിക്കൽ കാഴ്ചവൈകല്യം (CVI) എന്ന് പറയുന്നത് തലച്ചോറിലെ കാഴ്ചയുമായി ബന്ധപ്പെട്ട ഭാഗങ്ങൾക്കുണ്ടാകുന്ന തകരാറുകൾ കൊണ്ട് താല്ക്കാലികമായോ സ്ഥിരമായോ കാഴ്ചയ്ക്കുണ്ടാകുന്ന വൈകല്യാവസ്ഥയാണ്.
- ശ്രദ്ധ കേന്ദ്രീകരണം, ആശയവിനിമയം, ലക്ഷ്യബോധം, ചലനശക്തി, ദൈനം ദിന പ്രവൃത്തികൾ തുടങ്ങിയവ മെച്ചപ്പെടുത്താൻ വേണ്ടി പാഠ്യപദ്ധതിയിൽ ചില മാറ്റങ്ങളും ചില പ്രത്യേക ഉപകരണങ്ങളും ഉൾപ്പെടുത്തിയാൽ കാഴ്ച്ചവൈകല്യമുള്ള കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് സഹായകമാകും.

ഇത്തരം കുട്ടികളുടെ പ്രയാസങ്ങളും പരിമിതികളും മറികടക്കാൻ കലാവിദ്യാഭ്യാസത്തിന്റെ ഭാഗമായി എന്തെല്ലാം പഠനാനുഭവങ്ങൾ നൽകാൻ കഴിയും?

സംഗീതവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഇവർക്ക് നൽകാവുന്നതാണ്.

- നാടൻപാട്ടുകൾ, വായ്ത്താരികൾ, കൂട്ടപ്പാട്ടുകൾ
- സിനിമാപ്പാട്ടുകൾ, ലളിതഗാനം, നാടകഗാനം
- കവിതാലാപനം
- സംഗീതോപകരണങ്ങൾ ഉപയോഗിച്ച് സംഗീതാവിഷ്ക്കാരം.
- ശാസ്ത്രീയസംഗീതം – സംഗീത ശില്പശാലകൾ.
- മിമിക്രി – ശബ്ദാനുകരണം
- കഥാപ്രസംഗം
- ICT സാധ്യതകൾ ഉപയോഗിച്ച് സംഗീതം എഡിറ്റിംഗ്.

**നാടകാവിഷ്ക്കാരം**

മോണോആക്ട്, റോൾപ്ലേ, റേഡിയോനാടകം, സ്കിറ്റ് അവതരണം എന്നിവയും കാഴ്ച്ച പരിമിതികളെ മറികടക്കാൻ കൊടുക്കാവുന്ന പ്രവർത്തനങ്ങളാണ്.

കാഴ്ച്ച പ്രയാസമുള്ള കുട്ടികൾക്ക് നൽകാവുന്ന മറ്റ് ഏതെല്ലാം കലാപഠനപ്രവർത്തനങ്ങളാണ് നിങ്ങൾക്ക് നിർദ്ദേശിക്കാനുള്ളത്? ഇത്തരം പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എത്രമാത്രം വിശകലനം ചെയ്യുക.

ഈ യൂണിറ്റിൽ നിന്നും നിങ്ങൾ നേടിയ പ്രധാന ആശയങ്ങൾ എന്തെല്ലാം?

- കല സകലജീവജീലങ്ങളേയും പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്ന ഘടകമാണ്.
- കല മനുഷ്യന്റെ ആന്തരികവും, ബാഹ്യവുമായ വളർച്ചയ്ക്ക് നിർണ്ണായകപങ്ക് വഹിക്കുന്നു.
- വ്യക്തിയുടെ സഹജമായ താളത്തേയും, വർണ ബോധത്തേയും നാദത്തേയും ചലനത്തേയും സൗന്ദര്യാത്മകമായി ക്രമപ്പെടുത്തുന്നതിന് കല സഹായിക്കുന്നു.
- കല ഒരു നല്ല പ്രതികരണ മാധ്യമമാണ്. വ്യക്തിയെ അനിർവചനീയമായ തലത്തിലെത്തിക്കുവാൻ കലകൾക്ക് സവിശേഷമായ കഴിവുണ്ട്.
- കലയെ ഒരു പൊതു പാഠ്യവിഷയം എന്ന രീതിയിലാണ് പരിഗണിക്കേണ്ടത്.
- കലാപഠനം എല്ലാകുട്ടികളേയും പരിഗണിച്ചുകൊണ്ടാവണം.
- സർഗ്ഗാത്മകബുദ്ധി എല്ലാവരിലും വികസിക്കുകയും അതുമായി ബന്ധപ്പെട്ട അനുഭവങ്ങൾ എല്ലാ കുട്ടികൾക്കും ലഭ്യമാവുകയും വേണം.
- എലിമെന്ററി വിദ്യാഭ്യാസം നിലവിലുള്ള അവസ്ഥയിൽ നിന്ന് മെച്ചപ്പെടണം. ആയതിന് മുഖ്യധാരയിലുള്ള അധ്യാപകർക്ക് നിർണായക പങ്കുണ്ട്.
- എൽ.പി., യു.പി. കലാവിദ്യാഭ്യാസ സോഴ്സ് ബുക്കുകൾ പരിചയപ്പെട്ട് പഠനനേട്ടങ്ങൾ, പ്രവർത്തനങ്ങൾ, വിലയിരുത്തലുകൾ എന്നിവ പരിചയപ്പെടുന്നു.
- മനുഷ്യമസ്തിഷ്കം ബഹുമുഖബുദ്ധിയാൽ വികസിക്കപ്പെട്ടിരിക്കുന്നു. (എം.ഐ. സാധ്യതകൾ)
- കലയുടെ ഏത് പ്രവർത്തനവും ബഹുമുഖബുദ്ധിവികാസത്തിന് സഹായകമാണ്.
- സർഗ്ഗാത്മകബുദ്ധി (Creative Intelligence) വികാസം കൃത്യമായ പ്രക്രിയ പഠനത്തിലൂടെ സാധ്യമാക്കാം.
- ഭിന്നശേഷിക്കാരായ പഠിതാക്കളുണ്ട്.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കലയെ മാധ്യമമാക്കി ഉപയോഗിക്കുന്ന അനുരൂപീകരണം വഴി ആശയങ്ങൾ എളുപ്പത്തിൽ സ്വായത്തമാക്കാൻ കഴിയും.
- കുട്ടികൾ അനുഭവിക്കുന്ന വിവിധ പരിമിതികൾക്കനുസരിച്ച് കലകളെ പ്രയോജനപ്പെടുത്തി ബൗദ്ധികവികാസം സാധ്യമാക്കാം.

**തുടർപ്രവർത്തനങ്ങൾ/ വിലയിരുത്തൽ**

- നിത്യ ജീവിതത്തിൽ കലയുടെ പ്രാധാന്യം വ്യക്തമാക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തുക?
- കലയും സംസ്കാരവുമായി ഇഴപിരിയാത്ത ബന്ധമുണ്ട്. സമർഥിക്കുക?
- കലാപഠനത്തിൽ എൻ.സി.എഫ്, കെ.സി.എഫ് കാഴ്ചപ്പാടുകൾ എന്തെന്ന് വ്യക്തമാക്കുക.

# യൂണിറ്റ് - 2
# നാടകം – നടനം

## ആമുഖം

ഭാഷയും സംസ്കാരവും വളർന്നു തുടങ്ങിയ കാലഘട്ടത്തിൽ തന്നെ നാടകവും രൂപപ്പെട്ടു. നാടകം നടിക്കാനുള്ളതാണ്. അഭിനയവും നാടകവും പൊതുവിഷയപഠനത്തിനും ഏറെ ഉപയോഗപ്പെടുത്താവുന്ന ഒരുപാധിയാണ്. കുട്ടികൾ നാടകാഭിനയത്തിന്റെയും അവതരണത്തിന്റെയും പ്രാഥമിക ധാരണകൾ നേടണം. സ്വന്തമായി നാടകങ്ങളുണ്ടാക്കി അവതരിപ്പിക്കണം. അതാണ് ലക്ഷ്യം വയ്ക്കുന്നത്.

**പഠനനേട്ടം : 1**

നാടകം എന്തെന്നും സാമൂഹികാവസ്ഥയിൽ നാടകത്തിന്റെ സ്ഥാനം എന്തെന്നും പ്രതിപാദിക്കുന്നു.

- നാടകം നമുക്ക് പരിചിതമായ പദമാണ്.
- നാടകവുമായി ബന്ധപ്പെട്ട പദങ്ങൾ എന്തെല്ലാമാണ്?

**ലിസ്റ്റ് ചെയ്യുക**

1. അഭിനയം
2. സംഭാഷണം
3. സംവിധാനം
4. രംഗസജ്ജീകരണം
5. നാടകാസ്വാദകൻ/പ്രേക്ഷകൻ, അഭിനേതാവ്

സ്ക്രിപ്റ്റ് രചിച്ചതോ അല്ലെങ്കിൽ ആസ്വദിച്ചതോ  സ്കൂൾ തലത്തിൽ നിങ്ങൾ കണ്ട/പങ്കെടുത്ത ഒരു നാടകം ഓർത്തെടുക്കാൻ കഴിയുന്നുണ്ടോ?

**എന്താണ് നാടകം നിർവഹിക്കുന്ന ധർമ്മം? ചർച്ച ചെയ്യുക.**

നാടകം എന്ത്?

'നടിച്ചു കാണിക്കുന്നത് നാടകം'

സംഭാഷണത്തേക്കാൾ അഭിനയത്തിന് പ്രാമുഖ്യം.

ദൃശ്യകലയ്ക്ക് പൊതുവിൽ രൂപകം എന്നു പറയുന്നു.

അനവധി രൂപകങ്ങളുള്ളതിൽ ഒന്നാണ് നാടകം. ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന 'drama' എന്ന പദത്തിന് ചെയ്തുകാണിക്കുന്നത് എന്നാണർത്ഥം. Do എന്ന ക്രിയയിൽ നിന്നുണ്ടായ വാക്കാണ് Drama. കൂത്ത്, ആട്ടം കഥകളിയിലെ കളി എന്നിവയ്ക്ക് അഭിനയകലയുമായി അടുത്ത ബന്ധം ആണുള്ളത്.

ചർച്ച ചെയ്യുക.

**ക്രോഡീകരണം:**

ഭാഷ ഏതായിരുന്നാലും നാടകത്തെ സൂചിപ്പിക്കുന്ന പദം എല്ലായിടത്തും ഒരർത്ഥത്തിലാണ്  പ്രയോഗിക്കുന്നത് നടിച്ചുകാണിക്കുക എന്ന അർത്ഥത്തിൽ.

നാടകം ദൃശ്യകലയാണെന്നു പറയാറുണ്ടെങ്കിലും യഥാർത്ഥത്തിൽ അതൊരു മിശ്രകലയാണ്. അഭിനയം നൃത്തം, വേഷവിധാനം, ശില്പം, ചിത്രം, വാസ്തു, ഗൃഹാലങ്കാരം എന്നിങ്ങനെ ദൃശ്യം; സാഹിത്യം, സംഗീതം എന്നിങ്ങനെ പല കലകളുടെ സമ്മേളനത്തിലൂടെയാണ് നാടകം രൂപം കൊള്ളുന്നത്.

**അഭിനയ കല പാശ്ചാത്യ പൗരസ്ത്യ സങ്കല്പങ്ങൾ എന്തെല്ലാം?**

എറ്റവും മഹത്തായ കലയാണ് നാടകം എന്ന് ഭരതമുനി പറയുന്നു. അഭിനയത്തിലെ വിവിധ ഘടകങ്ങളെക്കുറിച്ച് ഭരതമുനി നാട്യശാസ്ത്രത്തിൽ വളരെ വിശദമായി പറയുന്നു. 'പ്രേക്ഷകരുടെ മനസ്സിനെ ദുഷ്ടവികാരങ്ങളിൽ നിന്ന് മോചിപ്പിച്ച് അവരെ വിമലീകരിക്കുക നിമിത്തം നാടകത്തിന്റെ ലക്ഷ്യം മഹത്വപൂർണമാണ് എന്ന് അരിസ്റ്റോട്ടിൽ പറയുന്നു.'

**നാടകത്തിന്റെ ആവിർഭാവം**

എന്നാണ് നാടകം ഉണ്ടായത്? ഇത് കൃത്യമായി പറയാൻ സഹായിക്കുന്ന ചരിത്ര രേഖകൾ ലഭ്യമല്ല. പ്രാചീനകാലത്ത് ഗുഹാഭിത്തികളിൽ കോറിയിട്ടിരുന്ന നൃത്തരൂപങ്ങൾ ആണ് നാടകത്തിന്റെ ഏറ്റവും പഴയ അടയാളങ്ങളായി കാണാവുന്നത്. അഭിനയത്തോടുകൂടിയുള്ള വർത്തമാനം പറച്ചിൽ മനുഷ്യന്റെ സഹജ സ്വഭാവമാണ്. അത് ലോകത്തെല്ലായിടത്തും ഏതാണ്ട് ഒരുപോലെയാണ്. സ്വാഭാവിക സന്ദർഭമില്ലാത്തപ്പോഴും ഇത്തരം സ്വാഭാവിക പ്രകടനങ്ങളെ അനുകരിച്ച് മറ്റൊരാളെ കാണിക്കുമ്പോഴാണ് അത് 'കല'യാകുന്നത്. അങ്ങനെ നൃത്തം, അഭിനയം എന്നീ ദൃശ്യകലകൾ മനുഷ്യനോടൊപ്പം തന്നെ ലോകത്തെങ്ങുമുണ്ടായി.

സാമൂഹ്യജീവിതവും ആഘോഷങ്ങളുമുണ്ടായപ്പോൾ ഇത്തരം പ്രകടനങ്ങൾ കുറേകൂടി വിപുലമായ രീതിയിൽ നടന്നിരിക്കണം. ഉത്സവങ്ങളുടേയും ആഘോഷങ്ങളുടേയും ഭാഗമായി ലോകത്ത് മിക്കയിടങ്ങളിലും നാടകം അവതരിപ്പിക്കുക പതിവായിരുന്നു. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ ദേശീയ പ്രക്ഷോപങ്ങൾ സ്വാതന്ത്ര്യസമരങ്ങൾ എന്നിവയുടെ ഫലമായി സമൂഹത്തെ പ്രബുദ്ധമാക്കുന്നതിന് കലയും സാഹിത്യവും ധാരാളം പങ്കുവഹിച്ചു. സാംസ്കാരിക മുന്നേറ്റങ്ങളുടെ ഭാഗമായി നാട്ടിൽ എല്ലായിടത്തും സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തുന്നതിന്റെ ഭാഗമായി നാടകപ്രസ്ഥാനങ്ങൾ രൂപമെടുത്തു.

നവോത്ഥാനാശയങ്ങൾ ഇന്ത്യയെ സ്വാതന്ത്ര്യസമരത്തിലേയ്ക്ക് നയിച്ചു. സ്വാതന്ത്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ ബ്രിട്ടന്റെ അടിമത്വത്തിൽ നിന്നും ഇന്ത്യയെ മോചിപ്പിക്കുന്നതിനുവേണ്ടി സ്വാതന്ത്ര്യമെന്ന മൂല്യത്തെ ഇന്ത്യയിലാകമാനം പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നു. പലവിധസമരതന്ത്രങ്ങൾ എന്ന നിലയിൽ കലയുടെ സാധ്യതകളും പ്രയോഗിച്ചു. അതിൽ നാടകമായിരുന്നു സംവേദനക്ഷമതയുള്ള കലാരൂപം. ദേശീയതലത്തിലും മലയാളത്തിലും ഇതിന്റെ ഭാഗമായി നാടകസാഹിത്യം വളർന്നു വന്നു. ഒപ്പം നാടക പ്രസ്ഥാനങ്ങളും : സാമൂഹികവും സാമൂദായികവുമായ അനാചാരങ്ങൾക്കും അസമത്വങ്ങൾക്കും എതിരെയുള്ള ആവിഷ്ക്കാരങ്ങളായി നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടു. തെരുവുനാടകങ്ങൾ, സാമൂഹികനാടകങ്ങൾ, തനത് നാടകങ്ങൾ എന്നിങ്ങനെ വിവിധ നാടകരൂപങ്ങളും പരീക്ഷിക്കപ്പെട്ടു.

**സെമിനാർ**

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും കേരളത്തിന്റെ നവോത്ഥാന മുന്നേറ്റത്തിനും പിന്നിൽ ശക്തമായി നിലകൊണ്ട കലാരൂപമാണ് - നാടകം.

## റഫറൻസ്

നാടകത്തിന്റെ കഥ ഡോ. വത്സലാ ബേബി

ഒരു നാടകം എങ്ങനെയുണ്ടാകുന്നു.

ഡോ: വയലാവാസുദേവൻപിള്ള.

## പഠനനേട്ടം : 2

നാടകത്തിന്റെ വിദ്യാഭ്യാസ സാധ്യത തിരിച്ചറിഞ്ഞ് കുറിപ്പു തയാറാക്കുന്നു. വിനിമയത്തിനുള്ള സ്ക്രിപ്റ്റ് തയാറാക്കുന്നു.

ഭാവി അധ്യാപിക എന്ന നിലയിൽ നാടകമെന്ന മാധ്യമത്തിന്റെ വിദ്യാഭ്യാസ സാധ്യതകൾ ചർച്ച ചെയ്യുന്ന വേളയിൽ എന്തെല്ലാം ആശയങ്ങൾ ഈ ചർച്ചയിൽ നിങ്ങൾക്കവതരിപ്പിക്കാനാകും?

വിദ്യാഭ്യാസത്തിൽ നാടകവൽക്കരണത്തിന്റെ സാധ്യതകൾ ചർച്ച, ക്രോഡീകരണം

യൂറോപ്പിലും അമേരിക്കയിലും ചൈനയിലും മറ്റും ക്ലാസുമുറിയിലെ സർഗാത്മക പ്രവർത്തനങ്ങൾക്ക് വളരെ ഏറെ പ്രാധാന്യമാണുള്ളത്. ഇന്ത്യയിലും ഒട്ടേറെ പരീക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കേരളത്തിലെ ഔപചാരിക വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കരണ പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നിന്നും അധ്യാപകൻ എന്ന ഏകാധിപതിയെ ഏറെക്കുറെ പുറത്ത് നിർത്താൻ കഴിഞ്ഞിട്ടുണ്ട്.

സർഗ്ഗാത്മകമായ ഒരന്തരീക്ഷം പകർന്ന് നൽകുന്നതിലൂടെ കുട്ടിയുടെ സ്വന്തമാണ് ക്ലാസ്മുറി എന്ന വസ്തുത അവരിൽ ഉറപ്പിക്കാൻ കഴിയുമെന്നതിന് നിരവധി തെളിവുകൾ നിരത്താൻ ലോകത്തെ വിവിധ സ്ഥലങ്ങളിൽ നടന്ന പരീക്ഷണങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

വിവരണങ്ങളുടെ സങ്കല്പാധിഷ്ഠിതമായ വിനിമയത്തിൽ നിന്നും ആശയങ്ങളുടെ മൂർത്തമായ സംവേദനത്തിലേക്ക് ക്ലാസ്മുറി മാറുമ്പോൾ കുട്ടികൾക്ക് മുന്നിൽ തുറന്നുകിട്ടുന്നത് അതിരുകളില്ലാത്ത ഭാവനാലോകമാണ്. ഇത്തരമൊരു സന്ദർഭത്തിലാണ് ക്ലാസ് മുറിയിൽ വസ്തുതകൾക്ക് പകരം വസ്തുക്കളും പ്രകടനങ്ങളും കടന്നുവരുന്നത്.

ലോകത്താകമാനം വിദ്യാർഥി കേന്ദ്രീകൃതമായ പഠനപദ്ധതികളിൽ ക്ലാസ്മുറിയുടെ ഔപചാരിക സ്വഭാവത്തിന് മാറ്റം വന്നപ്പോൾ നിരവധി രംഗകലകളും മറ്റ് കലാരൂപങ്ങളും പഠനപ്രക്രിയയുടെ ഭാഗമായി മാറി. നാടകം, ഏകാഭിനയം, യാത്ര തുടങ്ങിയവ പഠനമാധ്യമങ്ങളായി രൂപാന്തരം പ്രാപിച്ചു. പഠനമെന്നത് ഏറെ സർഗാത്മകമായ ഒരു പ്രവർത്തനമായിത്തീർന്നു.

ഇത്തരത്തിൽ ക്ലാസ്മുറിയിൽ ഏറെസജ്ജീവമായി ഇടപെട്ടിട്ടുള്ള കലാമാധ്യമമാണ് നാടകം.

നാടകാവിഷ്ക്കരണത്തിലൂടെ എന്തെല്ലാം വിദ്യാഭ്യാസസാധ്യതകൾ നമുക്ക് കണ്ടെത്താനാകും?

- ക്ലാസ്റൂം തിയേറ്റർ
- കുട്ടികളുടെ നാടകവേദി
- റേഡിയോ ക്ലബ്
- ............................

ക്ലാസ്റൂം തിയേറ്ററിന്റെ ഭാഗമായി പാഠഭാഗങ്ങൾ നാടകീകരണത്തിലൂടെ വിനിമയം ചെയ്യുമ്പോൾ അനുഭവാധിഷ്ഠിത പഠനം ഉറപ്പാക്കാൻ കഴിയും. ശിശുകേന്ദ്രീകൃതമായ പഠനരീതി ആവിഷ്ക്കരിക്കാനുള്ള ഒരു സമീപനമായി നാടകീകരണം സ്വീകരിക്കാം.

കുട്ടികളുടെ നാടകവേദിയിലൂടെ ബഹുമുഖ ബുദ്ധിയുടെ ഭാഗമായ ശാരീരിക ചലനപരമായ ബുദ്ധിവികാസത്തിന് അവസരമൊരുക്കാൻ കഴിയും. ശിശുകലയുടെ സാധ്യതകൾ പരിഗണിച്ച് പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിന് നാടകീകരണ സമീപനത്തിന് ഏറെ പ്രാധാന്യമുണ്ട്.

റേഡിയോ ക്ലബ്ബുകൾവഴി ഭാഷാപഠനങ്ങളുടെ നാടകാവിഷ്ക്കാരം നിർവഹിക്കുന്നതിനുള്ള അവസരം തുറന്നിടുന്നു.

**പ്രവർത്തനം:** മറ്റെന്തെല്ലാം സാധ്യതകളാണ് വിദ്യാഭ്യാസ രംഗത്ത് നാടകവുമായി ബന്ധപ്പെടുത്തി ചെയ്യാൻ സാധിക്കുന്നത്. ചർച്ച ചെയ്യുക.

### പഠനനേട്ടം : 3

നാടക രചന, അഭിനയം, സംവിധാനം, അവതരണം എന്നിവയിൽ അവബോധം നേടി നാടകത്തിന്റെ പ്രൈമറിസ്കൂൾ കരിക്കുലം വിനിമയം ചെയ്യുന്നു.

**പ്രവർത്തനം**

- ക്ലാസ് റൂമിൽ ഏതെല്ലാം വിഷയങ്ങളുടെ പഠന പ്രവർത്തനങ്ങൾക്കുവേണ്ടി ഈ അഭിനയ സാധ്യതകൾ പ്രയോഗിക്കാം?

കുട്ടികളുടെ നാടകം എന്ത്? എങ്ങനെ? സമീപന രീതി ബോധ്യപ്പെടുന്നതിന്.

*മുതിർന്നവരുടെ നാടകം പോലെ കുട്ടികളും നാടകം അവതരിപ്പിക്കേണ്ടതുണ്ടോ? കുട്ടികളുടെ നാടകം? എന്ന ആശയം മുതിർന്നവരുടെ നാടകം എന്ന സങ്കല്പത്തിൽ നിന്നും വ്യത്യാസപ്പെടുന്നതെങ്ങനെ? കുട്ടികൾക്ക് നാടകാനുഭവം ഒരുക്കുന്നതിൽ ഏതെല്ലാം കാര്യങ്ങളിൽ ഊന്നൽ നൽകേണ്ടതുണ്ട്.*

- രംഗം, രചന, രസികൻ എന്നീ മൂന്ന് ഘടകങ്ങളിൽ കുട്ടികളുടെ നാടകത്തിൽ രസികനാണ് (സദസ്സ്) ഏറ്റവും പ്രാധാന്യം. ആര് നാടകം രചിക്കുന്നുവെന്നോ അഭിനയിക്കുന്നുവെന്നോ നോക്കേണ്ടതില്ല. കുട്ടികളുടെ സദസ്സിന് മനസ്സിലാകുന്നതും ഇഷ്ടപ്പെടുന്നതുമായ നാടകങ്ങളെല്ലാം കുട്ടികളുടെ നാടകങ്ങളാണ്. കുട്ടികളുടെ മനോഘടന, നിലവാരം, പ്രായം എന്നിവ പരിഗണിക്കണം.

- മനുഷ്യനിലെ ജൈവിക ഘടകങ്ങളിലൊന്നാണ് നാടകാവബോധം. ചെറുപ്രായം മുതൽ കുട്ടികൾ വിവിധ തരം നാടകകേളികളിൽ പരപ്രേരണയില്ലാതെ ഏർപ്പെടുന്നത് ഇതിന് തെളിവാണ്. ബഹുമുഖ ബുദ്ധിയിലെ എല്ലാ ബുദ്ധിയേയും വികസിപ്പിക്കാൻ പര്യാപ്തമാണ് നാടകം.

സർഗാത്മക നാടകം എന്ത്? എങ്ങനെ? സമീപനം, അവതരണ രീതി എന്നിവ ബോധ്യപ്പെടുന്നതിന്.

*കുട്ടികളിൽ നാടകസങ്കല്പങ്ങൾ വളർത്തിയെടുക്കുന്നതാണോ, കുട്ടികളിലെ സർഗാത്മക ഊർജ്ജം നാടക പ്രക്രിയയിലൂടെ വികസിപ്പിച്ചെടുക്കുന്നതാണോ അഭികാമ്യം? കലാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി സർഗാത്മക നാടകത്തിന്റെ സാധ്യതകൾ ക്ലാസ് റൂമിൽ പ്രാവർത്തികമാക്കാൻ കഴിയേണ്ടതില്ലേ? അതിന് നിങ്ങൾക്ക് ആവശ്യമായ ധാരണകൾ എന്തെല്ലാം ലഭിക്കേണ്ടതുണ്ട്?*

- സർഗ്ഗാത്മക നാടകം ഇന്ന് പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പാഠ്യപദ്ധതിയുടെ ഭാഗമാണ്. സ്വന്തം ആശയങ്ങളെ ഭാവനാപൂർവ്വം രൂപപ്പെടുത്താനുള്ള കഴിവാണ് സർഗാത്മകത. കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകളെ തട്ടിയുണർത്തുകയാണ് സർഗാത്മക നാടകങ്ങളുടെ ലക്ഷ്യം.

സ്വന്തമായി ആവിഷ്ക്കാരം നടത്താൻ സ്വാതന്ത്ര്യം നൽകുന്ന മനോധർമ്മ പ്രേരിതമായ നാടകാവിഷ്ക്കാരത്തെ സർഗ്ഗാത്മക നാടകം അഥവാ ദ്രുത നാടക നിർമ്മിതി എന്ന് വിളിക്കാം. ഒരു മാർഗ്ഗനിർദ്ദേശകന്റെ പ്രേരണയിൽ തത്സമയം വികസിപ്പിച്ചെടുക്കുന്ന നാടക നിർമ്മിതിയാണിത്. കുട്ടികളുടെ സ്വാഭാവിക കളികളിൽ നിന്നാണ് സർഗ്ഗാത്മക നാടകം രൂപം കൊള്ളുന്നത്.

- മുൻകൂട്ടി തയ്യാറാക്കിയ സ്ക്രിപ്റ്റോ സാങ്കേതികത്വമോ ഇല്ലാത്ത നിയതമായ രംഗസജ്ജീകരണങ്ങളോ ചമയ സമ്പ്രദായങ്ങളോ വേഷവിധാനങ്ങളോ ഇല്ലാതെ തന്നെ നാടകത്തനിമ ഒട്ടും ചോർന്നു പോകാതെയുള്ള ആവിഷ്കാരമാണ് സർഗാത്മക നാടകത്തിന്റെ സ്വഭാവം.

സർഗ്ഗാത്മക നാടകത്തിന്റെ അടിസ്ഥാനഘടകങ്ങൾ

- കുട്ടികളുടെ സംഘം
- മാർഗനിർദ്ദേശകൻ
- കളിക്കാനുള്ള ഇടം
- **സർഗാത്മക നാടകത്തിന്റെ ലക്ഷ്യങ്ങളും മേന്മകളും.**
  - കുട്ടികളിൽ ആത്മവിശ്വസം ഉറപ്പിക്കുന്നു.
  - പഠിതാവിന്റെ/അഭിനേതാവിന്റെ കഴിവുകളും കഴിവുകേടുകളും തിരിച്ചറിഞ്ഞ് സഹായിക്കാനും സ്വീകരിക്കാനുമുള്ള മനോഭാവം വളർത്തുന്നു.
  - അനാരോഗ്യകരമായ മത്സരം ഇല്ലാതാകുന്നു.
  - വൈകാരിക ഭദ്രതയും വളർച്ചയും വികാസവും സാധ്യമാക്കുന്നു.
  - സൗന്ദര്യബോധം, കലാസൗന്ദര്യാസ്വാദനശേഷി എന്നിവ പരിപോഷിപ്പിക്കുന്നു.
- പ്രവർത്തനഘട്ടങ്ങൾ
  - മുന്നൊരുക്കത്തിനായുള്ള താളത്മാകമായ നാടക കേളികൾ
  - ശബ്ദ നിയന്ത്രണത്തിനുള്ള ശബ്ദ കേളികൾ
  - നാടകാവതരണത്തിനുള്ള ആശയങ്ങളുടെ അവതരണം
  - ജീവിത സന്ദർഭങ്ങളുമായി കൂട്ടിയിണക്കി ഇതിവൃത്തം വികസിപ്പിക്കൽ
  - സംഭാഷണങ്ങൾ രൂപപ്പെടുത്തൽ
  - ലഘുവായതും പരിസരത്ത് നിന്ന് സ്വീകരിക്കാവുന്നതുമായ വസ്തുക്കളും ചമയങ്ങളും കണ്ടെത്തൽ
  - തയാറെടുപ്പ്
  - അവതരണം
  - വിലയിരുത്തലും മെച്ചപ്പെടുത്തലും

**പ്രവർത്തനം**

- നിങ്ങളുടെ ക്ലാസിൽ സർഗാത്മക നാടക ശില്പശാല സംഘടിപ്പിക്കുന്നതിന് ഒരു പ്രവർത്തന പദ്ധതി രൂപീകരിക്കാൻ ഇനി എന്തെല്ലാം ആശയങ്ങളും ധാരണകളുമാണ് വേണ്ടത്? ഈ ആശയങ്ങളുടെ വെളിച്ചത്തിൽ ഒരു പ്രവർത്തന പദ്ധതി രൂപീകരിച്ചുകൂടേ?

*നിങ്ങളുടെ ക്ലാസിലെ കുട്ടികൾ കലോത്സവത്തിൽ ഒരു നാടകം അവതരിപ്പിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. നിങ്ങൾക്ക് കുട്ടികളെ എങ്ങനെ സഹായിക്കാൻ കഴിയും. നാടകത്തിന്റെ രചന നിർവഹിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ പരിഗണിക്കണം? ക്ലാസിൽ ചർച്ച ചെയ്യുന്നതിനുവേണ്ടി നാടകത്തിന്റെ മറ്റ് ഏതെല്ലാം ഘടകങ്ങൾ പരിഗണിക്കും.*

1. **തിയേറ്റർ** രംഗം, രചന, രസികൻ എന്നിവയുടെ സമഞ്ജസമായ സമ്മേളനം എന്നാണ് തിയേറ്ററിനെ ലബ്ധ പ്രതിഷ്ഠ നാടകാചാര്യനായ പ്രൊ: ജി. ശങ്കരപ്പിള്ള വിശേഷിപ്പിച്ചിട്ടുള്ളത്. നാടകത്തിന്റെ വിവിധ ഘടകങ്ങൾ ഒത്തു ചേരുമ്പോഴുണ്ടാകുന്ന ചൈതന്യമാണ് തിയറ്ററിന്റെ സമഗ്രതയും വ്യതിരിക്തതയും.
2. **നാടകരചന** തിയേറ്ററിന്റെ അനിവാര്യ ഘടകങ്ങളിലൊന്നാണ് നാടക കൃതി. എഴുത്തുകാരന്റെ ചിന്ത, ഭാവന എന്നിവ ചുറ്റുപാടുകളിൽ നിന്ന് സ്വാംശീകരിക്കപ്പെടുന്ന അനുഭവങ്ങളിൽ പ്രവർത്തിക്കുന്നതുവഴി രൂപം കൊള്ളുന്ന മറ്റേതൊരു സർഗ്ഗാത്മക കൃതിയെയും പോലെയാണ് നാടകകൃതിയും. നാടകകൃത്ത് നാടകരചനയ്ക്കുപയോഗിക്കുന്ന ആശയങ്ങളുടെ കാലിക പ്രസക്തി, പ്രാധാന്യം എന്നിവ എഴുത്തുകാരൻ പരിഗണിക്കുന്നു.
3. **അഭിനയം** നാട്യശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്ന ചതുർവിധാഭിനയത്തിൽ (ആംഗീകം, വാചികം, സാത്വികം, ആഹാര്യം) നാലിന്റേയും അതിസ്വാഭാവികമായ ഇഴുകിച്ചേരൽ ആവശ്യപ്പെടുന്നുണ്ട്. നാടകാഭിനയം, സ്വാഭാവികാഭിനയം, ശൈലീകൃത അഭിനയം എന്നിങ്ങനെ അഭിനയം രണ്ടു വകയായിട്ടുണ്ട്. ലോകധർമ്മിയെ സ്ഫുടം ചെയത് അഭിനയിക്കുന്നതാണ്, സ്വാഭാവികാഭിനയം. ശൈലീകൃതാഭിനയം അമാനുഷികമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിന് ആവശ്യമായി വരും. നടൻ തന്റെ ശരീര ചലനങ്ങൾ, ഉചിതമായ ഭാഷണം, രസോൽപ്പാദനത്തിനുതകുന്ന ഭാവ ങ്ങൾ, കഥാപാത്ര സ്വഭാവത്തിനുനസൃതമായ വേഷം എന്നിവ സ്വീകരിക്കുന്നു. കഥാപാത്രത്തെ അവ തരിപ്പിക്കുന്നതിനായി നടൻ ആന്തരികവും ബാഹ്യവുമായ ഒട്ടേറെ പരിശീലനങ്ങളിൽ ഏർപ്പെടുന്നു.
4. **നാടകസംവിധാനം** നാടകകൃതിക്ക് രംഗഭാഷ ചമയ്ക്കലാണ് സംവിധാനം. സംവിധായകൻ നാടകകൃതിയെ വിശകലനം ചെയ്ത് നാടകം കളിക്കുന്ന സ്ഥലം, കാലം, സദസ്സിന്റെ സാംസ്കാരിക സവിശേഷതകൾ തുടങ്ങിയവയെല്ലാം പരിഗണിച്ചാണ് രംഗഭാഷ തയാറാക്കുക. ലിഖിതരൂപത്തിലുള്ള നാടക കൃതിയെ രംഗ ക്രിയകളാക്കി പരിവർത്തനം ചെയ്യൽ. കഥാപാത്രങ്ങളുടെ രംഗചലനങ്ങൾ ചിട്ടപ്പെടുത്തൽ, രംഗസജ്ജീകരണങ്ങൾ നിശ്ചയിക്കൽ, സംഭാഷണങ്ങളുടെ വൈകാരിക തലം തീരുമാനിക്കൽ തുടങ്ങിയ ചുമതലകൾ അയാൾ നിർവഹിക്കേണ്ടതുണ്ട്. ഓരോ രംഗത്തിനും രംഗഭാഷ തയാറാക്കുമ്പോൾ ആവശ്യമായ സംഗീതം, രംഗവസ്തുക്കൾ, രംഗവിന്യാസം, രംഗചലനങ്ങൾ, നടന്റെ ചതുർവിധാഭിനയസാധ്യതകൾ തുടങ്ങിയ കാര്യങ്ങൾ സംവിധായകൻ മുൻ കൂട്ടി നിശ്ചയിക്കുന്നു. തുടർന്ന് നാടകപരിശീലനം ആരംഭിക്കുന്നു.

**5. രംഗവിന്യാസം (Choreography)**

നടീനടന്മാർ, രംഗവസ്തുക്കൾ, വെളിച്ചം തുടങ്ങിയവയുടെ വിന്യാസവും രംഗചലനങ്ങളുടെ ചിട്ടപ്പെടുത്തലുമാണ് കോറിയോഗ്രാഫി. ദൃശ്യ-ശ്രാവ്യകലയായ നാടകത്തിന്റെ ദൃശ്യഭാഗം പ്രധാനമായും കോറിയോഗ്രാഫറാണ് നിശ്ചയിക്കുന്നത്.

**6. രംഗാവതരണം**

ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ സുദീർഘമായ പരിശീലനങ്ങൾക്കൊടുവിൽ സമസ്തകലകളുടേയും സമ്മേളനത്തോടെ, ഉത്ബുദ്ധമായ സഹൃദയസദസ്സിനു മുന്നിൽ ഉദ്വേഗത്തോടെ നടീനടന്മാർ നടിച്ചു കാണിക്കുന്ന പ്രക്രിയയാണ് രംഗാവതരണം.

**പ്രവർത്തനം**

- ഒരാശയമോ സംഭവമോ നാടകമായി സദസ്സിൽ എത്തുന്നതെങ്ങനെയെന്ന കാര്യങ്ങൾ നിരീക്ഷിച്ചുവല്ലോ? എന്നാൽ പ്രൈമറി ക്ലാസിലെ കലാവിദ്യാഭ്യാസത്തിന്റെ ഭാഗമായ നാടകകല ക്ലാസുമുറിയിൽ വിനിമയം ചെയ്യുന്നതിന് എന്തെല്ലാം തയ്യാറെടുപ്പുകളാണ് നിങ്ങൾ നടത്തുക. മറ്റ് വിഷയങ്ങൾ വിനിമയം ചെയ്യുന്നതിന് പ്രൈമറി ക്ലാസുകളിലെ നാടകീകരണ സാധ്യതകൾ കലാവിദ്യാഭ്യാസത്തിന്റെ ഭാഗമായി എത്രമാത്രമുണ്ട്.

## പഠനനേട്ടം : 4

നാടകകലയുടെ വളർച്ചയ്ക്കും വികാസത്തിനും അവശ്യം വേണ്ട അഭ്യാസങ്ങളെപ്പറ്റി ധാരണയും നൈപുണിയും നേടുന്നു.

വിദ്യാലയത്തിൽ ഒരു നാടകക്കളരി സംഘടിപ്പിക്കുന്നതിലൂടെ കുട്ടികളുടെ വിവിധങ്ങളായ അഭിനയശേഷി വികസിപ്പിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള അഭിനയ സന്ദർഭങ്ങളാണ് ഒരുക്കുക.

റോൾപ്ലേ, മൈമിംങ്, ഏകാഭിനയം, ശബ്ദാനുകരണം എന്നിവയുടെ ചില വീഡിയോ പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു. ചർച്ച, ക്രോഡീകരണം.

**റോൾപ്ലേ** : ഒരു കഥാപാത്രത്തെ ആംഗിക, വാചിക - സ്വാത്വികഘടകങ്ങൾ മാത്രമുപയോഗിച്ച് അഭിനയിച്ചു ഫലിപ്പിക്കുന്നതാണ് റോൾപ്ലേ.

**മൂകാഭിനയം (മൈമിംഗ്)** : വാചികം, സാത്വികം, ആഹാര്യം എന്നീ അഭിനയ ഘടകങ്ങളെയും നിരാകരിച്ച് ആംഗികാഭിനയം കൊണ്ട് മാത്രം വികസിപ്പിക്കുന്ന നാടകരൂപമാണ് മൈമിംങ്.

**ഏകാഭിനയം** : ഒരു നടൻ വിവിധ കഥാപാത്രങ്ങളായി മാറി ഒരു സന്ദർഭത്തേയോ, സംഭവത്തേയോ ഒരു നാടകം മുഴുവൻ തന്നെയോ രംഗത്തവതരിപ്പിക്കുന്നതാണ് ഏകാഭിനയം. ആംഗികം, വാചികം, സാത്വികം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഏകാഭിനയം നടത്തുന്നത്.

**ശബ്ദാനുകരണം (മിമിക്രി)** : വിവിധങ്ങളായ സന്ദർഭങ്ങളെയോ ജീവജാലങ്ങളെയോ വ്യക്തികളെയോ ശബ്ദം കൊണ്ടോ വാചകങ്ങൾ കൊണ്ടോ അനുകരിച്ച് ഉണ്ടാക്കുന്ന അഭിനയപ്രകടനമാണിത്. വാചികാഭിനയത്തിനാണ് പ്രാമുഖ്യം.

**റേഡിയോ നാടകം** : കേവലം വാചികാഭിനയം കൊണ്ട് നാടകം എന്ന ദൃശ്യശ്രവ്യകലയുടെ ദൃശ്യപരതയെ അനുവാചകനിൽ ജനിപ്പിക്കാനുള്ള കഴിവുണ്ട്.

## പഠനനേട്ടം 5

പാഠഭാഗങ്ങളെ ആധാരമാക്കി സ്ക്രിപ്റ്റ് തയാറാക്കി പാവനാടകം അവതരിപ്പിക്കുന്നു.

- ചെറുപ്പത്തിൽ നിങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട കളിപ്പാട്ടം പാവകളായിരുന്നില്ലേ? പാവകളെ ഉപയോഗിച്ച് എന്തെല്ലാം കളികളാണ് നിങ്ങൾ നടത്തിയിട്ടുള്ളത്?
- വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പാവകളുടെ സാധ്യതകൾ, പ്രത്യേകിച്ചും പ്രൈമറി ക്ലാസുകളിൽ എത്രകണ്ട് പ്രയോജനപ്പെടത്താൻ കഴിയും?
- അതിനു ഏതെല്ലാം കാര്യങ്ങളിൽ ധാരണകളും ശേഷികളും ആർജിക്കേണ്ടതുണ്ട്?

ഒരു പാവകളി വീഡിയോയിൽ അവതരിപ്പിക്കുന്നു. തുടർന്ന് ചർച്ച.

- വളരെ പഴക്കമുള്ള ഒരു തിയേറ്റർ ആർട്ടാണ് പാവനാടകം. ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും പാവനാടകരൂപങ്ങളുണ്ട്. കേരളത്തിൽ ചില പ്രദേശങ്ങളിൽ കാണുന്ന തോൽപ്പാവകൂത്ത് ഒരുദാഹരണമാണ്. വിവിധ വിഷയങ്ങളുടെ പഠനത്തിന് ഇത് പ്രയോജനപ്പെടുത്താം.
- കുട്ടികളുടെ മനസ്സിനേയും ശ്രദ്ധയേയും സ്വാധീനിക്കാൻ അസാധാരണ കഴിവാണ് പാവനാടകത്തിനുള്ളത്. അതിനാൽ വിദ്യാഭ്യാസരംഗത്ത് ആശയപ്രസരണത്തിനായി പാവനാടകത്തെ ഉപയോഗിച്ചുവരുന്നു.

പാവനാടകത്തിന് താഴെപ്പറയുന്ന ഘട്ടങ്ങളുണ്ട്.

1. ആശയം തെരഞ്ഞെടുക്കൽ
2. കഥാപാത്രങ്ങളും കഥാരൂപീകരണവും
3. സ്ക്രിപ്റ്റ് രചന
4. പാവനിർമ്മാണം
5. റിഹേഴ്സൽ

**1. ആശയം** : നാടകത്തിലെന്ന പോലെ പാവനാടകത്തിലും വിനിമയം ചെയ്യാൻ ഉദ്ദേശിക്കുന്ന ഒന്നോ അധിലധികമോ ആശയങ്ങൾ ഉണ്ടാകും. ആശയരൂപീകരണം പാഠപുസ്തകങ്ങളിലെ പഠനനേട്ടങ്ങൾ (LO's) നേരിട്ടെടുത്തോ അതുമായി ബന്ധപ്പെട്ട സാമൂഹിക പ്രശ്നങ്ങളോ ആകാം. തെരഞ്ഞെടുത്ത ആശയങ്ങൾ നാടകീകരണത്തിന് അനുയോജ്യമായവ ആവണം. പാവനാടകത്തിനുശേഷം ചർച്ചകൾക്ക് അവസരം ഒരുക്കാം. ചില ചിന്തകൾക്ക് തീകൊടുക്കുന്നതരത്തിൽ ആശയങ്ങൾ അവതരിപ്പിക്കുകയും ചെയ്യാം. പാവനാടകത്തിന് തീം തെരഞ്ഞെടുക്കുമ്പോൾ കുട്ടിയുടെ ആവശ്യത്തിനും പ്രായത്തിനും ഇണങ്ങുന്നതായിരിക്കണം.

**2. കഥാപാത്രങ്ങളും കഥാരൂപീകരണവും :** പാവനാടകത്തിനായുള്ള കഥാരൂപീകരണം സർഗാത്മക പ്രക്രിയയാണ്. പാഠപുസ്തകങ്ങളിൽ നിന്നും ലഭിക്കുന്ന പഠനനേട്ടങ്ങളെ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ആശയങ്ങളുടെ ശൃംഖലകൾ ഉൾക്കൊള്ളുന്ന നാടക രചനയാണ് നടക്കുന്നത്. കഥാപാത്രരൂപീകരണവും കഥാരൂപീകരണത്തോടൊപ്പം നടക്കേണ്ട പ്രക്രിയയാണ്. കഥാപാത്രങ്ങളുടെ രൂപങ്ങൾ, ഭാവങ്ങൾ, പ്രായം, വസ്ത്രധാരണം എന്നിവയും മനസ്സിലുണ്ടാവണം.

3. **സ്ക്രിപ്റ്റ് രചന :** ഇതാണ് പാവനാടകത്തിലെ പ്രധാനഭാഗം. നാടകീയ മുഹൂർത്തങ്ങൾ തെരഞ്ഞെടുത്ത് എഴുതണം. ഇതിൽ പാഠപുസ്തകത്തിലെ ആശയങ്ങൾക്കുള്ള ഇടം എവിടെ എന്ന് നേരത്തേ തീരുമാനിക്കണം. സ്വാഭാവികമായ തുടക്കം, ക്രമേണ കഥയിലൂടെ ആശയങ്ങളുടെ ഉള്ളറകളിലേയ്ക്ക് നയിക്കപ്പെടണം.

4. **പാവനിർമ്മാണം :** പാവനിർമ്മാണത്തിൽ ഏർപ്പെടുമ്പോൾ ഏതെല്ലാം പാവകളാണ് നിർമ്മിക്കേണ്ടത്? ഓരോ പാവയുടേയും പ്രത്യേകതകൾ എന്തൊക്കെയാണ്? പ്രായം, വസ്ത്രം, പ്രകൃതം എന്നിവ കണക്കിലെടുക്കേണ്ടതുണ്ട്. പാവകൾ ആകർഷകവും ആവശ്യത്തിന് വലിപ്പവുമുള്ളതായിരിക്കണം. ഇനി ആലോചിക്കേണ്ടത് പാവനിർമ്മാണ രീതിയാണ്. പാവ നിർമ്മാണത്തിന് പല രീതികളുണ്ട്.

(1) ചരടുപയോഗിച്ച് ചലിപ്പിക്കുന്ന (String Puppet)

(2) കൈയുറപ്പാവകൾ (Glove puppet)

(3) ദണ്ഡുപാവ (Rod puppet)

(4) വിരൽപാവ (Finger puppet)

**പ്രവർത്തനം**

പുസ്തകങ്ങൾ പരിശോധിച്ച് പാവനിർമ്മാണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ തയാറാക്കുക

5. **റിഹേഴ്സൽ :** പൊതുവായ അവതരണത്തിനുമുമ്പുള്ള പരിശീലനമാണ് റിഹേഴ്സൽ. അവതരണത്തിന്റെ സംഘാടനം ഈ ഘട്ടത്തിലാണ് നടക്കേണ്ടത്. ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കണം. (ശബ്ദം, വെളിച്ചം)

- അവതരണം ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണിത്.

അവതരണത്തിനനുയോജ്യമായ സ്ഥലസൗകര്യം, വെളിച്ചം, ശബ്ദം, കർട്ടൻ എന്നിവ ഈ ഘട്ടത്തിൽ ശ്രദ്ധിക്കണം. വിലയിരുത്തലും ഈ ഘട്ടത്തിലാണ് നടക്കേണ്ടത്.

**പ്രവർത്തനം**

പ്രൈമറി ക്ലാസുകൾക്ക് യോജിച്ച പാവകൾ ഏതെല്ലാമാണ്. ഒരു പാവനിർമ്മാണ ശില്പശാലയിലൂടെ പാവനാടകം നടത്തുന്നതിനുള്ള തയാറെടുപ്പുകൾ ആകാമല്ലോ? ഇതിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ നിങ്ങൾ പരിഗണിക്കും.

ആസൂത്രണം - തയാറെടുപ്പുകൾ മെറ്റീരിയലുകൾ

വിദഗ്ധരുടെ മേൽനോട്ടം - മറ്റെന്തെല്ലാം?

ഈ യൂണിറ്റിൽ നിന്നും നിങ്ങൾ കണ്ടെത്തിയ പ്രധാന ആശയങ്ങൾ എന്തൊക്കെ ആയിരിക്കാം?

- നടിക്കുന്നതാണ് നാടകം.
- ലോകത്തിലും തത്തുല്യമായി കേരളത്തിലും സമൂഹപുരോഗതി, സാമൂഹ്യപരിവർത്തനം എന്നിവയിൽ നാടകകല മുഖ്യമായ പങ്ക് വഹിച്ചിട്ടുണ്ട്.
- ക്ലാസ് മുറിയിൽ നാടകത്തിന് വിപുലമായ സാധ്യത ഉണ്ട്.
- ബഹുമുഖ ബുദ്ധിവികാസം നാടകത്തിലൂടെ സ്വാഭാവികമായി നടക്കും.
- വിവിധതരം നാടകങ്ങൾ ഉണ്ട്
- നാടകത്തിന് രചയിതാവ് (Author) കാണികൾ (Audience) അഭിനേതാക്കൾ (Actors) എന്നിങ്ങനെ മൂന്ന് തരം ആളുകളുടെ കൂട്ടായ്മ അനിവാര്യമാണ്.
- അഭിനയത്തിന് ആംഗികം, വാചികം, സാത്വികം, ആഹാര്യം എന്നിങ്ങനെ നാല് ഘടകങ്ങളുണ്ട്.
- സർഗ്ഗാത്മക നാടകത്തിന്റെ വിദ്യാഭ്യാസ പ്രസക്തി, കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതുവഴി നിരീക്ഷണ പാടവം, സാമൂഹികബോധം, സഹകരണ മനോഭാവം, സംഘബോധം എന്നിവയുടെ വികാസം.
- റോൾപ്ലേ, മൈമിങ്, ഏകാഭിനയം, ശബ്ദാനുകരണം.
- പാവനാടകത്തിന്റെ ക്ലാസ്റൂം സാധ്യതകൾ
- താല്പര്യജനകം
- കൂടിചേർന്ന് പ്രവർത്തിക്കാം
- വിവിധ ശേഷിവികാസം
- പാവനാടക സ്ക്രിപ്റ്റ് - രചനാരീതികൾ
- പാവനിർമ്മാണം
- അവതരണം
- വിലയിരുത്തൽ

## തുടർപ്രവർത്തനങ്ങൾ/ വിലയിരുത്തൽ

- കേരളത്തിന്റെ സാമൂഹ്യവളർച്ചയിൽ കേരളം വഹിച്ച പങ്ക് എന്താണെന്ന് ചർച്ചചെയ്യുക.
- ഒരു ആശയം വിനിമയം ചെയ്യാൻ ക്ലാസ് മുറിയിൽ നൽകാൻ കഴിയുന്ന ഏറ്റവും മികച്ച വിനിമയോപാധായാണ് നാടകം. ഈ പ്രസ്താവനയോട് പ്രതികരിക്കുക.
- പാഠപുസ്തകത്തിലെ ഒരു കഥയെ ആസ്പദമാക്കി പാവനിർമ്മിച്ച് പാവനാടകം അവതരിപ്പിക്കുക.

**റഫറൻസ്**


നാടകത്തിന്റെ കഥ - ഡോ. വത്സലാ ദേവി

ഒരു നാടകം എങ്ങനെ ഉണ്ടാകുന്നു - ഡോ. വയലാ വാസുദേവൻപിള്ള

**ഭാഗം – 2 പ്രവൃത്തി വിദ്യാഭ്യാസം**

| | | |
|---|---|---|
| യൂണിറ്റ് 1 | – | അധ്വാനവും മനുഷ്യപുരോഗതിയും |
| യൂണിറ്റ് 2 | – | പ്രവൃത്തി വിദ്യാഭ്യാസം – പ്രാധാന്യം, ലക്ഷ്യങ്ങൾ, ചരിത്രം, കാഴ്ചപ്പാടുകൾ, മനശ്ശാസ്ത്ര പശ്ചാത്തലം, സമീപനം |
| യൂണിറ്റ് 3 | – | പ്രവൃത്തി വിദ്യാഭ്യാസത്തിലെ വിഷയമേഖലകൾ |

# ആമുഖം

ആദിമ മനുഷ്യനിൽ നിന്നും ഗോളാന്തരയാത്ര നടത്തുന്ന അത്യാധുനിക മനുഷ്യർ വരെയുള്ള പുരോഗതിയെ സസൂക്ഷ്മം വീക്ഷിക്കുന്ന ആർക്കും ബോധ്യപ്പെടുന്ന ഒരു സത്യമാണ് അധ്വാനത്തിന്റെ മഹത്ത്വം. മനുഷ്യർ കാർഷിക വൃത്തിയിലൂടെ സംസ്കാരത്തിന്റെ ഉടമകളായതും കലയും ശാസ്ത്രവുമെല്ലാം വികസിച്ച് ഇന്നത്തെ നിലയിലായതും അധ്വാനമെന്ന ഉപാധിയിലൂടെയാണ്. അതുകൊണ്ടുതന്നെ അധ്വാനത്തിന്റെ മഹത്ത്വം വിദ്യാർഥികൾ തിരിച്ചറിയുകയും ഉൽപ്പാദനപരമോ സേവനപരമോ ആയ പ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുക എന്നത് സമഗ്രവികാസ പരിഗണനയിൽ ഒഴിവാക്കാനാവാത്ത ഒന്നാണ്. അതായത് കുട്ടിയുടെ സന്തുലിതവും സമഗ്രവുമായ വികാസം ലക്ഷ്യം വയ്ക്കുന്ന ഏതൊരു വിദ്യാഭ്യാസ പദ്ധതിയിലും പ്രവൃത്തി പഠനം അനിവാര്യമായ ഘടകമാണ്. ഒരു കാലഘട്ടത്തിൽ സമൂഹത്തിന്റെ തൊഴിലും അതുമായി ബന്ധപ്പെട്ട നൈപുണികളുമായിരുന്നു വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം. പിന്നീട് അറിവുനേടുന്നതിനുള്ള വിഷയങ്ങളുടെ പഠനത്തിൽ വിദ്യാലയങ്ങൾ കൂടുതൽ പ്രാധാന്യം നൽകി. എന്നാൽ. ഗാന്ധിജി, ജോൺ ഡ്യൂയി തുടങ്ങിയ വിദ്യാഭ്യാസ ചിന്തകർ പ്രവർത്തിച്ചു പഠിക്കുന്നതിന്റെ പ്രാധാന്യം വ്യക്തിമാക്കിയിട്ടുമുണ്ട്. ഇപ്പോൾ പ്രവർത്തനാധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയിൽ പ്രവൃത്തി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകിയിട്ടുണ്ട്. ചെയ്യാൻ പഠിക്കുക എന്നതിലും Learning to do ഒരുമിച്ചു ജിവിക്കാൻ പഠിക്കുക (learning to live together) എന്നതിലും പ്രവൃത്തിവിദ്യാഭ്യാസത്തിന്റെ ആശയങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്.

തൊഴിലിന്റെ മഹത്ത്വം മനസ്സിലാക്കാനും വിവിധ തൊഴിൽ ചെയ്യുന്നവരെ ബഹുമാനിക്കാനും സ്വയം തൊഴിൽ ചെയ്യുന്നതിലൂടെ തൊഴിലിന്റെ പ്രാധാന്യം ബോധ്യപ്പെടാനും പ്രവൃത്തി വിദ്യാഭ്യാസത്തിലൂടെ സാധിക്കണം. പ്രവൃത്തി പഠനത്തിന്റെ ബോധനശാസ്ത്രം മനസ്സിലാക്കി സ്വതന്ത്രമായും ഇതര വിഷയങ്ങളോട് ഉദ്ഗ്രഥിച്ചും പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പാക്കാനുമുള്ള അറിവും കഴിവും അധ്യാപകവിദ്യാർഥി നേടണം. ഇതോടൊപ്പം പ്രൈമറി പാഠ്യപദ്ധതി നിർദേശിക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഫലപ്രദമായി ചെയ്യാനും ക്ലാസ് മുറിയിലെ കുട്ടികളെ കൊണ്ടുചെയ്യിക്കാനുമുള്ള കഴിവ് D.El.Ed വിദ്യാർഥികൾക്കുണ്ടാകണം. പ്രവൃത്തി പരിചയ മേളകളുടെ ഉള്ളടക്കം, സംഘാടനം, വിലയിരുത്തൽ എന്നിവയെക്കുറിച്ച് ശരിയായ ധാരണ നേടാനും അവ നടപ്പിലാക്കാനും കഴിയണം. ഇതിനാവശ്യമായ പ്രവർത്തനാധിഷ്ഠിത സമീപനമാവണം സ്വീകരിക്കേണ്ടത്.

# യൂണിറ്റ് - 1
# അധ്വാനവും മനുഷ്യപുരോഗതിയും

മനുഷ്യപുരോഗതിയുടെ നിയാമകശക്തികളിൽ പ്രധാനപ്പെട്ടത് അധ്വാനമാണെന്ന് പറയാം. ഇതര ജീവികളിൽ നിന്നു വ്യത്യസ്തമായി മനുഷ്യർക്ക് സഞ്ചരിക്കാൻ കൈ ആവശ്യമില്ലാതെ വന്നപ്പോൾ, ആ കൈയുപയോഗിച്ച് മറ്റ്കാര്യങ്ങൾ ചെയ്യാമെന്ന അവസ്ഥ കൈവന്നു. തലച്ചോറും സ്വതന്ത്രമായ കൈകളുമുപയോഗിച്ച് നിരവധി ഉപകരണങ്ങൾ മനുഷ്യൻ നിർമ്മിച്ചു. ഇതുരണ്ടുമാണ് ഇതരജീവികളിൽ നിന്ന് നമ്മെ ഭിന്നരാക്കുന്നത്. മനുഷ്യൻ സ്വയം നിർമ്മിക്കുന്നു (Man Makes Himself) എന്ന പുസ്തകത്തിൽ ഗോൾഡൻ ചൈൽഡ് ഇക്കാര്യം വിശദീകരിക്കുന്നത് രസകരവും വിജ്ഞാനപ്രദവുമാണ്. അതിന്റെ അല്പഭാഗം ചുരുക്കി നൽകുന്നു.

മറ്റു മൃഗങ്ങളെപ്പോലെ മനുഷ്യനും ബാഹ്യലോകത്തിൽ പ്രവർത്തിക്കുന്നതും അതിനോട് പ്രതിപ്രവർത്തിക്കുന്നതും അതിൽ നിന്ന് ജീവസന്ധാരണം നടത്തുന്നതുമൊക്കെ പ്രധാനമായും അവന്റെ 'സജ്ജീകരണങ്ങൾ' കൊണ്ടാണ്. സാങ്കേതികമായിപ്പറഞ്ഞാൽ മനുഷ്യൻ തന്റെ പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്നു. ആ പരിസ്ഥിതിയെ ആവശ്യാനുസരണം ക്രമീകരിക്കുകപോലും ചെയ്യുന്നു. എന്നാൽ മനുഷ്യന്റെ സജ്ജീകരണം ഇതര മൃഗങ്ങളുടേതിൽ നിന്ന് വളരെ വ്യത്യസ്തമാണ്. മറ്റു മൃഗങ്ങൾ അവയുടെ സജ്ജീകരണങ്ങളെയും സ്വശരീരത്തിൽ പേറുന്നു. ഇരയെ കീഴ്പ്പെടുത്താനും കീറിമുറിക്കാനുമുള്ള നഖങ്ങളും പല്ലും ഇരപിടുത്തക്കാരായ മൃഗങ്ങൾക്കുണ്ട്. മുയലിന് മാളം തുരക്കാനുള്ള കൈപ്പത്തിയുണ്ട്. മിക്ക മൃഗങ്ങൾക്കും ശരീരതാപം സംരക്ഷിക്കാൻ രോമാവരണമുണ്ട്. മനുഷ്യനിൽ അത്തരം സജ്ജീകരണങ്ങൾ തീരെക്കുറവാണ്. ഒരു പക്ഷേ ഉണ്ടായിരുന്നവപോലും പിന്നീട് ഉപേക്ഷിക്കപ്പെട്ടു.

നമ്മൾ വീടുകെട്ടിയും വസ്ത്രം നെയ്തുമെല്ലാം പ്രകൃതിശക്തികളെ പ്രതിരോധിക്കുന്നു. കീറാനും മുറിക്കാനും പ്രയോജനപ്പെടുന്ന തേറ്റ ചില പുരാതന മനുഷ്യർക്കുണ്ടായിരുന്നതുപോലും പിന്നീടില്ലാതായി. മനുഷ്യന് അവന്റെ ഉപകരണങ്ങൾ ഏതു പരിതസ്ഥിതിയിലും ജീവിക്കാൻ പ്രാപ്തി നൽകുന്നു. മറ്റു ജീവികൾ അവരുടെ ശരീരത്തിൽ തന്നെ സജ്ജമായ സവിശേഷതകൊണ്ട് ഒരു പ്രത്യേക ഇടത്തു പൊരുത്തപ്പെട്ടുകഴിയുന്നു. മനുഷ്യന് ചൂടുള്ളപ്പോൾ രോമവസ്ത്രങ്ങൾ അഴിച്ചുമാറ്റാം. തണുപ്പുള്ളപ്പോൾ അണിയാം, കാലിന്റെ കരുത്തിനേക്കാൾ എത്രയോമടങ്ങുവേഗത്തിൽ സഞ്ചരിക്കാം. ഇങ്ങനെ പോകുന്നു. എന്നാൽ മറ്റു ജീവികൾക്ക് പഠനം വളരെ എളുപ്പമാണ്. ശരീരത്തിൽ പ്രകൃതിയൊരുക്കിക്കൊടുത്ത സവിശേഷ സംവിധാനങ്ങൾ ഉപയോഗിക്കാൻ അമ്മയിൽ നിന്നോ മറ്റു മുതിർന്നവരിൽ നിന്നോ പഠിച്ചാൽ മതി. എന്നാൽ മനുഷ്യർക്ക് അവന്റെ സജ്ജീകരണങ്ങൾ ഉണ്ടാക്കാനും പഠിച്ചേ മതിയാകൂ. ഒരു കൂർത്ത കല്ല് കത്തിയാക്കിമാറ്റുന്ന പ്രക്രിയ, മൃഗങ്ങളുടെ രോമമോ തോലോ ശരീരത്തിലണിയുന്ന വസ്ത്രമാക്കുന്ന പ്രക്രിയ, എന്നിങ്ങനെ ആധുനിക മനുഷ്യന്റെ എല്ലാ കണ്ടെത്തലുകളും സാങ്കേതിക വിദ്യകളും ജീവിതത്തെ മെച്ചപ്പെടുത്തുന്ന പ്രക്രിയയുടെ ഭാഗമായി രൂപപ്പെടുന്നതാണ്.

അധ്വാനവും മനുഷ്യപുരോഗതിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ആദിമമനുഷ്യൻ ആധുനികമനുഷ്യനായി പരിണമിച്ച ചരിത്രം സ്കൂൾ പാഠ്യപദ്ധതിയിൽ നിങ്ങൾ പഠിച്ചിട്ടുണ്ട്. ഒരോർമ്മ പുതുക്കലാകാം.

എങ്ങനെയാണ് ആദ്യകാല മനുഷ്യർ ഭക്ഷണം സമ്പാദിച്ചത്? കായ്കനികൾ തേടിയും മൃഗങ്ങളെ വേട്ടയാടിപ്പിടിച്ചുമൊക്കെ മൃഗസമാനമായ രീതിയിൽത്തന്നെയല്ലേ? പ്രാചീന ശിലായുഗമെന്നു വിളിക്കുന്ന ഘട്ടത്തിലോ? അവർക്കുലഭിക്കുന്ന ശിലകൾ അതേപോലെ എറിയാനും ഇടിച്ചുകൊല്ലാനും അടിച്ചു ചതയ്ക്കാനുമൊക്കെ ആയുധമാക്കിയകാലം. നവീനശിലായുഗത്തിൽ സ്ഥിതി അല്പം കൂടി മാറി. വെറും കല്ലിനെ ഉരച്ചും ചെത്തിയുമൊക്കെ മൂർച്ചപ്പെടുത്തി മഴുവിന്റെയും പിച്ചാത്തിയുടെയുമൊക്കെ ആകൃതിയിൽ കല്ലുകൾ ഒരുക്കിയെടുക്കാൻ തുടങ്ങി. മൃഗങ്ങൾ സ്വന്തം ശരീരത്തിലെ

ഭാഗങ്ങൾ തന്നെ ഇര തേടലിൽ ഉപയോഗിക്കുന്ന കാര്യം മുമ്പ് സൂചിപ്പിച്ചുവല്ലോ. പ്രകൃതിവിഭവങ്ങളെ അധ്വാനശേഷി വികാസവുമായി ബന്ധിപ്പിച്ചു രൂപാന്തരപ്പെടുത്തി അധ്വാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കലാണ് യഥാർഥത്തിൽ പുരോഗതിക്ക് അടിസ്ഥാനമൊരുക്കുന്നത് എന്ന് വ്യക്തമല്ലേ?

ലോഹയുഗത്തിലെക്കാര്യം നോക്കൂ. ചെമ്പും കൂട്ടുലോഹങ്ങളുമാണ് ആദ്യകാലത്ത് കണ്ടെത്തിയത്. ഇവയ്ക്ക് കല്ലിൽ നിന്ന് വളരെയേറെ വ്യത്യസ്തതകളുണ്ട്. അടിച്ചുപരത്താനും മൂർച്ചവരുത്താനും ഉരുക്കി പഴയപടിയാക്കാനുമെല്ലാം കഴിയും. ലോഹവിദ്യ ഉപയോഗിക്കുമ്പോൾ വലിയ തോതിൽ ചൂടുനൽകി ലോഹമുരുക്കാനുള്ള ചൂളകളും മൂശകളുമുണ്ടാക്കാനുമൊക്കെ മനുഷ്യർ പ്രാപ്തരായി. പക്ഷേ ഈ ലോഹവിദ്യയൊക്കെ ചില ആളുകൾ മാത്രമാണ് പാരമ്പര്യമായി ചെയ്തു വന്നത്. അവരുടെ വൈദഗ്ധ്യം ഉപയോഗിക്കുന്ന സമൂഹം അവർക്കു ഭക്ഷണവും മറ്റു സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയും ചെയ്തു.

അമ്പും വില്ലും ഉപയോഗിക്കാൻ തുടങ്ങിയതു സംബന്ധിച്ച് വ്യത്യസ്തമായ നിഗമനങ്ങൾ നിലവിലുണ്ട്; എവിടെ ഏതുകാലത്ത് എന്നതുസംബന്ധിച്ച വ്യത്യസ്ത അഭിപ്രായങ്ങളുമുണ്ട്. യൂറോപ്പിൽ നിന്നും ഉത്തരാഫ്രിക്കയിൽ നിന്നുമൊക്കെ അതിന്റെ ചില സൂചനകൾ ലഭിച്ചിട്ടുണ്ട്. അമ്പു പ്രയോഗിക്കാൻ കഴിഞ്ഞത് അകലെനിന്ന് വേട്ടയാടാനവസരമൊരുക്കി. ആദിശിലായുഗത്തിന്റെ അവസാനകാലത്ത് വേട്ട സാമഗ്രികൾ പുതിയ കണ്ടുപിടുത്തങ്ങളാൽ സമ്പന്നമായി എന്ന് ഗോൾഡൻ ചൈൽഡും മറ്റും ചൂണ്ടിക്കാട്ടുന്നു.

ലോഹയുഗത്തിൽ ഉപകരണങ്ങളുടെ കാര്യക്ഷമത പതിന്മടങ്ങ് വർധിച്ചു. കുഴിക്കാനും കിളയ്ക്കാനും മുറിക്കാനുമെല്ലാം പറ്റിയതരത്തിൽ ഉപകരണങ്ങൾ രൂപകൽപ്പന ചെയ്യാൻ കഴിഞ്ഞതോടെ പ്രവൃത്തികളെല്ലാം ആയാസരഹിതവും കൂടുതൽ കാര്യക്ഷമവുമായി. കൃഷിചെയ്യാൻ തുടങ്ങിയതോടെ മനുഷ്യർ അനുയോജ്യമായ സ്ഥലങ്ങൾ തിരഞ്ഞെടുത്തു സ്ഥിരവാസമുറപ്പിച്ചു എന്നതാണ് നദീതട സംസ്കാരങ്ങൾ നമുക്ക് കാട്ടിത്തരുന്ന സത്യം.

കൃഷി മനുഷ്യജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയത്. അന്നത്തെ ഭക്ഷണം അന്നന്നു തേടിപ്പിടിക്കുന്നതിനു പകരം ഏറെനാളേക്കുള്ള ഭക്ഷണം ഒരുമിച്ചുണ്ടാക്കുന്ന അവസ്ഥ വന്നു. അപ്പോൾ സുരക്ഷിതമായി അതു സൂക്ഷിച്ചു വയ്ക്കുന്നതും ആവശ്യമായി. അതിനായി ധാന്യപ്പുരകൾ ഉണ്ടായി. ഭക്ഷ്യവസ്തുക്കൾ കൊള്ളയടിക്കാൻ വരുന്നവർ, അവരെ ചെറുക്കാനുള്ള സംവിധാനത്തിനുവഴി വച്ചു. വിളകൊയ്യുവോളം വയലിനടുത്തുതാമസിക്കേണ്ട സ്ഥിതിയുള്ളതു കൊണ്ട് അവിടെത്തന്നെ പാർപ്പിടമൊരുക്കൽ ചുരുക്കത്തിൽ ഇങ്ങനെ ഗ്രാമസംസ്കൃതി ഉടലെടുത്തു.

കൃഷി വ്യാപകമായതോടെ ഒരുമിച്ചു പാർക്കുന്നവർക്കാവശ്യമായ ഗൃഹങ്ങൾ, ഗാർഹികസാമഗ്രികൾ, തുടങ്ങി വൈവിധ്യമാർന്ന നിർമ്മാണത്തൊഴിലുകൾക്ക് അവസരമൊരുങ്ങി. വളർത്തുമൃഗങ്ങളുടെ പരിപാലനം ചികിത്സ എന്നിവയും സംഗീതം, നൃത്തം തുടങ്ങിയ കലയും നേരമ്പോക്കുകളും മറ്റ് ഒട്ടേറെ പുതിയമേഖലകളും ഗോത്രമനുഷ്യന്റെ ജീവിതത്തിൽ കടന്നുവന്നു.

കാർഷികോപകരണങ്ങളുടെ നിർമ്മിതി-കൊല്ലപ്പണി, ഗൃഹനിർമ്മാണം-ആശാരിപ്പണി, വസ്ത്രനിർമ്മാണം-നെയ്ത്തുകാരൻ, കാവൽനിൽക്കൽ-പടയാളികൾ, ദേവപ്രീതിക്കുള്ള ആരാധന പുരോഹിതർ ഇങ്ങനെ വിവിധ തൊഴിലുകളും സേവനങ്ങളും വികസിക്കുകയും ഇതെല്ലാമുള്ള ചെറുനഗരങ്ങൾ രൂപം കൊള്ളുകയും ചെയ്തു. നാഗരികതയുടെ ഉദയം ഇങ്ങനെയാണ്. സിന്ധുനദീ തടത്തിലും യൂഫ്രട്ടീസ്, ടൈഗ്രീസ് തടത്തിലുമൊക്കെ രൂപപ്പെട്ട പ്രാചീന നഗരസംസ്കാരത്തെക്കുറിച്ചും നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ.

കാലം പിന്നിട്ടപ്പോൾ മനുഷ്യന്റെ അധ്വാനശേഷി വികസിച്ചു. വാഹനങ്ങൾ യാത്രയുടെവേഗത വർധിപ്പിച്ചു. കപ്പലോട്ടം വശമായി. പുതിയ യന്ത്രോപകരണങ്ങൾ അധ്വാനം അനായാസമാക്കി. അങ്ങനെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മനുഷ്യൻ കായികാധ്വാനത്തേക്കാളേറെ ബുദ്ധിപരമായ അധ്വാനം നടത്തുന്നവരാണെന്ന് നിങ്ങൾക്കറിയാം. നിരവധിയായ യന്ത്രോപകരണങ്ങൾ കമ്പ്യൂട്ടർപോലെയുള്ള സാങ്കേതിക വിദ്യകൾ എല്ലാം ചേർന്ന് ഓരോ വ്യക്തിയുടെയും അധ്വാനശേഷി

ആദിമ മനുഷ്യന്റേതിൽ നിന്ന് ആയിരക്കണക്കിന് മടങ്ങ് വർധിപ്പിച്ചു. ഇങ്ങനെ അധ്വാനശേഷിയിലുണ്ടാകുന്ന പുരോഗതി മനുഷ്യന്റെ പുരോഗതിക്ക് ഹേതുവായിത്തീരുന്നുവെന്ന് വ്യക്തമാക്കുന്നില്ലേ?

**അധ്വാനവും രാജ്യത്തിന്റെ പുരോഗതിയും**

എല്ലാ സമ്പത്തിന്റെയും അടിസ്ഥാനം മനുഷ്യന്റെ അധ്വാനമാണ്. മനുഷ്യ വിഭവശേഷി ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുമ്പോൾ ഉൽപ്പാദനം വർധിക്കുകയും രാജ്യം കൂടുതൽ സമ്പന്നമായിത്തീരുകയും ചെയ്യും. പ്രകൃതിയിലെ വിഭവങ്ങൾ പൊതുസമൂഹത്തിന്റെ നന്മക്കായി ഫലപ്രദമായി വിനിയോഗിക്കാനും ലഭ്യമായ അധ്വാനശേഷി ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കാനും കഴിയുമ്പോഴാണ് രാജ്യം സമൃദ്ധിയിലേക്ക് മുന്നേറുന്നത്. ഒരു സമൂഹത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിന് ഏറ്റവും അനിവാര്യമായ ഘടകമാണ് ഭക്ഷ്യസുരക്ഷ. ആവശ്യമായ പോഷകഘടകങ്ങൾ മതിയായ അളവിൽ ലഭ്യമാകുമ്പോഴാണ് ഒരു സമൂഹം ഭക്ഷ്യസുരക്ഷയുള്ളതെന്ന് വിലയിരുത്തപ്പെടുന്നത്. ഭക്ഷ്യോൽപ്പാദനത്തിന്റെ കാര്യത്തിൽ നമ്മുടെ രാജ്യം ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. എന്നാൽ എല്ലാ പോഷകഘടകങ്ങളും മുഴുവൻ ജനങ്ങൾക്കും ലഭ്യമാകുന്ന തരത്തിൽ വിതരണസംവിധാനം ഇനിയും ശക്തിപ്പെടേണ്ടതുണ്ട്. ഭക്ഷണം കഴിഞ്ഞാൽ പാർപ്പിടമാണ് പരിഗണനയിൽ വരുക. പ്രകൃതി ശക്തികളിൽ നിന്നുള്ള രക്ഷയ്ക്കും അധ്വാനത്തിലൂടെയുള്ള സമ്പത്ത് സൂക്ഷിച്ചുവയ്ക്കുന്നതിനും നല്ല പാർപ്പിടം ആവശ്യമാണല്ലോ! എന്നാൽ ഇന്ത്യയിലെ ഗ്രാമാന്തരങ്ങളിൽ കാർഷിക വൃത്തിയിൽ ഏർപ്പെടുന്ന വലിയൊരു വിഭാഗത്തിന് മെച്ചപ്പെട്ട പാർപ്പിടസൗകര്യങ്ങൾ ഇതുവരെയും സ്വായത്തമാക്കാൻ കഴിഞ്ഞിട്ടില്ല. മുമ്പ് സൂചിപ്പിച്ചതുപോലെ കാലാവസ്ഥയ്ക്കനുസരിച്ച് ഉചിതമായ വസ്ത്രധാരണം എന്നത് മനുഷ്യന്റെ സവിശേഷതയാണ്. വസ്ത്രനിർമ്മാണരംഗത്ത് വലിയ പാരമ്പര്യമുള്ള നാടാണ് ഭാരതം. വിദേശവസ്ത്രങ്ങൾ ബഹിഷ്കരിക്കുന്നതിനും സ്വദേശി വസ്ത്രനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും ഗാന്ധിജി ഊന്നൽ നൽകിയത് ഈ പാരമ്പര്യം മനസ്സിൽ വച്ചുകൊണ്ടു കൂടിയാണ്. അടിസ്ഥാനാവശ്യങ്ങൾക്കു പുറമേ വിനോദത്തിന്റെയും സൗന്ദര്യാസ്വാദനത്തിന്റെയും ആവശ്യകതയും സമൂഹമനുഷ്യനുണ്ട്. കല, സാഹിത്യം, ശില്പവിദ്യ തുടങ്ങി വൈവിധ്യമാർന്ന നിർമ്മാണ, ആസ്വാദന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു കൊണ്ടു മാത്രമേ ഒരു പരിഷ്കൃത സമൂഹത്തിന് മുന്നേറാനാകൂ. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളും വിനോദപരമായ ആവശ്യങ്ങളും ഉൾകൊള്ളുന്നതാണ് മനുഷ്യന്റെ ദൈനംദിനജീവിതം. ഇതു തന്നെയാണ് പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ആശയം.

കൂടുതൽ വിവരങ്ങൾ ഹൈസ്കൂൾ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ നിന്നും മറ്റു റഫറൻസ് പുസ്തകങ്ങളിൽ നിന്നും ശേഖരിച്ച് വിശകലനം ചെയ്യുമല്ലോ. തുടർന്ന് രാജ്യപുരോഗതിയിൽ അധ്വാനത്തിന്റെ പങ്ക് എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.

**പാർശ്വവൽക്കരിക്കപ്പെട്ട തൊഴിൽ വിദ്യാഭ്യാസം**

പെരുന്തച്ചന്റെ കഥ കേൾക്കാത്ത മലയാളികളുണ്ടാവില്ല. പെരുന്തച്ചൻ ശില്പനിർമ്മാണ വിദഗ്ധനും സൂത്രപ്പണികളിൽ എതിരില്ലാത്ത വൈദഗ്ധ്യത്തിനുടമയുമായിരുന്നു. അദ്ദേഹവും മകനുമായി ബന്ധപ്പെട്ടതാണ് ഒരു കഥ.

ഒരിക്കൽ പെരുന്തച്ചൻ രൂപകൽപ്പനചെയ്തപാലത്തിന്റെ പണി പൂർത്തിയായി. തച്ചൻ നേരിട്ടു വന്നു കണ്ട് പണി ബോധ്യപ്പെട്ടു. കൂട്ടത്തിൽ ഒരു സൂത്രപ്പണിയും ഒപ്പിച്ചു. യാത്രക്കാർ പാലത്തിന്റെ ഒരു തലയ്ക്കൽ കയറുമ്പോൾ ഒരു പാവ ഒരു ചരടുവഴി തോട്ടിലേക്കിറങ്ങും. യാത്രക്കാരൻ മറുതലയ്ക്കലെത്തുമ്പോഴേക്ക് വായിൽ വെള്ളം നിറച്ചുപൊങ്ങിവരും. പാലത്തിൽ നിന്നിറങ്ങുന്ന ആളിന്റെ മേൽ വായിലൂടെ വെള്ളം ചീറ്റും. വാർത്ത നാടെങ്ങും പരന്നു. വന്നവർ വന്നവർ പെരുന്തച്ചനെ പുകഴ്ത്തി. ഈ വിവരം പെരുന്തച്ചന്റെ മകന്റെ ചെവിയിലുമെത്തി. അയാൾ പാലത്തിനടുത്തെത്തി. സൂത്രപ്പണിയെല്ലാം പരിശോധിച്ചു അതിനുശേഷം മറ്റൊരു പാവകൂടി സ്ഥാപിച്ചു. അച്ഛന്റെ പാവ വെള്ളം തുപ്പുമ്പോൾ മകന്റെ പാവ അതിന്റെ കവിളിൽ ഒരടി കൊടുക്കും. വെള്ളം ദൂരേക്കു പോകാതെ ചിതറും. വെള്ളം യാത്രക്കാരുടെ മേൽവീഴില്ല. അദ്ഭുതകരമായ ഈ വിദ്യകൾ നാടെങ്ങും കേൾവിപ്പെട്ടു.

അച്ഛൻ മകനെ ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു. 'എന്നിൽ നിന്ന് വിദ്യ പഠിച്ച നീ അതിനെ കൂടുതൽ വലുതാക്കി, തിരിയിൽ നിന്നു കൊളുത്തിയ പന്തം പോലെ.' 'അച്ഛനുള്ള ഗുരുദക്ഷിണയായി ഇതിനെ കരുതണം.' മകൻ പ്രതിവചിച്ചു.

നിങ്ങൾ കഥവായിച്ചില്ലേ? പെരുന്തച്ഛന്റെ കഥ ഒരു പ്രതീകമായെടുക്കാം. പെരുന്തച്ചനിൽ നിന്ന് വിദ്യ മകനിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയാണ്. ഒരു തലമുറയിൽ നിന്ന് വിദ്യ അടുത്ത തലമുറയിലേക്കെത്തുമ്പോൾ സാങ്കേതിക വിദ്യയിൽ പുരോഗതി വരുന്നുവെന്നതിന്റെ സൂചനയും അതിലുണ്ട്. ഇങ്ങനെ നിർമ്മാണവിദ്യ തലമുറ തലമുറ കൈമാറി വളർന്നു വന്നതാണ്. യഥാർത്ഥത്തിൽ വിദ്യാഭ്യാസമെന്നത് തൊഴിൽ നൈപുണിയും അതിനോടു ബന്ധപ്പെട്ടവിഷയങ്ങളും എന്നതരത്തിലാണ് അക്കാലത്ത് വിനിമയം ചെയ്യപ്പെട്ടിരുന്നത്. കർഷകന്റെ മക്കൾ ആ തൊഴിൽ പഠിക്കുന്നു. വൈദ്യനോടൊപ്പം നിന്ന് ജോലി ചെയ്തു വൈദ്യം പഠിക്കുന്നു. ആശാരിയോടൊപ്പം പണിക്ക് പോയി ആശാരിപ്പണി പഠിക്കുന്നു. ഇതായിരുന്നു പഠനരീതി.

നിങ്ങൾ ആദ്യക്ലാസ്സുകളിൽ 'അടിസ്ഥാനശാസ്ത്ര'മായി പഠിച്ചിരുന്ന വിഷയം ഹൈസ്കൂളിലെത്തുമ്പോൾ ഫിസിക്സും കെമിസ്ട്രിയും ബയോളജിയും (ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം) ആയി വേർതിരിയുന്നു. കോളജിലെത്തുമ്പോൾ ബയോളജി തന്നെ ബോട്ടണിയും സുവോളജിയുമാകുമല്ലോ. ഫിസിക്സ് തന്നെ ജിയോഫിസിക്സ്, ബയോഫിസിക്സ്, ആസ്ട്രോ ഫിസിക്സ് എന്നൊക്കെയാവില്ലേ? ഇങ്ങനെ വിഷയങ്ങൾ വേർതിരിയുമ്പോൾ സ്പെഷ്യലൈസേഷനായി. ഇതുപോലെയൊരു പരിവർത്തനം തൊഴിൽ മേഖലയിലുമുണ്ടായിട്ടുണ്ട്. അതെങ്ങനെയെന്നു നോക്കാം.

നായാടിയും കായ് കിഴങ്ങുകൾ ശേഖരിച്ചും നടന്ന മനുഷ്യർ എല്ലാവരും ആ തൊഴിൽ തന്നെ ചെയ്തു. കൃഷി തുടങ്ങിയ കാലത്തും എല്ലാവരും എല്ലാജോലിയും ചെയ്തു. കൃഷി വികസിച്ചപ്പോൾ ഒരിടത്തുസ്ഥിരവാസമാരംഭിച്ച മനുഷ്യർക്ക് ഗൃഹ നിർമ്മാണം, ഉഴവ്, വിത്തുവിതയ്ക്കൽ കാർഷികോപകരണ നിർമ്മാണം എന്നിങ്ങനെ തൊഴിൽ വിഭജനം സ്വാഭാവികമായി വേണ്ടി വന്നു. മൃഗപരിപാലനം, മൃഗചികിത്സ തുടങ്ങിയവയും കൂടെച്ചേർന്നുവന്നു. കർഷകന്റെ വിളകൾ വിപണനം (ആദ്യഘട്ടത്തിൽ വസ്തുകൈമാറ്റരീതി) വേണ്ടി വന്നു. കാർഷികാവശ്യത്തിന് കാലാവസ്ഥാ പ്രവചനങ്ങൾ, ദൈവപ്രീതിക്കുള്ള ആരാധന, ഇങ്ങനെ പലതും. ഇതാണ് തൊഴിൽ വിഭജനത്തിന്റെ അടിസ്ഥാനം. കാർഷികവൃത്തിയിൽ നിന്ന് ഉപകരണനിർമ്മാണം, വിത്തിടൽ, വിളവെടുപ്പ്, സംഭരണം, സംസ്കരണം ഇങ്ങനെ ജോലികൾ വിഭജിച്ചു വരുമ്പോൾ ഓരോരുത്തർ ഓരോ കാര്യത്തിൽ വൈദഗ്ധ്യമുള്ളവരായി മാറുന്നു. ഇതോടൊപ്പം മറ്റൊരു മാറ്റവും ഉണ്ടായി. ആരാധനാദി കാര്യങ്ങൾ, ഭരണനിർവഹണം, വൈദ്യം തുടങ്ങി കായികാധ്വാനം കുറഞ്ഞ തൊഴിലെടുക്കുന്ന വിഭാഗത്തിന് കൂടുതൽ ഒഴിവുസമയം കിട്ടി. അവർ സമൂഹത്തിന്റെ ഉപരിവർഗമായി സാവകാശം പരിവർത്തനം ചെയ്യപ്പെടുകയായിരുന്നു. അവർ തന്നെ വിദ്വാന്മാരും വിദ്യാദാതാക്കളുമായി. ഗോത്രങ്ങളെ സംരക്ഷിക്കുന്ന പോരാളികൾ ക്രമത്തിൽ ഭരണാധികാരികളായി. അവർക്കും വിദ്യ നൽകുന്നത് വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരായ ഗുരുക്കന്മാരാണ്. ഇങ്ങനെ വിദ്യാഭ്യാസം സാധാരണ തൊഴിലിൽ നിന്ന് വേർപെട്ടുവന്നു.

ഗുരുവിനോടൊപ്പം താമസിച്ചു പഠിക്കുന്നവർ ഗുരുവിനു വേണ്ട സഹായമൊക്കെച്ചെയ്യും. ഭരണാധികാരികൾ ഗുരുക്കന്മാർക്കു വേണ്ടതൊക്കെ നൽകും. ഇങ്ങനെ വിദ്യാഭ്യാസം വീട്ടിൽ നിന്ന് (മുതിർന്ന തലമുറിയിൽ നിന്ന് ഇളം തലമുറയിലേക്ക്) എന്നതിനപ്പുറത്ത് ഒരു സംവിധാനമായി വളർന്നു. വേദശാസ്ത്രപുരാണങ്ങളിലൊക്കെ അവഗാഹം നേടലായി വിദ്യാഭ്യാസം. അസ്ത്രശസ്ത്രപ്രയോഗങ്ങളും ഗുരുക്കന്മാർ പഠിപ്പിച്ചു. എന്നാൽ സാധാരണതൊഴിലുകളൊക്കെ ഈ വിദ്യാഭ്യാസ പദ്ധതിയിൽ നിന്നകന്നു പോയി. അക്കാദമികപഠനം മാത്രമേ വിദ്യാഭ്യാസമായി പരിഗണിച്ചുള്ളൂവെന്നു സാരം.

ആധുനിക കാലത്ത് പൊതുവിദ്യാഭ്യാസസ്ഥാപനങ്ങൾ ധാരാളമുണ്ടായി. അവിടെ ആദ്യകാലത്ത് എല്ലാവർക്കും പ്രവേശനമുണ്ടായിരുന്നില്ല. ഭാഷയും ഗണിതവും ശാസ്ത്രവുമൊക്കെയല്ലാതെ തൊഴിൽ നൈപുണീവികസനം അവിടെ കാര്യമായുണ്ടായിരുന്നുമില്ല.

കേരളത്തിൽ പൊതു വിദ്യാലയങ്ങളിൽ അധഃസ്ഥിതർക്ക് പ്രവേശനം ലഭിക്കാനായി അയ്യ ങ്കാളിയുടെ നേതൃത്വത്തിൽ നടന്ന സമരത്തെക്കുറിച്ച് അന്വേഷിക്കുക. ഇത് ചർച്ച ചെയ്യുക.

ഇന്ത്യയിൽ മാത്രമല്ല ലോകത്താകെ പൊതുവിദ്യാഭ്യാസമെന്നത് അക്കാദമികപ്രധാനമായിത്തീർന്നു. അങ്ങനെ വന്നപ്പോഴാണ് കലാകായികപ്രവൃത്തി വിഷയങ്ങൾ കൂടി സ്കൂൾകരിക്കുലത്തിന്റെ ഭാഗമാകണമെന്ന ചിന്ത ചിലർ പങ്കുവച്ചതും ക്രമേണ അംഗീകരിക്കപ്പെട്ടതും, അതൊക്കെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതും.

വിദ്യാഭ്യാസത്തിന്റെ സൈദ്ധാന്തികാടിത്തറയുമായി ബന്ധപ്പെട്ട് നേടിയ ധാരണകൾ ഇവിടെ അവതരിപ്പിച്ച ആശയങ്ങളോടുബന്ധിപ്പിച്ച് ക്ലാസ്സിൽ ചർച്ചയ്ക്കു വിധേയമാക്കണം. ഗാന്ധിജിയുടെ അടിസ്ഥാനവിദ്യാഭ്യാസപദ്ധതി, ജോൺ ഡ്യൂയിയുടെ പ്രോജക്റ്റ് രീതി ഇവയൊക്കെ പ്രവൃത്തിയുടെ പ്രാധാന്യം വ്യക്തമാക്കുന്ന കാര്യം നിങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടല്ലോ.

**തൊഴിലുകളുടെ പരസ്പര ബന്ധം**

നമ്മുടെ ഒരു ദിവസം തുടങ്ങുന്നതു മുതൽ സ്കൂളിൽ എത്തുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ആലോചിച്ചു നോക്കൂ. ഈ പ്രവർത്തനങ്ങളിൽ ഏതെല്ലാം തൊഴിലുമായി ബന്ധപ്പെട്ടകാര്യങ്ങൾ ഉൾപ്പെടുന്നു.

ഉദാഹരണമായി രാവിലെ പല്ലുതേക്കുന്നതിന് പേസ്റ്റ്/പൽപ്പൊടി/ ഉമിക്കരി വേണമല്ലോ. പേസ്റ്റ് ഉണ്ടാക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ, അതിന്റെ കൂട്, അടപ്പ്, അതിന്റെ പാക്കിംഗ് മെറ്റീരിയൽ, പാക്കിംഗിലുള്ള അച്ചടി, ബ്രഷ്, ബ്രഷ് നിർമിക്കുന്നതിനുള്ള സാമഗ്രികൾ, പാക്കിംഗ് ഇവയുടെയെല്ലാം. വിപണന ശൃംഖല നോക്കൂ. എത്രയോ മനുഷ്യരുടെ അധ്വാനത്തിന്റെ ഫലമായിട്ടാണ് നമ്മുടെ പല്ല് തിളങ്ങുന്നത്.

ഇതുപോലെ സ്കൂളിലെത്തുന്നതു വരെയുള്ള മറ്റു പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തി വിശകലനത്തിനു വിധേയമാക്കൂ. നമുക്ക് ഓരോരുത്തർക്കും ഒരു ദിനം പിന്നിടാൻ നൂറു കണക്കിനു വ്യക്തികളുടെ വൈവിധ്യമാർന്ന അധ്വാനശേഷി അനിവാര്യമാണെന്നു കാണാം.

ചില തൊഴിൽ മേഖലകൾ, അവയുടെ പരസ്പരബന്ധം എന്നിവ ഒന്നു കൂടി പരിശോധിക്കാം. പഞ്ചസാരവ്യവസായമാകട്ടെ. പഞ്ചസാര ഉണ്ടാകണമെങ്കിൽ ആദ്യം വേണ്ടത് കരിമ്പു കൃഷിയാണ്. മെച്ചപ്പെട്ട കരിമ്പിനങ്ങൾ ലഭ്യമായാൽ മാത്രമേ നല്ല രീതിയിൽ കൃഷി ചെയ്യാനാകൂ. വിത്തെന്നപോലെ പ്രധാനമാണ് വളവും. കൃഷിയുമായി ബന്ധപ്പെട്ട ഒരു പ്രധാന തൊഴിൽ മേഖലയാണ് വളം നിർമ്മാണം. കരിമ്പുകൃഷിക്ക് ധാരാളം അധ്വാനം വേണം, വിളവെടുക്കണം, പഞ്ചസാരമില്ലുകൾ വേണം. ഉൽപ്പന്നമുണ്ടായാൽ അവയുടെ പാക്കിംഗും വിപണനവും അനിവാര്യമാണ്. ഇങ്ങനെ ഓരോ തൊഴിൽ മേഖലയും മറ്റു പലതിനോടും ബന്ധപ്പെട്ടാണിരിക്കുന്നത്. വസ്ത്രനിർമ്മാണത്തിന്റെയും ഭക്ഷ്യസംസ്ക്കരണത്തിന്റെയും ഉദാഹരണങ്ങൾ ചർച്ചചെയ്തു കുറിപ്പുതയാറാക്കൂ.

തൊഴിൽ മേഖലകളിൽ അനുദിനം വികാസം വന്നുകൊണ്ടിരിക്കും. നൂതനയന്ത്രങ്ങൾ കണ്ടുപിടിക്ക പ്പെടുന്നു. പഴയസാങ്കേതിക വിദ്യകൾ അപ്രസക്തമായിത്തീരുന്നുമുണ്ട്. എങ്കിലും ചില പരമ്പരാഗത വ്യവസായമേഖലകൾ ഇന്നും സജീവമാണ്.

നമ്മുടെ ജീവിതം സുഖപ്രദമാക്കുന്നതിന് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ജീവിതം എത്രകണ്ട് സുഭിക്ഷമാണ് എന്നറിയണ്ടേ? എന്താണു വഴി? തൊഴിലിട സന്ദർശനമല്ലേ?.

തൊഴിൽശാല/തൊഴിലിടം സന്ദർശിക്കുമ്പോൾ ആരെയൊക്കെ കാണണം. എന്തൊക്കെ വിവരങ്ങൾ ശേഖരിക്കണം, എങ്ങനെ വിശകലനം ചെയ്യണം തുടങ്ങിയ കാര്യങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്ത് ആവശ്യമായ ചോദ്യാവലിയും മറ്റും തയാറാക്കണം. സന്ദർശിക്കുമ്പോൾ സന്ദർശനത്തിന് അനുമതി തേടേണ്ടതുണ്ടാകാം. അതും ശ്രദ്ധിക്കണം. ചുമതലാവിഭജനം കൃത്യമാകണ്ടേ? വ്യവസായ/തൊഴിൽ വികസനവുമായി ബന്ധപ്പെട്ട് വിദഗ്ധരായ ആളുകളുടെ അഭിപ്രായവും തേടേണ്ടതില്ലേ?

വിവരശേഖരണം പൂർത്തിയാക്കിയാൽ വിശകലനവും റിപ്പോർട്ടും ഉണ്ടാവും. അതൊരു സെമിനാറിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കിയാൽ കൂടുതൽ സമ്പുഷ്ടമാക്കാം.

| |
|---|
| തൊഴിലാളികളോടും, തൊഴിൽ ദാതാവിനോടും തൊഴിൽ വിദഗ്ധനോടും അഭിമുഖം നടത്തുന്നതിനുള്ള ചോദ്യാവലി തയാറാക്കുക. |

പരമ്പരാഗത തൊഴിൽ മേഖലകളിൽ (കയർ. കശുവണ്ടി, നെയ്ത്ത് .........) നിലനിൽക്കുന്ന പ്രശ്നങ്ങളും പ്രവണതകളും സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കുക.

നൂതന തൊഴിൽ മേഖലകളായ കമ്പ്യൂട്ടർ അധിഷ്ഠിത തൊഴിൽ മേഖല, മാളുകൾ, വൻകിട വ്യാപാര ശൃംഖലകൾ, ബ്യൂട്ടീഷ്യൻ, കാർഷിക യന്ത്രോപകരണ വിനിയോഗം തുടങ്ങിയവയുടെ സാധ്യതകൾ, അതതു മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ പഠനവിധേയമാക്കി ക്ലാസ്സിൽ പങ്കുവയ്ക്കുകയും വേണം.

തൊഴിലിടം സന്ദർശനത്തിനുള്ള ചോദ്യാവലി

സന്ദർശന റിപ്പോർട്ട്

ഗുരുകുല വിദ്യാഭ്യാസം സംബന്ധിച്ച് കുറിപ്പ് ഇവ തയ്യാറാക്കുക.

**തിരിഞ്ഞു നോക്കുമ്പോൾ**

- അധ്വാനവും മനുഷ്യപുരോഗതിയും
- സാമൂഹിക ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽ അധ്വാനം എന്നത് ഭക്ഷ്യ വസ്തുക്കളുടെ ശേഖരണം മാത്രമായിരുന്നു.
- ഭക്ഷ്യോൽപ്പാദനം തുടങ്ങിയതോടുകൂടി സാമൂഹിക ജീവിത്തിൽ വൈവിധ്യമാർന്ന തൊഴിൽ മേഖലകൾ രൂപപ്പെട്ടു. ഉദാ: കൃഷി, ഉപകരണ നിർമ്മാണം.....
- ആദ്യകാലത്ത് തൊഴിൽ തന്നെയായിരുന്നു വിദ്യാഭ്യാസം
- തൊഴിൽ വൈവിധ്യവൽക്കരിക്കപ്പെട്ടപ്പോൾ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ നിന്ന് വേർപെട്ടു പോവുകയായിരുന്നു.
- കായികാധ്വാനം അധമവും ബൗദ്ധികവ്യാപാരം ശ്രേഷ്ഠവും എന്ന ചിന്ത സജീവമായി
- പ്രത്യേക വിഷയ പരിഗണന വേണ്ടിവന്നു.
- വിദ്യാഭ്യാസമെന്നത് അക്കാദമിക പഠനം മാത്രമായി.
- വിവിധ തൊഴിലുകൾ തമ്മിൽ പരസ്പര ബന്ധമുണ്ട്.
- ഏർപ്പെടുന്ന തൊഴിലും ജീവിത രീതിയുമായി ബന്ധം കണ്ടെത്താൻ കഴിയും.
- പരമ്പരാഗത തൊഴിൽ മേഖലയിൽ ചില പ്രവണതകൾ നിലനിൽക്കുന്നുണ്ട്.
- തൊഴിൽ മേഖലകൾ - സാധ്യതകളും വെല്ലുവിളികളും.

**റഫറൻസ് 1**

ശാസ്ത്രസാങ്കേതിക വിദ്യകളുടെ ചരിത്രം' ഡോ. ആർ.വി.ജി. മേനോൻ, കെ.എസ്സ്.എസ്സ്. പി. 2017

**റഫറൻസ് 2**

'Ancient Indian History and Civilization' by Sailendra Sarma

**റഫറൻസ് 3**

1. NCERT Hand Book - (Traing meterial) for Work Education
2. വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ, തായാട്ടുശങ്കരൻ (KSTA പ്രസിദ്ധീകരണം)

## യൂണിറ്റ് - 2

# പ്രവൃത്തി വിദ്യാഭ്യാസം

## പ്രാധാന്യം, ലക്ഷ്യങ്ങൾ, ചരിത്രം, കാഴ്ചപ്പാടുകൾ, മനശ്ശാസ്ത്രപശ്ചാത്തലം, സമീപനം

പ്രവൃത്തി വിദ്യാഭ്യാസത്തിന് വ്യക്തമായ ലക്ഷ്യങ്ങളും കാഴ്ച്ചപ്പാടുകളും നിർവചിച്ചിട്ടുണ്ട്. കോത്താരി കമ്മീഷൻ റിപ്പോർട്ട്, ദേശീയ വിദ്യാഭ്യാസ നയം (NPE 1986), NCF, KCF ഇവ പരിശോധിച്ചാൽ ഇത് വ്യക്തമാകും. വെറും നൈപുണി വികാസം മാത്രമല്ല അതുമായി ബന്ധപ്പെട്ട അറിവിന്റെ മേഖലകളും നാം പരിഗണിക്കേണ്ടതുണ്ട്. തൊഴിലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴാണ് തൊഴിൽ സന്നദ്ധതയുണ്ടാകുന്നത്. തൊഴിലെടുക്കുന്നവരെ ബഹുമാനിക്കാനും സ്വയം തൊഴിൽ ചെയ്യാനും കുട്ടിയെ പ്രാപ്തനാക്കാൻ തൊഴിൽ വിദ്യാഭ്യാസത്തിനാകണം. കേരളത്തിലെ പാഠ്യപദ്ധതിയിൽ മറ്റു വിഷയങ്ങളുടെ സമീപനത്തോട് ബന്ധപ്പെട്ട രീതിശാസ്ത്രം തന്നെയാണ് പ്രവൃത്തി വിദ്യാഭ്യാസത്തിലും സ്വീകരിച്ചിരിക്കുന്നത്. സ്വയം ചിന്തിക്കുന്നതിനും സർഗ്ഗാത്മകതക്കയ്ക്ക് സാധ്യതകൾ ഉള്ളതും സേവനത്തിലേക്കോ ഉല്പന്നത്തിലേക്കോ എത്തിച്ചേരുന്നവയുമായിരിക്കണം ഓരോ പ്രവൃത്തിയും.

**പ്രവൃത്തി വിദ്യാഭ്യാസം-പ്രാധാന്യം**

പ്രവൃത്തി വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ അവശ്യഭാഗമായി നിർണയിക്കപ്പെട്ടിട്ടുണ്ട് എന്നു നേരത്തേപറഞ്ഞല്ലോ? ദേശീയ വിദ്യാഭ്യാസനയരേഖ തന്നെയാണ് അതിന് മുഖ്യതെളിവ്.

ദേശീയ വിദ്യാഭ്യാസനയം (NPE 1986) പ്രവൃത്തിപരിചയവിദ്യാഭ്യാസത്തെ എങ്ങനെയാണ് പരിചയപ്പെടുത്തുന്നത് എന്ന് നോക്കാം.

"Work Experience is viewed as purposive and meaningful manual work organised as an integral part of the learning process and resulting in either goods or services useful to the communtiy is considered as an essential component at all stages of education, to be provided through well structured and graded programmes. It would comprise activities in accordance with the interests abilities and needs of students. The levels of skills and knowledge to be upgraded with the stages of Education."

വിദ്യാഭ്യാസ നയപ്രഖ്യാപനരേഖയിലെ ഈ കാഴ്ചപ്പാട് ദേശീയപാഠ്യപദ്ധതിയിലും പ്രതിഫലിക്കുന്നു. അത് ഏറെക്കുറെ അങ്ങനെ തന്നെ കെ.സി. എഫ്. സ്വീകരിച്ചിട്ടുമുണ്ട്.

സോദ്ദേശ്യവും സാർഥകവും ശാരീരികാധ്വാനം ആവശ്യപ്പെടുന്നതുമായ പ്രവർത്തനമാണ് പാഠ്യപദ്ധതി ലക്ഷ്യംവയ്ക്കുന്നത് എന്നു വ്യക്തമാണ്. ഇതുപാഠ്യപദ്ധതിയുടെ അവശ്യഭാഗമായി സ്കൂൾ വിദ്യാഭ്യാസ കാലത്തുടനീളം തുടരണമെന്നും ക്ലാസ്സ് കയറുന്നതനുസരിച്ച് പ്രവർത്തനത്തി ലുൾച്ചേർന്നുവരുന്ന നൈപുണികളുടെയും ജ്ഞാനത്തിന്റെയും നിലവാരവും ഉയരണമെന്നും വ്യക്തമാക്കുന്നുണ്ട്.

കേവലം നൈപുണീവികാസം മാത്രമല്ല അതുമായിബന്ധപ്പെട്ടുവരാവുന്ന വൈവിധ്യമാർന്ന ജ്ഞാനമേഖലകളെയും സഗൗരവം പരിഗണിക്കണമെന്ന് അർഥശങ്കയ്ക്കിടയില്ലാതെ വ്യക്തമാക്കുന്നതാണ് നയരേഖ. 'നൈപുണി'യിൽ ശാരീരികചലനപരശേഷികൾ മാത്രമല്ല വിവക്ഷ എന്നും മാനസികപ്രക്രിയ കൂടി ഉണ്ടെന്നും ഓർക്കണം.

ശാരീരികാധ്വാനം ഇല്ലാത്ത ഒരുപാട് സേവനങ്ങൾ വികസിച്ചു വന്ന ഈ കാലത്ത് കമ്പ്യൂട്ടറും ആധുനികസാങ്കേതികവിദ്യകളും ഉപയോഗിച്ചുണ്ടാക്കുന്ന വൈജ്ഞാനികോല്പന്നങ്ങളെയും-പ്രോഗ്രാമുകൾ, സോഫ്റ്റുവെയറുകൾ തുടങ്ങിയവയേയും പ്രവൃത്തി പഠനത്തിൽ ഉൾപ്പെടുത്താമെന്ന് പറയേണ്ടതുണ്ട്.

പോളിസി സ്റ്റേറ്റ്മെന്റ് "The experience would be helpful on his etnry into the work force" എന്ന് തുടർന്നുപറയുന്നുണ്ട്. അതായത് ഭാവിയിൽ സമൂഹത്തിനും തനിക്കും ഗുണകരമായി രാജ്യത്തിന്റെ അധ്വാനശക്തിയുടെ ഭാഗമാകാൻ ഓരോ കുട്ടിയും പ്രാപ്തനാകണം എന്നാണ് വിവക്ഷ.

പ്രവൃത്തി വിദ്യാഭ്യാസത്തിന് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും അതിനെ പിൻതുടർന്ന് നമ്മുടെ സംസ്ഥാന പാഠ്യപദ്ധതിയും വലിയ പ്രാധാന്യമാണ് നൽകുന്നത്. കുട്ടികൾ അധ്വാനത്തിലൂടെ സമൂഹത്തിനുഗുണകരമായ ഏതെങ്കിലും ഉൽപ്പന്നമുണ്ടാക്കുകയോ അല്ലെങ്കിൽ സേവനപ്രവർത്തം നടത്തുകയോ വേണം. ഇതുവഴി കുട്ടിക്കും സമൂഹത്തിനും നേട്ടമുണ്ടാകുന്നുവെന്ന് വ്യക്തമാണല്ലോ.

**പ്രവൃത്തി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ**

പ്രവൃത്തിവിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ ചുരുക്കി നൽകുന്നു. അത് കുറച്ചുകൂടി വിശദമായി പരിശോധിക്കുകയും വേണം.

- മാനവശേഷി വികസനം.
- തൊഴിൽ സന്നദ്ധത
- തൊഴിലിനോടും തൊഴിലെടുക്കുന്നവരോടും ആഭിമുഖ്യം.
- സന്തുലിത വ്യക്തിത്വവികസനം
- ഉൽപ്പാദനരംഗത്തെ വികാസവും സ്വാശ്രയത്വവും
- മൂല്യങ്ങളും മനോഭാവവും

എന്നിങ്ങനെ ലക്ഷ്യങ്ങൾ സംക്ഷേപിച്ചു പറയാം.

ഇവയോരോന്നും വികസിപ്പിക്കാൻ നിങ്ങൾക്കാവില്ലേ? ചിലകാര്യങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കാം.

ദൈനംദിനജീവിതത്തിനാവശ്യമായ ഒട്ടേറെ നൈപുണികൾ സ്കൂൾ വിദ്യാർഥി ആർജിക്കേണ്ടതുണ്ടല്ലോ. സ്വന്തം ശരീരവും വസ്ത്രവും ശുചിയായി സൂക്ഷിക്കുന്നതു മുതൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതുവരെയുള്ള കാര്യങ്ങൾ ദൈനംദിനം ചെയ്യേണ്ടതുണ്ട്. വേഗത്തിലും കാര്യക്ഷമമായും ജോലിചെയ്യാൻ പ്രാപ്തനാകണമല്ലോ. അടിസ്ഥാനാവശ്യങ്ങൾ, വിനോദാവശ്യങ്ങൾ, സേവനങ്ങൾ ഇവയൊക്കെക്കൂടി പരിഗണിക്കാതെ ആർക്കും നന്നായി ജീവിക്കാനാവില്ല. ഇങ്ങനെ ഏറ്റവും ഫലപ്രദമായി തന്റെ ജോലികൾ ചെയ്യുന്നതിനാവശ്യമായ അറിവുകളും ധാരണകളും നൈപുണികളും നേടുന്നതുതന്നെയാണ് മാനവ ശേഷിവികസനം.

തൊഴിൽ സന്നദ്ധതയുണ്ടാകുന്നത് തൊഴിൽ ചെയ്യാനുള്ള ആത്മവിശ്വാസം നേടുമ്പോഴാണ്. അതിനാവശ്യമായ പരിശീലനം വേണം. അനായാസമായും വേഗത്തിലും കാര്യക്ഷമമായും ജോലി ചെയ്യാൻ തക്ക പരിശീലനമാണ് വേണ്ടത്. തൊഴിലിന്റെ പ്രാധാന്യവും തൊഴിലെടുക്കുന്നവരാണ് രാജ്യത്തിന്റെ സമ്പത്തുൽപ്പാദിപ്പിക്കുന്നതെന്ന തിരിച്ചറിവും തൊഴിൽ സന്നദ്ധതയുണ്ടാക്കും. ജോലി ചെയ്ത് വരുമാനമുണ്ടാക്കുന്നത് അഭിമാനകരണമാണെന്നു ബോധ്യമാകുന്ന തരത്തിൽ തൊഴിൽ മേഖല സംബന്ധിച്ച മനോഭാവവും കുട്ടിക്കുണ്ടാകണം.

തൊഴിലിനോടും തൊഴിലെടുക്കുന്നവരോടും, കായികാധ്വാനത്തോട് പ്രത്യേകിച്ചും ബഹുമാനമില്ലാത്തവർ സമൂഹത്തിൽ ധാരാളമുണ്ട്. വെള്ളക്കോളർ ജോലികൾ മാത്രമാണ് ജോലിയെന്നു വിചാരിക്കുന്നവരുമുണ്ട്. എല്ലാത്തൊഴിലും ദൈനംദിന ജീവിതത്തിൽ ആവശ്യമാണെന്ന് കുട്ടികൾ മനസ്സിലാക്കുമ്പോൾ, തൊഴിലാളികളുടെ വൈദഗ്ധ്യം തിരിച്ചറിയുമ്പോൾ, ബഹുമാനം താനേ വളരും. തൊഴിൽ ചെയ്യുന്നതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും ആവശ്യമറിഞ്ഞു പ്രവർത്തിക്കുന്നതുമായ ഒരു തൊഴിൽ സംസ്ക്കാരം രൂപപ്പെടുകയും വേണം. എല്ലാ തൊഴിലിനും അതിന്റേതായ മാഹാത്മ്യമുണ്ടെന്ന് തിരിച്ചറിവ് വേണം.

സ്വാശ്രയത്വമെന്നത് രാജ്യത്തിനും വ്യക്തിക്കും അനിവാര്യമാണ്. മഹാത്മാഗാന്ധിയുടെ 'ഗ്രാമസ്വരാജ്

' സങ്കല്പം ഓർക്കുക. തൊഴിലുമായി ബന്ധപ്പെട്ട മൂല്യങ്ങളും മനോഭാവങ്ങളും പ്രവർത്തനങ്ങളിലൂടെ ആർജിക്കുന്നതാണ് ലക്ഷ്യം വയ്ക്കേണ്ടത്.

സന്തുലിത വ്യക്തിത്വ വികസനവും പ്രവൃത്തി പഠനവും തമ്മിലെന്തു ബന്ധം എന്ന് നോക്കാം. വിദ്യാഭ്യാസത്തിന്റെ തന്നെ ലക്ഷ്യം സന്തുലിത വ്യക്തിത്വവികാസമാണ് എന്നറിയാമല്ലോ. വികാസം സന്തുലിതമാകാൻ 3H പരിഗണിക്കണമെന്ന് പറയാറുണ്ട്. Head, Heart, Hand ഇവയാണ് 3H. ബൗദ്ധിക വികാസം, നൈപുണികളുടെ വികാസം, സാമൂഹിക വൈകാരിക വികാസം ഇവയാണ് 3H കൊണ്ട് സൂചിപ്പിക്കുന്നത്. അറിവുകളും കഴിവുകളും മനോഭാവങ്ങളും തന്നെ. രണ്ടാമത്തെ Hൽ ആസ്വാദനവും കൂടി ഉൾപ്പെടും. ഭിന്നതലബുദ്ധിയുടെ കൂടി അടിസ്ഥാനത്തിൽ സന്തുലിതവികാസം നിങ്ങൾക്കു വിശദീകരിക്കാനാവുമല്ലോ.

നിർമ്മാണപ്രവർത്തനങ്ങളും സേവനപ്രവർത്തനങ്ങളും ബഹുമുഖ ബുദ്ധിവികാസത്തിന് പ്രയോജനകരമാകുന്നതെങ്ങനെയെന്ന് വിശദീകരിക്കാൻ നിങ്ങൾക്കുകഴിയുമെങ്കിലും ഒരു ഉദാഹരണം മാത്രം നൽകാം.

വിദ്യാലയവളപ്പിൽ പച്ചക്കറിക്കൃഷി ചെയ്യുന്ന പ്രോജക്ടിലേർപ്പെടുന്ന കുട്ടികൾക്ക് ഭാഷാപരമായ ബുദ്ധി വികാസത്തിന് പല അവസരങ്ങൾ ലഭിക്കും, ചർച്ചകളും പ്രോജക്ട് പ്രൊപ്പോസലും വിദഗ്ധരുമായി അഭിമുഖവും പുസ്തകവായനയുമൊക്കെ ഭാഷാപരമായ ബുദ്ധിവികാസത്തിന് സഹായിക്കുന്നു. പ്ലോട്ടുതിരിക്കലും അളക്കലും അതിന്റെ അടിസ്ഥാനത്തിലുള്ള പ്ലാനിംഗുമൊക്കെയോ? ഗണിതപരമായ ബുദ്ധിയും സ്ഥലപരമായ ബുദ്ധിയും വികസിക്കുന്നതിന് സഹായിക്കും. വളർന്നു നിൽക്കുന്ന ചെടികളുമായി സല്ലപിക്കുന്നതോ?

'പാടത്തുംകരെ നീളെ നീലനിറമായ് വേലിക്കൊരാഘോഷമായ്
ആടിത്തൂങ്ങിയലഞ്ഞുലഞ്ഞു സുകൃതം കൈക്കൊണ്ടിരിക്കും വിധൗ'

പാവൽ കിടക്കുന്നത് കവിക്കുമാത്രമല്ല കരളിൽ കുളിരേകുക എന്ന് പറയേണ്ടതില്ലല്ലോ. അറിയാതെ ആരും കവിയായിപ്പോകാവുന്ന അനുഭവമാകുമിത്. പ്രകൃതിപരബുദ്ധി ഉറപ്പല്ലേ? കൂട്ടായ്മയും വിളവെടുക്കുമ്പോഴുണ്ടാകുന്ന ആത്മാഭിമാനവുമൊക്കെ വ്യക്ത്യാന്തര ബുദ്ധിയും വികസിപ്പിക്കുമെന്ന് പറയാൻ നിങ്ങൾക്ക് തീർച്ചയായും കഴിയും.

ഇത്തരത്തിൽ ചില പ്രവർത്തനങ്ങൾ എടുത്തുനോക്കൂ. എന്തെടുത്താലും അതിൽ ജ്ഞാനത്തിന്റെയും നൈപുണിയുടെയും ഘടകങ്ങളുണ്ടാവും. വിശകലനം ചെയ്ത് കുറിപ്പുണ്ടാക്കി ക്ലാസ്സിൽ പങ്കുവയ്ക്കാം.

വിവിധ രേഖകൾ പരിശോധിച്ച് പ്രവൃത്തി വിദ്യാഭ്യാസത്തിന്റെ ചരിത്രപരമായ വളർച്ച വിശദീകരിക്കുക.

യൂണിറ്റിൽ ചർച്ച ചെയ്ത കാര്യങ്ങൾ-തിരിഞ്ഞു നോക്കുമ്പോൾ

1. വിദ്യാഭ്യാസ ലക്ഷ്യങ്ങൾ
2. പ്രവൃത്തി വിദ്യാഭ്യാസം ചരിത്രപരമായ വളർച്ച
   - ഗുരുകുല വിദ്യാഭ്യാസം
   - അടിസ്ഥാന വിദ്യാഭ്യാസം
   - വിവിധ കമ്മീഷൻ റിപ്പോർട്ടുകൾ, NCF, KCF
3. പ്രവൃത്തി വിദ്യാഭ്യാസവും ബുദ്ധിവികാസവും
4. പ്രവൃത്തി വിദ്യാഭ്യാസം - സമീപനം

**റഫറൻസ്**

1. NPE 1986, NCF 2005, KCF 2007 പ്രസക്തഭാഗങ്ങൾ
2. NCERT Hand Book (Training Material) For Work Experience.

## പ്രവൃത്തി വിദ്യാഭ്യാസം  ചരിത്രപരമായ വിശകലനം

ശ്രീകൃഷ്ണന്റെയും അദ്ദേഹത്തിന്റെ സതീർഥ്യനായിരുന്ന സുദാമാവിന്റെയും കഥ കേട്ടിട്ടില്ലേ. കാട്ടിൽ വിറകുശേഖരിക്കാൻ പോയപ്പോൾ രാത്രിയായതും കാട്ടിൽ പേടിച്ചരണ്ട് മരത്തിൽ കയറിയിരുന്നതുമായ കഥ. ഗുരുപത്നി അന്വേഷിച്ചു വന്നതും കഥയുടെ തുടർച്ചയാണ്. ഗുരുകുലത്തിൽ താമസിക്കുമ്പോൾ അവിടെയുള്ള ചെറിയ ജോലികൾ വിദ്യാർഥികൾ ചെയ്തിരുന്നുവെന്ന് ഈ കഥയിൽ നിന്നു വ്യക്തമാണല്ലോ. ഇത് പഠന പ്രവർത്തനത്തിന്റെ ഭാഗമായിരുന്നുവെന്നു പറഞ്ഞുകൂടാ. എന്നാൽ ജീവിത നൈപുണിയാർജിക്കുന്നതിന് ഉതകുകയും ചെയ്തിരുന്നു. ജീവിതാവശ്യത്തിനുള്ള ജോലികൾ ചെയ്യാൻ കുട്ടികൾക്ക് അവസരം ഇന്ന് വേണ്ടത്ര ലഭിക്കുന്നുണ്ടോ?

വേലയിൽ വിളയുന്ന വിദ്യാഭ്യാസമാണ് ഗാന്ധിജി വിഭാവനം ചെയ്തത്. ഒരു കൈത്തൊഴിലിനെ കേന്ദ്രമാക്കിയാവണം കുട്ടി തന്റെ വിദ്യാഭ്യാസം നേടേണ്ടത്. അങ്ങനെ ചെയ്യുമ്പോൾ അറിവും കഴിവും തമ്മിലും കൈയും തലയും തമ്മിലും ഉദ്ഗ്രഥനം സാധ്യമാകും. അതു മാത്രമല്ല ഇന്ത്യയെപ്പോലെ ദരിദ്രമായ ഒരു രാജ്യത്ത് ഓരോകുട്ടിക്കും തന്റെ വിദ്യാഭ്യാസച്ചെലവിന്റെ ഒരു ഭാഗമെങ്കിലും കണ്ടെത്താൻ കൈത്തൊഴിലിലൂടെ സാധ്യമാവുകയും ചെയ്യും. തികച്ചും സ്വാശ്രയത്വത്തിലൂന്നിയുള്ള ഗാന്ധിയൻ കാഴ്ചപ്പാട് അദ്ദേഹം വ്യക്തമാക്കുന്നു. കേവലമായ സാക്ഷരതയും വിഷയപഠനങ്ങളും പഠിതാവിനു ഗുണം ചെയ്യില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

"നാം അധ്വാനത്തിന്റെ മാന്യത അൽപ്പം മനസ്സിലാക്കണം. ഒരു ക്ഷുരകനോ ചെരുപ്പുകുത്തിയോ കലാശാലയിൽ പോകുന്നതോടെ അയാൾ ക്ഷുരകന്റെയോ ചെരുപ്പു കുത്തിയുടെയോ പ്രവൃത്തി ഉപേക്ഷിക്കരുത്. ക്ഷുരകന്റെ പ്രവൃത്തി വൈദ്യന്റെ പ്രവൃത്തി പോലെ മാന്യമായതാണെന്ന് ഞാൻ കരുതുന്നു."

അദ്ദേഹം തുടരുന്നു.

"വിദ്യാഭ്യാസം നിർബന്ധിതവും ആഗ്രഹിക്കുന്ന എല്ലാ ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കും ലഭ്യവുമാകണമെങ്കിൽ നമ്മുടെ പള്ളിക്കൂടങ്ങളും കലാശാലകളും സ്വയംപര്യാപ്തമാവണം. വിദ്യാർഥികൾ ചെയ്യുന്ന ആദായകരമായ പ്രവൃത്തികൾ മുഖാന്തിരമാകണം അത്."

**(ഗാന്ധിസാഹിത്യം, വിദ്യാഭ്യാസം)**

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പല സ്ഥലങ്ങളിലും അടിസ്ഥാനവിദ്യാഭ്യാസ പദ്ധതി നടപ്പാക്കാൻ ശ്രമിച്ചെങ്കിലും വ്യക്തമായ ആസൂത്രണത്തിന്റെ അഭാവത്തിൽ അത് പ്രായോഗികമായി പരാജയപ്പെട്ടുപോയി. എന്നാൽ ക്രാഫ്റ്റ് ഒരു വിഷയമായി നമ്മുടെ പാഠ്യപദ്ധതിയിൽ ഇടം പിടിച്ചു. എന്നിരുന്നാലും  ഇതിന്റെ പ്രാധാന്യം സമൂഹവും വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റും ഉൾക്കൊണ്ടില്ല.

ഇന്ത്യയിലെ വിദ്യാഭ്യാസചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് 1964-66. കാലത്ത് പ്രവർത്തിച്ച കോത്താരികമ്മീഷനും അതിനെത്തുടർന്നുണ്ടായ 1968 ലെ ഒന്നാമത്തെ ദേശീയ വിദ്യാഭ്യാസനയ പ്രഖ്യാപനവും. പൊതുവിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമാവണം പ്രവൃത്തി പരിചയവിദ്യാഭ്യാസം. വീട്, തൊഴിൽശാല, കൃഷിസ്ഥലം, വ്യവസായശാല എന്നിവിടങ്ങളിൽ ഉൽപ്പാദനപരമായ പ്രവർത്തനങ്ങളിലേർപ്പെടുന്നതിനെ പ്രവൃത്തി പരിചയമെന്നു പറയാം. ഉൽപ്പാദനപരമായ തൊഴിൽ മാത്രമല്ല സേവനത്തെയും പ്രവൃത്തി പരിചയമായി കണക്കാക്കാം. എന്ന് കോത്താരിക്കമ്മീഷൻ വ്യക്തമാക്കുന്നുണ്ട്.

NCERT 1977-ൽ ദേശീയ പാഠ്യപദ്ധതി തയാറാക്കിയപ്പോൾ പ്രവൃത്തിപഠനം എല്ലാക്ലാസ്സുകളിലും ഒരു വിഷയമായിത്തന്നെ ഉൾപ്പെടുത്തി. തുടർന്ന് ഈശ്വർഭായ് പട്ടേൽ കമ്മറ്റി ഇതു പരിഷ്ക്കരിച്ച് SUPW (Socially Useful Productive Work) സാമൂഹികാവശ്യങ്ങൾക്കുള്ള ഉൽപ്പന്നങ്ങളുടേ നിർമ്മാണം എന്ന പേരിൽ സ്കൂളുകളിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു. അത് വിദ്യാലയങ്ങളിൽ നടന്നുവരുകയും ചെയ്തു.

രണ്ടാം ദേശീയ വിദ്യാഭ്യാസനയം (New Education Policy) 1986 – ൽ നിലവിൽ വന്നപ്പോൾ പ്രവൃത്തി പരിചയമെന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. ദേശീയ വിദ്യാഭ്യാസ നയം പ്രവൃത്തിപരിചയത്തെ നിർവചിച്ചിരിക്കുന്ന കാര്യം ഒന്നാമധ്യായത്തിൽ നൽകിയിട്ടുണ്ടല്ലോ. വിദ്യാഭ്യാസം നേടുന്നതിലൂടെ വ്യക്തിയും സമൂഹവും രാഷ്ട്രവും സ്വാശ്രയത്വം നേടണമെന്ന് ലക്ഷ്യം വയ്ക്കുന്ന നയരേഖ പ്രവൃത്തി പഠനത്തിന് വലിയ പ്രാധാന്യം നൽകുകയുണ്ടായി.

രണ്ടായിരത്തിയഞ്ചിലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (National Curriculum frame work 2005) താഴെപ്പറയും പ്രകാരമാണ്. ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നത്; "ഏതെങ്കിലും സാധനം ഉൽപ്പാദിപ്പിക്കുകയോ സമൂഹത്തിന്റെ നിലനിൽപ്പിനുവേണ്ടി എന്തെങ്കിലും ചെയ്യുകയോവഴി പ്രവൃത്തിപഠനം സമൂഹത്തിന് ചിലത് സംഭാവന ചെയ്യുന്നു. ആസ്വാദനത്തിന്റെയും ആനന്ദത്തിന്റെയും ഒരു തലം കൂടി പ്രവൃത്തി വിദ്യാഭ്യാസത്തിൽ ഉൾച്ചേർന്നിരിക്കുന്നു. അതുകൊണ്ട് തൊഴിൽ എല്ലാ അർഥത്തിലും മാനവജീവിതത്തെ സമ്പന്നമാക്കുന്നു.'' കേരളപാഠ്യപദ്ധതി ചട്ടക്കൂട് 2007 ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ ജന്മാവകാശമായി പ്രഖ്യാപിക്കുന്ന രേഖകൂടിയാണ്. ഈ പാഠ്യപദ്ധതി ചട്ടക്കൂടിൽ തൊഴിൽ പഠനത്തിന് അതിപ്രധാനമായ സ്ഥാനം നൽകിയിട്ടുണ്ട്. തൊഴിൽ പരിചയം പഠനപ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമായിത്തീരണം. പ്രായോഗികജ്ഞാനവും കരവിരുതും ലഭിക്കുന്നതിനുള്ള പരിപാടികളുണ്ടാകണം. കേരളത്തിന്റെ വികസനാവശ്യങ്ങൾക്കുള്ള മാനവശേഷിയുടെ ഉൽപ്പാദന കേന്ദ്രങ്ങളായി വിദ്യാലയങ്ങൾ മാറണം. വയലേലകൾക്കും പണിശാലകൾക്കും കൂടി പ്രയോജനകരമായ രീതിയിൽ പൊതുവിദ്യാഭ്യാസത്തിൽ മാറ്റമുണ്ടാകണം. പഠിതാവിന്ആത്മാവിശ്വാസവും, തൊഴിൽപരിചയവും സ്വയംപര്യാപ്തതയും നേടിയെടുക്കാൻ സഹായകമാകുന്ന വിധത്തിലുള്ള പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതിയാണ് KCF വിഭാവനം ചെയ്തത്.

"കേരള വിദ്യാഭ്യാസ നയരേഖ 2013" ഉം പ്രവൃത്തിപഠനം പ്രാധാന്യത്തോടെ തന്നെയാണ് പരിഗണിച്ചത്.

**NSQF (National Skill Qualification Framework).**

പൊതുവിദ്യാഭ്യാസവും തൊഴിൽവിദ്യാഭ്യാസം തികച്ചും വേറിട്ടുനിൽക്കുന്ന അവസ്ഥയാണിപ്പോഴും എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ്. 'നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്' (NSQF) എന്ന നൈപുണി വിദ്യാഭ്യാസപരിപാടിക്കു തുടക്കം കുറിക്കുന്നത്. ഇതുവഴി സെക്കണ്ടറി ഘട്ടത്തിലെ വിദ്യാഭ്യാസത്തെ തൊഴിൽ നൈപുണിയുമായി ബന്ധിപ്പിക്കുന്നു. ഇതിനാവശ്യമായ നയപരമായ തീരുമാനമായിട്ടുണ്ട്.

ഭിന്നതലബുദ്ധി (Multiple Intelligence Theory) സംബന്ധിച്ച കാഴ്ചപ്പാട് പ്രവൃത്തി പഠനത്തിന് മറ്റൊരുമാനം കൂടി നൽകുന്നുണ്ട്. സമഗ്രവികാസം എന്നത് ബുദ്ധിയുടെ ബഹുമുഖങ്ങളുടെ വികാസമായി പരിഗണിക്കുകയാണെങ്കിൽ അതിന് ധാരാളം അനുഭവം പ്രദാനം ചെയ്യാൻ പ്രവൃത്തി പഠനം ഉതകുന്നതാണ്.

ഒരു കാലഘട്ടത്തിൽ പ്രവൃത്തി പഠനം തന്നെ വിദ്യാഭ്യാസം എന്ന അവസ്ഥയിൽ നിന്ന് പ്രവൃത്തി രഹിതമായ അവസ്ഥയിലേക്ക് പോയ വിദ്യാഭ്യാസം ഇന്ന് പ്രവൃത്ത്യാധിഷ്ഠിതമാകുന്നതിന് അനുകൂലമായ നിരവധി ഘടകങ്ങൾ ഉണ്ട് എന്നു വ്യക്തമാണല്ലോ.

ചുരുക്കത്തിൽ വളരെ വ്യക്തമായ കാഴ്ചപ്പാടോടും ദീർഘവീക്ഷണത്തോടും കൂടിയാണ് പ്രവൃത്തിവിദ്യാഭ്യാസം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കിയിട്ടുള്ളത്. എന്നാൽ പലകാരണങ്ങളാൽ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല. എന്തൊക്കെയാണ് കാരണങ്ങൾ, എങ്ങനെ ഈ കാരണങ്ങളെ അതിജീവിക്കാം തുടങ്ങിയ ചോദ്യങ്ങൾ വിദഗ്ധരുമായുള്ള അഭിമുഖങ്ങളിലൂടെ കൂടുതൽ വിവരശേഖരണം നടത്തി വിശദമായ ചർച്ച സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുക.

- കായികാധ്വാനത്തോടു നമ്മുടെ സമൂഹത്തിനുള്ള മനോഭാവം
- പാഠ്യപദ്ധതിയുടെ അമിതഭാരം
- പരീക്ഷാരീതി
- സർക്കാരിനും വിദ്യാഭ്യാസാധികൃതർക്കും ആശയ രൂപീകരണത്തിലുള്ള പ്രശ്നങ്ങൾ
- പലവികസിതരാജ്യങ്ങളിലും സെക്കണ്ടറിഘട്ടത്തിൽ നൈപുണീപരമായ വിഷയങ്ങൾ തിരഞ്ഞെടുത്തു പഠിക്കാൻ അവസരമുണ്ട്. ചില വിഷയങ്ങൾ പഠിച്ചേമതിയാകൂ എന്ന വ്യവസ്ഥയുണ്ട്. ഇതൊന്നും ഇവിടെയിനിയും പ്രായോഗികമായിട്ടില്ല. എന്നാൽ NSQF പുതിയ സാധ്യതകൾ തുറന്നേക്കും.

'പ്രവൃത്തിപഠനം വ്യക്തിക്കും സമൂഹത്തിനും' എന്ന വിഷയത്തെ ആധാരമാക്കി സമഗ്രമായ ഒരു ലേഖനം തയാറാക്കാമല്ലോ.

ഗാന്ധിജിയുടെ വിദ്യാഭ്യാസ കാഴ്ചപ്പാട്. ഗാന്ധി സാഹിത്യം, വിദ്യാഭ്യാസം എന്ന പുസ്തകത്തെ ആധാരമാക്കി വിശദീകരിക്കുക.

**റഫറൻസ്**

(1) ഗാന്ധിസാഹിത്യം, വിദ്യാഭ്യാസം (മാതൃഭൂമി പ്രസിദ്ധീകരണം)

(2) NSQF Notification 2013 (Ministry of Finance)

## പ്രവൃത്തി വിദ്യാഭ്യാസം പഠനസമീപനം

കേരളത്തിലെ പാഠ്യപദ്ധതിയിൽ ഇതര വിഷയസമീപനത്തോട് പൊരുത്തപ്പെടുന്ന രീതിശാസ്ത്രം തന്നെയാണ് പ്രവൃത്തി വിദ്യാഭ്യാസത്തിനും എന്നു പറയാം. അധ്യാപകവിദ്യാർഥി ഈ സമീപനം സ്വാംശീകരിച്ചുകൊണ്ടാവണം പാഠ്യപദ്ധതി വിനിമയം ചെയ്യേണ്ടത്. അതിനാൽ അക്കാര്യം സൂക്ഷ്മമായി പരിശോധിക്കാം. സർഗാത്മകതയ്ക്ക് ഇടമുള്ളതും ഉൽപ്പന്നനിർമ്മാണത്തിലോ സേവനത്തിലോ എത്തിച്ചേരുന്നതുമാകണം പ്രവൃത്തി എന്ന കാര്യം കൂടി മനസ്സിൽ വച്ചോളൂ.

ആറാം ക്ലാസ്സിലെയോ ഏഴാം ക്ലാസ്സിലെയോ കുട്ടികൾ ഗ്രീറ്റിംഗ് കാർഡുണ്ടാക്കുന്ന പ്രവർത്തനം ചെയ്യുന്നത് ആലോചിച്ചു നോക്കൂ. ചെലവു കുറഞ്ഞതും പെട്ടെന്നു ലഭ്യമാകുന്നതുമായ വസ്തുക്കൾ ഉപയോഗിക്കുകയാണ് വേണ്ടതെന്ന കാര്യം മറക്കരുത്.

ക്ലാസ്സ് തുടക്കമെങ്ങനെ? വിശേഷാവസരത്തിൽ കാർഡയയ്ക്കുന്ന കാര്യം അനുസ്മരിച്ചും സ്വന്തമായുണ്ടാക്കുന്ന കാർഡായാൽ അതുണ്ടാക്കാവുന്ന ആനന്ദം ചർച്ചയിലൂടെ ബോധ്യപ്പെടുത്തിയും ക്ലാസ് തുടങ്ങാമല്ലോ. കിട്ടിയിട്ടുള്ള കാർഡുകൾ, അതുണ്ടാക്കിയ സന്തോഷം ഇവയൊക്കെ കുട്ടികൾ വാചാലമായി അവതരിപ്പിക്കില്ലേ. ഉല്പന്നമുണ്ടാക്കാനുള്ള വിഭവങ്ങൾ സംബന്ധിച്ചും ചർച്ചയുണ്ടാകണം. മനോഹരമായ ഒരു ചിത്രം ഒട്ടിച്ചുവച്ചാകാം കാർഡ് മോടിപിടിപ്പിക്കാൻ. ഇലയോ മറ്റോ നേരിട്ട് ഉപയോഗിക്കാനുള്ള സാധ്യതയില്ലേ? ലീഫ്പ്രിന്റ് / മാർബിൾപ്രിന്റ് / നൂലുപയോഗിച്ചുള്ള ചിത്രം / ഡിസൈൻ, . . . . . . ? എന്നിങ്ങനെ എത്രയെത്ര സാധ്യതകളാണുള്ളത്.

കാർഡിന്റെ വലുപ്പം, എത്രമടക്ക്, etc യും ആലോചിക്കേണ്ടതില്ലേ?

കാർഡിൽ മനസ്സിൽ പതിയുന്ന ആശംസാവാക്യം വേണ്ടേ?

ഇതൊക്കെ ചെയ്യാൻ കാർഡു വേണം, അതിന് കവറുണ്ടാകണം. ഈ പ്രവർത്തനം രണ്ടു പീരീഡു കൊണ്ടു പൂർത്തിയാക്കാൻ കഴിഞ്ഞേക്കും.

ആസൂത്രിതമായി കാര്യങ്ങൾ ചെയ്യുമ്പോൾ അതിൽ ജ്ഞാനാർജനവും നൈപുണീ വികസനവും ആസ്വാദനവും ഉണ്ടാകും. ജീവിതസന്ദർഭത്തിലേക്ക് പ്രയോജനകരമാവുകയും ചെയ്യും.

ഇനി മറ്റൊരു പ്രവർത്തനം നോക്കാം.

രണ്ടാം ക്ലാസ്സിലെ കുട്ടികൾ ഓലക്കാലുപയോഗിച്ച് കളിപ്പാട്ടങ്ങൾ ഉണ്ടാക്കുന്നത് ഭാവനയിൽ കാണുക. ഈർക്കിൽ കൊണ്ട് കണ്ണട. ഓലക്കാൽ കൊണ്ട് വാച്ച്. ഓലക്കാൽ മെടഞ്ഞ് പന്ത്. ഓലപ്പാമ്പ്, വണ്ടുമൂളി, etc ഒരു പ്രവർത്തനത്തിലേർപ്പെടണമെങ്കിൽ അതിന്റെ ആവശ്യകത കുട്ടിക്കുണ്ടാവണം.

എളുപ്പം കിട്ടാവുന്ന വിഭവങ്ങളാണെങ്കിൽ നന്നായിരിക്കും. ചെലവ് അധികമായാൽ നടപ്പാക്കാൻ പ്രയാസമുണ്ടാകും. ഒരു പ്രവർത്തനം ഇതരവിഷയ പഠനസാധ്യത തുറന്നു തരുന്നതായാൽ കൂടുതൽ നന്നാവും. ഇവിടെ സൂചിപ്പിച്ച രണ്ടു പ്രവർത്തനങ്ങൾ വച്ചുകൊണ്ട് പഠന സമീപനം വിശദീകരിക്കാൻ നിങ്ങൾക്കു തന്നെ കഴിയുമല്ലോ. അതിങ്ങനെ സംഗ്രഹിക്കാം.

- അനുഭവാധിഷ്ഠിതം
- ആവശ്യാധിഷ്ഠിതം
- പ്രക്രിയാബന്ധിതം
- പരിസരബന്ധിതം
- ഉദ്ഗ്രഥിതം
- സർഗാത്മകം
- ഉൽപ്പാദനപരം
- ബഹുമുഖബുദ്ധി വികാസം പരിഗണിക്കുന്നത്.

ഈ സവിശേഷതകൾ ഓരോന്നും മേൽപറഞ്ഞ പ്രവർത്തനങ്ങളെക്കൂടി പരിഗണിച്ചു കൊണ്ടു വിശദീകരിക്കുകയാണു വേണ്ടത്.

പ്രവർത്തനം സ്വന്തമായി ചെയ്യാൻ വേണ്ട അനുഭവം കുട്ടിക്കുണ്ടാവണം. മുന്നനുഭവങ്ങൾ വിശകലനം ചെയ്തും പുതിയ പ്രവർത്തനങ്ങൾ നിരീക്ഷിച്ചും ആത്മവിശ്വാസത്തോടെ മുന്നോട്ടു പോകാൻ കഴിയണം. അതിനവസരമൊരുക്കലാണ് ടീച്ചറിന്റെ ദൗത്യം. പ്രവർത്തനം ചെയ്യേണ്ട ആവശ്യം കുട്ടിയുടെയോ അതോ ടീച്ചറിന്റെയോ? ആവശ്യകതാ ബോധം സൃഷ്ടിക്കാതെ പ്രവർത്തനത്തിലേർപ്പെടുമ്പോൾ കുട്ടികൾ അതിൽ ഉത്സുകരാവില്ല എന്ന് അധ്യാപകർ ബോധ്യപ്പെടുക തന്നെ വേണം.

മറ്റെല്ലാവിഷയങ്ങൾക്കുമെന്ന പോലെ പ്രക്രിയാ ബന്ധിതമായ സമീപനം വേണം പ്രവൃത്തി പഠനത്തിലും സ്വീകരിക്കാൻ. കുട്ടിയുടെ മാനസികപ്രക്രിയയും ക്ലാസ്സ് മുറിയിലെ പ്രക്രിയയും ഇവിടെ വിവക്ഷിച്ചിട്ടുണ്ട്. ആവശ്യകതാബോധം ജനിപ്പിച്ച് മുന്നനുഭവങ്ങൾ ഓർമ്മിപ്പിച്ചും അത് വിശകലനം ചെയ്തുമാണ് പ്രവർത്തനം തുടങ്ങുന്നത്. ക്ലാസ്സിലെ ചർച്ചകളിലൂടെ ആശയങ്ങൾ ഉരുത്തിരിയും. വിഭവങ്ങൾ, പ്രവർത്തനഘട്ടങ്ങൾ, ഉപകരണങ്ങൾ കൈകാര്യം ചെയ്യുമ്പോൾ എടുക്കേണ്ട കരുതലുകൾ, ഇതൊക്കെ ഇങ്ങനെ വ്യക്തമാകും. ഗ്രീറ്റിംഗ് കാർഡയയ്ക്കേണ്ട ഒരു സന്ദർഭത്തിലാണ് നമ്മൾ പ്രവർത്തനത്തിലേക്ക് കുട്ടിയെ നയിക്കുന്നതെങ്കിൽ ആവശ്യകത ഉറപ്പാണ്. അതിൽ തുടങ്ങി ഉൽപ്പന്നമുണ്ടാകുന്നതുവരെ നടക്കുന്ന, നടക്കേണ്ട ക്ലാസ്സ് മുറിയിലെ പ്രക്രിയയാണ് ടീച്ചർ ആസൂത്രണം ചെയ്യുന്നത്. ഉൽപ്പന്നമുണ്ടാക്കുക മാത്രമല്ല ആ പ്രക്രിയയിലൂടെ കടന്നു പോവുക എന്നതാണ് കൂടുതൽ പ്രസക്തമായ കാര്യം. ഇതാണ് പ്രക്രിയാബന്ധിത സമീപനത്തിന്റെ കാതൽ.

പ്രവൃത്തിപഠനത്തെ സംബന്ധിച്ച് അസംസ്കൃത വസ്തുതകൾ പരിസരത്തുനിന്നു ലഭ്യമാകുന്നത്, ചെലവുകുറഞ്ഞത് എന്നിങ്ങനെയുള്ള കാര്യങ്ങൾ പരിഗണിക്കണം. പാഴ്‌വസ്തുക്കൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം; പരിസ്ഥിതി സൗഹൃദപരമായിരിക്കണം പ്രവർത്തനം. 'പരിസരബന്ധിതസമീപനം' എന്നതിലൂടെ ഇതാണ് സൂചിപ്പിക്കുന്നത്. ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുകയും വിഭവലഭ്യത (മാനവികവിഭവവും അസംസ്കൃത വസ്തുക്കളും) പരിഗണിക്കുകയും വേണം.

വിവിധവിഷയപഠനങ്ങളോടു സമന്വയിപ്പിക്കാനുള്ള സാധ്യതയുള്ളപ്പോഴെല്ലാം അതിന് സവിശേഷമായ പരിഗണന നൽകണം. ജ്ഞാനാർജനവും നൈപുണി വികസനവും തുല്യപ്രാധാന്യത്തോടെ കാണണമെന്ന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. വൈവിധ്യമാർന്ന ശേഷികളുടെ വികസനത്തിന് അവസരമൊരുക്കിവേണം പ്രവർത്തന നിർവഹണം. ഇത്തരത്തിൽ ആന്തരികവും ബാഹ്യവുമായ ഉദ്ഗ്രഥനം സാധ്യമാക്കാനാണ് അധ്യാപിക ശ്രദ്ധിക്കേണ്ടത്.

കേവലമായ അനുകരണങ്ങളല്ല പ്രവൃത്തി പഠനം ലക്ഷ്യം വയ്ക്കുന്നത്. ഓരോ പ്രവർത്തനത്തിലും നൂതനത്വവും തനിമയും ഉണ്ടാക്കുന്നതിനെ പ്രോത്സാഹിപ്പിക്കണം. പ്രവർത്തനം യാന്ത്രികമാകുമ്പോൾ ആസ്വാദനമുണ്ടാകില്ല. ഏർപ്പെടുന്ന ജോലിയിൽ തന്റേതായ അംശം കലർത്താൻ കഴിയുമ്പോഴാണ് അത് സർഗാത്മകമാവുക. അത്തരം പ്രവർത്തനം കുട്ടിക്ക് ആനന്ദകരമായ അനുഭവമായിരിക്കും.

പ്രവൃത്തിയിലൂടെ ഉൽപ്പന്നമോ സേവനമോ ലഭിക്കണമെന്ന കാഴ്ചപ്പാടുതന്നെയാണ് ഉൽപ്പാദനപരം എന്നതിന്റെ അർഥം. പ്രവർത്തനം രാജ്യത്തിനും തനിക്കും സമൂഹത്തിനും പ്രയോജനപ്പെടുന്ന താവണമെന്നു സാരം. പുതിയ കണ്ടെത്തലുകൾ, നൂതന സംരംഭങ്ങൾ ഇവ പ്രോത്സാഹിപ്പിക്കപ്പെടുക എന്നതും ഇതോടു ചേർത്തു കാണണം.

ബഹുമുഖബുദ്ധിവികാസം പഠനപ്രക്രിയയിലുടനീളം പരിഗണിക്കപ്പെടണമെന്നു പഠിച്ചിട്ടുണ്ടല്ലോ. സാധ്യമാകുന്ന സന്ദർഭങ്ങളിലൊക്കെ ഇതു മനസ്സിൽ വച്ചു കൊണ്ട് അനുഭവങ്ങളൊരുക്കാൻ ടീച്ചർ ശ്രദ്ധിക്കണം. വിഷ്വൽ - സ്പേഷ്യൽ ബുദ്ധിയും യുക്തി ചിന്താപരമായ ബുദ്ധിയുമൊക്കെ ഫലപ്രദമായി ഉപയോഗിക്കുമ്പോഴാണ് ഉൽപ്പന്നങ്ങൾ അനുപാതം പാലിക്കുന്നതും സൗന്ദര്യമുള്ളതുമാകുന്നത്. ഗ്രീറ്റിംഗ് കാർഡുണ്ടാക്കുമ്പോൾ വാങ്ങിയ കാർഡിൽ നിന്ന് നഷ്ടം വരാതെ പരമാവധി കഷണങ്ങൾ മുറിച്ചെടുക്കുന്നത് പ്രോത്സാഹിപ്പിക്കണം. പലതരത്തിൽ പരിശോധിച്ചാലാണ് അനുയോജ്യമായ വഴി തെളിയുക. ഇത് ടീച്ചർ തന്നെ പറഞ്ഞുകൊടുത്താൽ കുട്ടിയുടെ ബുദ്ധി വികസിക്കുമോ? കൂട്ടുചേർന്നുള്ളപ്രവർത്തനങ്ങൾ, വിഭവങ്ങളുടെ പങ്കുവയ്ക്കൽ, യുക്തിസഹവും കാര്യക്ഷമവുമായ ഉപയോഗം ഇവയൊക്കെ നിഷ്കർഷിക്കുകയാണെങ്കിൽ വ്യക്ത്യാന്തരബുദ്ധിയിൽ മികവുള്ളവരായി വിദ്യാർഥികൾ വളരുമല്ലോ. സ്വയം വിലയിരുത്തലിനും പരസ്പരം വിലയിരുത്തലിനുമുള്ള സാധ്യതയും പ്രാധാന്യവും ഓർക്കുക. പ്രകൃതിയുമായി ഇടപെടാനവസരമില്ലാത്തതുകൊണ്ട് ചില വ്യക്തിത്വവൈകല്യങ്ങൾ പോലും വരുന്നതായി സമീപകാല പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. പ്രകൃതിയുമായി ഇടപെടാനുള്ള ധാരാളം അവസരമൊരുക്കി പ്രകൃതിപരബുദ്ധിവികാസവും സാധ്യമാക്കാമെന്ന് വ്യക്തമല്ലേ. മറ്റുകാര്യങ്ങൾ നിങ്ങൾ തന്നെ ആലോചിക്കൂ.

NCF, KCF എന്നിവയെ ആധാരമാക്കി പ്രവൃത്തി പഠന സമീപനം കുറിപ്പ് തയാറാക്കുക.

**Reference**

പ്രവൃത്തി പരിചയ പഠനം - Hand Book (LP, UP, HS) SCERT കേരള.

## യൂണിറ്റ് - 3

# പ്രവൃത്തി വിദ്യാഭ്യാസത്തിലെ വിഷയമേഖലകൾ

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (NCF 2005), കേരള പാഠ്യപദ്ധതി സമീപനരേഖ എന്നിവയിൽ പ്രവൃത്തി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ക്ലാസ് മുറികളിൽ വേണ്ടത്ര ഊന്നൽ നൽകാൻ കഴിഞ്ഞിട്ടില്ല. സ്കൂൾ പാഠ്യപദ്ധതിയിൽ ഇതര വിഷയങ്ങളുടെ വിനിമയത്തോടൊപ്പം പ്രവൃത്തി വിദ്യാഭ്യാസത്തിലെ വിവിധ മേഖലകളെയും ബന്ധിപ്പിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ പ്രവൃത്തി വിദ്യാഭ്യാസത്തോട് കുട്ടികളിൽ ആഭിമുഖ്യം വളർത്താൻ സാധിക്കൂ. NCERT 1981 ൽ ഇറക്കിയ ഗൈഡ് ലൈനിൽ പ്രവൃത്തി വിദ്യാഭ്യാസത്തിന്റെ 6 മേഖലകളെ പറ്റി വ്യക്തമായി പരാമർശിക്കുന്നുണ്ട്. വിഷയാടിസ്ഥാനത്തിലുള്ള ക്ലാസ്റൂം പ്രവർത്തനങ്ങളെ ഈ മേഖലയുമായി ബന്ധപ്പിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ അധ്യാപക വിദ്യാർഥിക്ക് കഴിയേണ്ടതുണ്ട്.

**പ്രവൃത്തി വിദ്യാഭ്യാസ മേഖലകൾ**

പ്രവൃത്തി അഥവാ തൊഴിൽ മനുഷ്യരുടെ അടിസ്ഥാനജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനോടൊപ്പം ജീവിതത്തെ സന്തുഷ്ടവും ആസ്വാദ്യവുമാക്കുന്നതിനോ ലക്ഷ്യം വച്ചുള്ളതാണ്. നമ്മുടെ ചുറ്റുപാടുമുള്ള ഏതു പ്രവൃത്തിയെ പരിശോധിച്ചാലും ഇതു വ്യക്തമാകുന്നതാണ്. ദേശീയതലത്തിൽ വിഷയമേഖലകൾ തിരഞ്ഞെടുക്കുമ്പോൾ അടിസ്ഥാനാവശ്യങ്ങൾക്കു മുൻഗണനനൽകിയിട്ടുണ്ട്. എന്നാൽ അതുമാത്രമായി പരിമിതപ്പെടുത്തിയിട്ടുമില്ല. വളരെ അയവുള്ള സമീപനമാകണം പാഠ്യപദ്ധതി ഉള്ളടക്കത്തിന്റെ തിരഞ്ഞെടുപ്പിൽ വേണ്ടതെന്നാണ് NCERT രേഖ പറയുന്നത്.

"The Content of Work Experience Programme is to be based on the needs of the child on the one hand, and the resources available in the community and the facilities available in the school on the other."

Work Experience in School Education – Guide lines NCERT, New Delhi 1987.

നിങ്ങളുടെ ചുറ്റുപാടുമുള്ള തൊഴിലുകൾ ലിസ്റ്റു ചെയ്യൂ. അവയെ മേൽപറഞ്ഞ അടിസ്ഥാന ജീവിതാവശ്യങ്ങൾ, വിനോദപരമായ ആവശ്യങ്ങൾ, സാമൂഹികാവശ്യങ്ങൾ എന്ന രീതിയിൽ കണ്ടുകൊണ്ട് വ്യത്യസ്തമായ രീതിയിൽ വർഗീകരിക്കാൻ ശ്രമിക്കൂ.

വർഗീകരിക്കുമ്പോൾ ആഹാരം, പാർപ്പിടം, വസ്ത്രം, ആരോഗ്യരക്ഷ, വിനോദം, സാമൂഹ്യസേവനം എന്നിങ്ങനെ ലഭിച്ചില്ലേ. ഇതേരീതിയിൽ തന്നെയാണ് ദേശീയമായും മേഖലകൾ നിർണയിച്ചിട്ടുള്ളത്. കേരള പാഠ്യപദ്ധതിയിലും ഇതുതന്നെ സൂചിപ്പിക്കുന്നു. അവ താഴെ പറയുന്നു.

- ആഹാരവും കൃഷിയും (Food and Agriculture)
- ആരോഗ്യവും ആരോഗ്യപരിപാലനവും (Health and Hygiene)
- വസ്ത്രധാരണം (Clothing)
- പാർപ്പിടം (Shelter)
- വിനോദം (Recreation)
- സേവനം; ഉപയോഗ യോഗ്യമായ വസ്തുക്കളുടെ നിർമ്മാണം (Social Service and Productive Work).

**NCERT 1987 – ൽ ഇറക്കിയ ഗൈഡ് ലൈനിൽ ഇങ്ങനെ പറയുന്നു :**

The Work Experience programme cetnres around six areas of human needs, namely, food, health and hygiene, clothing, shelter, Culture and recreation and social service. "A balanced selection of activities in each of these areas may be made according to the educational potential of each activtiy and the facilities – materials tools, space, teacher expertise etc and the time available for it."

**കേരളത്തിലെ Work Education പാഠ്യപദ്ധതി മേഖലകളിലേക്ക് പ്രവർത്തനങ്ങളെ പട്ടികയാക്കാം.**

സ്കൂൾ കുട്ടികൾക്ക് ചെയ്യാൻ കഴിയുന്നതും സമീപനത്തിന് ഇണങ്ങുന്നതുമായ പ്രവർത്തനങ്ങളായിരിക്കണം പട്ടികയിൽ വരേണ്ടത്. ആദ്യം പട്ടികയാക്കുകയും നിലവാരമനുസരിച്ച് ക്രമീകരിച്ച് കള്ളികളിൽ ചേർക്കുകയും ചെയ്യുന്നതാവില്ലേ ഉചിതം? ടീച്ചറുമായി ആലോചിച്ച് അന്തിമരൂപമാക്കാം. ഒരു പ്രവർത്തനം ചിലപ്പോൾ ഒന്നിലധികം മേഖലകളോടുബന്ധപ്പെട്ടതായിരിക്കാം. അപ്പോൾ ഏതു മുഖ്യം എന്ന് തീരുമാനിക്കണം.

**പ്രവൃത്തിപഠനം : മേഖലകൾ തിരിച്ചുള്ള പട്ടികപ്പെടുത്തൽ**

**ക്ലാസ് :** ........................ **വിഷയം :** ............................... **യൂണിറ്റ് :** ..................

| വിനോദം | പാർപ്പിടം | വസ്ത്രധാരണം | ആരോഗ്യവും ആരോഗ്യ പരിപാലനവും | ആഹാരവും കൃഷിയും | സേവനം, ഉപയോഗയോഗ്യമായ വസ്തുക്കളുടെ നിർമ്മാണം |
|---|---|---|---|---|---|
| | | | | | |

യൂണിറ്റ് വിശകലനം ചെയ്ത് ആറ് മേഖലയുടെ അടിസ്ഥാനത്തിൽ പട്ടിക തയാറാക്കുക.

പ്രവൃത്തി പഠന പ്രവർത്തനങ്ങൾ അതതു മേഖലയിൽ എന്ന് നിർണയിച്ചതിന്റെ യുക്തി വിശകലനം ചെയ്ത് കുറിപ്പ് താറാക്കുക.

## Reference

പ്രവൃത്തി പഠനം Souse book ( LP, UP, HS) SCERT KERALA